MALAYALANADU WEEKLY, QUILON, JULY 15, 1978
Phones: 2825, 3362

മലയാളനാട് വാരിക

പത്രാധിപർ:
എസ്. കെ. നായർ

മാന്ത്രയുടെ താളങ്ങളിൽ —ജി 20
പ്രേമകവികളുടെ രാജകുമാരൻ
—എം. ഷണ്മുഖദാസ് 33
കവിത
ആയുശ്ചരിതം —സേതുനാഥ് 28
ഏതന്ന തേടുന്നവർക്ക്
—ജയകുമാർ 48
കഥ
അന്യർ —ഏ. ഡി. രാജൻ 14
മേരി, ശാരി, രാജേശ്വരി
—പി. സുബ്രഹ്മണ്യപിള്ള 30
തടാകക്കരയിലെ വൃദ്ധൻ
—മണി 36
കഷ്ടാനം —സുകുമാർ 54
നോവൽ
അഴിയറവ് —കാക്കനാടൻ 18
കയറ് —തകഴി 25
പ്രിയേ, മാപ്പുതരൂ
—സാറാതോമസ് 40
പംക്തികൾ
വായനക്കാരുടെ കത്തുകൾ 2
ഗ്രന്ഥനിരൂപണം
—പോഞ്ഞിക്കരാഫി 46
ഐതിഹ്യരേഖകൾ —മാലി 57
സിനിമ —മംഗലശ്ശേരി 61
മുഖചിത്രം: ഫോട്ടോ:
—നാഗരാജൻ

താളുകൾ മറിക്കുമ്പോൾ

മുഖപ്രസംഗം
സായിബാബ ഒരു തട്ടിപ്പുകാരൻ
—പ്രൊ: ഏ. ടി. കോവൂർ 4

പുസ്തകം അഞ്ചു് വിലക്കം അഞ്ചു് 1148 മിഥുനം 31

വായനക്കാരുടെ

കത്തുകൾ

ബാബയെ മനസ്സിലാക്കുക

അവതാരപുരുഷനായ ഭഗവാൻ ശ്രീ. സത്യസായിബാബയെപ്പററി വെറും അജ്ഞരായ മനുഷ്യർ ചർച്ചചെയ്യാൻ ഒരുമ്പെട്ടതു് വിഡ്ഢിത്തമല്ലാതെ എന്തുപറയാനാണ്. എന്താണു ഇവർ ചർച്ചചെയ്യുന്നതു്? ബാബയുടെ രൂപമോ, വസ്ത്രമോ, വേഷവിധാനങ്ങളോ? ബാബയെപ്പററി ഇവർക്കെന്തറിയാം? സൂര്യനെ നോക്കി നായ കുരച്ചതുകൊണ്ടു് എന്തു പ്രയോജനം. ബാബയെപ്പററി മനസ്സിലാക്കാൻ സാധിച്ചിട്ടില്ലാത്ത കുറെ മനുഷ്യരെ തെററിദ്ധരിപ്പിക്കാൻ സാധിച്ചു എന്നു മാത്രം മലയാളനാട്ടിലെ വിമർശകർക്കു അവകാശപ്പെടാം. അതിൽക്കവിഞ്ഞു് ഒന്നും സംഭവിക്കില്ല. സ്വകുമാറിനെപ്പോലെയുള്ള മാനുഷന്മാർ പരിഹാസ്യവും വിലകുറഞ്ഞതുമായ ലേഖനംകൊണ്ടു് സത്യസായിബാബയെ വിമർശിച്ചതു കഷ്ടമാണ്. യാഥാർത്ഥ്യങ്ങൾ മുഴുവൻ മനസ്സിലാക്കിക്കൊണ്ടു വിമർശിക്കാം. കേട്ടുകേൾവികൾ വിശ്വസിക്കരുതു്. ബാബയുടെ ശരീരാകൃതിയല്ല അദ്ദേഹത്തിന്റെ മാഹാത്മ്യം. ഭഗവാൻ സത്യസായിബാബയെപ്പററി പരിപൂർണ്ണമായി മനസ്സിലാക്കാൻ ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ താഴെ പറയുന്ന അദ്ദേഹത്തിന്റെ പുസ്തകങ്ങൾ മനസ്സിരുത്തി വായിച്ചു്, ചിന്തിച്ചു് തീരുമാനിക്കുക, ബാബ സത്യമോ, നിത്യമോ, ജാലവിദ്യക്കാരനോ, അവതാരപുരുഷനോ എന്നു്. ഇന്ത്യയിലെ പ്രധാനപ്പെട്ട എല്ലാ ഭാഷകളിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചിട്ടുള്ള "സത്യം ശിവം സുന്ദരം," (മൂന്നു വാല്യങ്ങൾ) "സത്യസായി സ്പീക്സ്", (7 വാല്യങ്ങൾ) "Sai Baba—Man of Miracles" (ഒരു വിദേശിയുടെ കൃതി യിട്ടുള്ളതു്) "ജ്ഞാനപ്രസംഗം" (കന്നട കൃഷ്ണമാരാർ) "ഭഗവതവാഹിനി," "ഗീതാവാഹിനി," "ജ്ഞാനവാഹിനി," "പ്രശാന്തിവാഹിനി," "പ്രേമവാഹിനി", "ധ്യാനവാഹിനി", "ഉപനിഷത്പ്രവാഹിനി", "സന്ദേഹനിവാരിണി," "Sai Baba"(American Edition) (14 ഭാഷകളിലെ സനാതനസാരഥി എന്ന മാസികയും). ആർഷഭാരതസംസ്കൃതിയെ പുനരുദ്ധരിക്കാൻവേണ്ടി നാനാവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങൾ അറിഞ്ഞോ അറിയാതെയോ വിമർശകർ വിട്ടുകളഞ്ഞിരിക്കുകയാണ്. ദിനംപ്രതി ബാബയുടെ മാഹാത്മ്യം മനസ്സിലാക്കി അദ്ദേഹത്തിന്റെ ഭക്തന്മാർ വർദ്ധിച്ചുകൊണ്ടിരിക്കുന്നതു് മനസ്സിലാക്കിയാൽ നന്നു്.

—എ. രാമകൃഷ്ണൻ, കൊടുവായൂർ.

കഷ്ടമായിപ്പോയി

"ശ്രീ സത്യസായിബാബ" എന്ന ശീർഷകത്തിൽ മലയാളനാട്ടിന്റെ രണ്ടു ലക്കങ്ങളിലായി ശ്രീ: വി. കെ. മാധവൻകുട്ടി എഴുതിയ ലേഖനം വായിച്ചതിൽ, ഒരു പത്രറിപ്പോർട്ടർ, വിശ്വാമപുരുഷനായ ബാബയുടെ, കീർത്തിയോ അപകീർത്തിയോ സ്പർശിക്കാത്ത മട്ടിൽ, സ്വാഭിപ്രായം വ്യംഗ്യമായി നിന്നുസ്തുതിപ്രേണ ആവരണംചെയ്തു് ഒരു അസ്ഥിരപ്രജ്ഞയുടെ ശ്രീകരണം വരച്ചുകാണിച്ചുവെന്നതിൽ കവിഞ്ഞു്, ജിജ്ഞാസുവായ വായനക്കാരനെ പ്രത്യേകം ഒരു നിഗമനത്തിലും കൊണ്ടെത്തിക്കുന്നില്ല.

—സി. ആർ. കരുണാകരൻ,
പറവൂർ.

ആ ഭക്തി നമ്മെ രക്ഷിക്കും

അല്ലയോ അന്ധവിശ്വാസികളേ നിങ്ങൾ അദ്ദേഹത്തിന്റെ നന്മയിൽ വിശ്വസിച്ചു് കുറച്ചുനാൾ ഭിവസവും ഭജിക്കൂ. ആ ഭക്തി നമ്മെ രക്ഷിക്കും.

ഏകലവ്യൻ ധനുർവ്വിദ്യ അഭ്യസിക്കാൻ ദ്രോണാചാര്യരുടെ അടുത്തുചെന്നു്. അദ്ദേഹം ഏകലവ്യനെ ശിഷ്യനായി സ്വീകരിച്ചില്ല. മടങ്ങിവരുമ്പോൾ ദ്രോണാചാര്യരുടെ ഒരു മൺപ്രതിമ ഉണ്ടാക്കി വീട്ടിൽകൊണ്ടുവന്നു് പ്രതിഷ്ഠിച്ചു് അതിനുമുമ്പിൽവെച്ചു് ധനുർവ്വിദ്യ അഭ്യസിച്ചു് മിടുക്കനായി. ഗുരുവിന്റെ അനുഗ്രഹം നേരിട്ടല്ലെങ്കിലും വേറൊരു വിധത്തിൽ ലഭിച്ചു. വിശ്വാസം ആണു് പ്രധാനം അതുകൊണ്ടു് ധനുർവ്വിദ്യ നല്ലപോലെ അഭ്യസിക്കാനും കഴിഞ്ഞു.

അതുകൊണ്ടു് ഭഗവാൻ സത്യസായിബാബയെ വിശ്വസിച്ചു് ഏതൊരു പ്രവൃത്തിയും ചെയ്യും. അദ്ദേഹം നമ്മെ അനുഗ്രഹിക്കും എന്നതു് തീർച്ച.

—കെ. മോഹൻകുമാർ, അയലൂർ.

അവർണ്ണനീയമായ ആത്മസംതൃപ്തി

അവിടത്തെ തേജസ്വരൂപം കാണാനോ, പ്രശാന്തിനിലയത്തിലെ ഭക്തിനിർഭരമായ പ്രാർത്ഥനാവേളകളിൽ പങ്കുകൊള്ളാനോ, ഭാഗ്യംലഭിച്ചിട്ടില്ലാത്ത ഏഴയായ, പാപിയായ ഒരു കുറുപ്പുക്കാരനാണു് ഇതെഴുതുന്നവൻ. എങ്കിലും അവിടത്തെ സാന്നിദ്ധ്യം, സ്പർശനദർശനസുഖം, ഞാനിങ്ങു ദൂരെയിരുന്നു് അനുഭവിക്കുന്നു. ഗുരുവായൂരമ്പലനടയിൽ നിന്നു് കൈകൂപ്പുമ്പോൾ ലഭിക്കാറുള്ള അവർണ്ണനീയമായ ആത്മസംതൃപ്തി, അവാച്യമായ മാനസികസുഖം, അവിടത്തെ മുഖകമലം മനോമുകുരത്തിൽ ദർശിക്കുമ്പോൾ ഈ ഭക്തനു് അനുഭവമാകുന്നു

—ദിവാൻ പുത്തൻചിറ,
പാലക്കാട്.

ബാക്കിയുള്ളവ കാത്തിരിക്കുന്നു

ശ്രീ. വി കെ. മാധവൻകുട്ടിയുടെ ലേഖനം മുഴുവൻ പരിഹാസനിർഭരമാണു്. ലേഖനവിഷയത്തെ ഗൗരവബുദ്ധ്യാ സമീപിക്കുന്നതിനു പകരം, "ഇതെല്ലാം വെറും തട്ടിപ്പാണു്" എന്ന ഒരു മുൻവിധിയോടു

(ശേഷം 70-ൽ)

എഞ്ജിനീറന്മാരുടേയും ചരസ്യക്കാരുടേയും ശ്രദ്ധയ്ക്കു്



മലയാളനാട്ടു വാരികയുടെ ഏറിയാ ഓർഗനൈസറായിരുന്ന ശ്രീ. പി. ഐ. ശങ്കരനാരായണൻ 1973 ജൂലൈ 1 മുതൽ ആ സ്ഥാനം വഹിക്കുന്നില്ല. അദ്ദേഹത്തിനു് വാരികയുമായ ഔദ്യോഗികബന്ധമുണ്ടായിരിക്കുന്നതല്ല. അദ്ദേഹവുമായി ചെയ്യുന്ന ഇടപാടുകൾക്കു് മലയാളനാട്ടു് ഓഫീസു് ഉത്തരവാദിത്വം വഹിക്കുന്നതല്ലെന്നു് ഇതുനാൽ അറിയിച്ചുകൊള്ളുന്നു.

—മാനേജർ

ഒന്നു്

"പുനർജന്മം" എന്ന എന്റെ സിനിമയുടെ പ്രദർശനത്തോടനുബന്ധിച്ച് മദ്രാസ്, ബാംഗ്ളൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ ഞാൻ പത്രക്കാർക്ക് ഇങ്ങനെ ഒരു പ്രസ്താവന നൽകുകയുണ്ടായി: —

"ലോകത്തിൽ ഒരുത്തർക്കും പ്രകൃത്യാതീതമോ ദിവ്യമോ ആയ യാതൊരു ശക്തിയും ഇല്ല. ആകാശത്തിൽനിന്നു വെറും കൈചലനംകൊണ്ടു വാച്ചോ ശിവലിംഗമോ ഭസ്മമോ എടുത്തുകാണിക്കാമെന്നു ചിലർ അവകാശപ്പെടാറുണ്ട്. അതൊക്കെ വെറും തട്ടിപ്പുകളാണ്. ഈ വക കാര്യങ്ങളിൽ ശാസ്ത്രീയമായ അന്വേഷണം നടത്താൻ കഴിവോ, മനസ്സോ ഇല്ലാത്ത വിശ്വാസികളെ പററിക്കുന്നതിനുവേണ്ടി, ഇൻഡ്യയിലെ "മനുഷ്യദൈവങ്ങൾ" ഇങ്ങനെ പലതും ചെയ്യുന്നതായി അവകാശപ്പെടുകയും അതിനു വൻതോതിൽ പ്രചാരണം നൽകുകയും ചെയ്യുന്നു. എന്റെ പരിശോധനയ്ക്കു വിധേയമായി ഏതെങ്കിലും മനുഷ്യദൈവത്തിനോ ഭഗവാനോ ദിവ്യപുരുഷനോ ഇത്തരം ഒരു അദ്ഭുതം കാണിക്കാമെങ്കിൽ ഞാൻ ആ മനുഷ്യന് ഒരുലക്ഷം രൂപാ കൊടുക്കാം. ഞാൻ മരിക്കുന്നതുവരെ ഈ വെല്ലുവിളി നിലനിൽക്കുന്നതാണ്,"

ദൈവമാണെന്നും ദൈവാവതാരമാണെന്നും ദിവ്യപുരുഷനാണെന്നുമൊക്കെ അവകാശപ്പെടുന്നവരുടെയെല്ലാം ശ്രദ്ധയിൽവരത്തക്കവണ്ണം ഇൻഡ്യൻ പത്രങ്ങൾ ഈ പ്രസ്താവന പ്രസിദ്ധീകരിച്ചു. ചില ഭഗവാന്മാർക്കും ഭക്തന്മാർക്കും ഇതു സഹിച്ചില്ല. എന്റെ പന്തയം സ്വീകരിച്ച് ദിവ്യശക്തി തെളിയിക്കാമെന്ന് അവരിൽ അനേകം പേർ എന്നെക്കെഴുതി. വേറെ ചിലർ എന്റെ വെല്ലുവിളി സ്വീകരിച്ചതായി പത്രപ്രസ്താവനയും ഇറക്കുകയുണ്ടായി. ഡോക്ടർ വി.ഡി. മുടി (ഡെക്കാൻ ഹെറാൾഡ്) സി. എസ്. തീർത്ഥകർ (ഹിന്ദു), പതഞ്ജലി സേഠി (ബ്ളിറ്റ്സ് വാരിക), ആർ. പി. തിവാരി (ഇൻഡ്യൻ എക്സ്പ്രസ് ആൻറ് ഭാരത് ജ്യോതി) എന്നിവരും പേരു വെളിപ്പെടുത്താത്ത ഒരു ബർദ്വാൻകാരനും (അമൃത് ബസാർ പത്രിക) ആണ് പത്രങ്ങളിലൂടെ വെല്ലുവിളി സ്വീകരിച്ചത്.

പത്രങ്ങളിൽ പ്രസ്താവനകൾ ഇറക്കിയവരും കത്തുകൾ അയച്ചവരുമായ മാന്യന്മാരുടെയും അടുത്തുചെന്ന് പരിശോധന നടത്തുക ഒരു മനുഷ്യനെക്കൊണ്ടു സാദ്ധ്യമല്ലല്ലോ. അതുകൊണ്ട് ഇതിൽ യാഥാർത്ഥദിവ്യശക്തിയുള്ളവരെ കണ്ടു

പിടിക്കുന്നതിന് ഒരു പ്രാഥമിക പരീക്ഷണം നടത്തുന്നതിന് ഞാൻ നിശ്ചയിച്ചു. പന്തയം ചെയ്യുവാൻ ആഗ്രഹിക്കുന്നവർ 100 ക വീതം നിക്ഷേപദ്രവ്യം കെട്ടിവെയ്ക്കണമെന്നും അതിനു തയ്യാറാകുന്നവരെ ഇൻഡ്യയിലുള്ള എന്റെ സുഹൃത്തുക്കൾ പ്രാഥമികപരിശോധനയ്ക്കു വിധേയമാക്കുമെന്നും അതിൽ ജയിക്കുന്നവരെ ഞാൻ നേരിട്ടു കാണുന്നതാണെന്നും പത്രങ്ങൾ വഴി ഞാൻ മറുപടിനൽകി. എന്റെ ഇൻഡ്യൻ സുഹൃത്തുക്കൾ നടത്തുന്ന പരീക്ഷണവും ഞാൻ വിശദീകരിച്ചിരുന്നു: "ഒരു ഒററരൂപായുടെ കറൻസിനോട്ട് കാണിച്ചുകൊടുക്കും. അതേ ക്രമനമ്പരിൽ അത്രതന്നെ ഒരു നോട്ട് ദിവ്യശക്തിയിൽ നിർമ്മിക്കണം. ഇതു കഴിയുന്നില്ലെങ്കിൽ ഒരു കവറിൽ ഒരുരൂപാനോട്ട് അടച്ചു വെയ്ക്കും. കവർ തുറക്കാതെ നോട്ടിന്റെ ക്രമനമ്പർ വായിക്കണം. ഇതിൽ ഏതെങ്കിലും ഒരു പരീക്ഷണത്തിൽ വിജയിക്കുന്നയാൾക്ക് അദ്ദേഹം കെട്ടിവെയ്ക്കുന്ന നിക്ഷേപദ്രവ്യം ഉടനേ തിരിച്ചുനല്കും ആ ദിവ്യപുരുഷന്റെ ശക്തി നേരിൽ പരീക്ഷിച്ചറിയുന്നതിനുവേണ്ടി ഞാൻ ഉടനേ സ്ഥലത്തെത്തും. എന്റെ പരിശോധനയിലും ഇതു സത്യമാണെന്നു തെളിഞ്ഞാൽ അപ്പോൾതന്നെ ഞാൻ അദ്ദേഹത്തിന് ഒരുലക്ഷം രൂപാ കൊടുക്കുന്നതാണ്,"

പ്രൊ: എ. ടി. കോവൂർ

ജ്ഞാനംകൊണ്ടു പ്രകൃതിയുടെ പല പ്രതിഭാസങ്ങളേയും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. പ്രാകൃതമനുഷ്യന്റെ മുമ്പിൽ അത്ഭുതമായി തോന്നിയിരുന്ന പലതും ആധുനികമനുഷ്യന് അത്ഭുതമല്ല. ഇന്നു നമുക്ക് അത്ഭുതമായിതോന്നുന്ന പലതും നാളെ അദ്ഭുതമല്ലാതായിത്തീരുകയും ചെയ്യും.

അണുശക്തി, ബാഹ്യാകാശസഞ്ചാരം, ചന്ദ്രഗവേഷണം, ഹൃദയം മാററിവെയ്ക്കൽ, കൃത്രിമജീവൻ, ടെസ്ററ്യൂബ് ശിശു, റേഡിയോ ടെലസ്കോപ്പ് തുടങ്ങിയവയെല്ലാം ശാസ്ത്രത്തിന്റെ നേട്ടങ്ങളാണ്. മതഗ്രന്ഥങ്ങളിൽനിന്നോ ദിവ്യപുരുഷന്മാരിൽനിന്നോ ഇത്തരം ഏതെങ്കി

പ്രപഞ്ചത്തിൽ പ്രകൃത്യാതീതമായ യാതൊന്നും സംഭവിക്കുന്നില്ല. ഇവിടെ എന്തെല്ലാം സംഭവിക്കുന്നുണ്ടോ, അതെല്ലാം പ്രകൃതിനിയമങ്ങൾക്ക് വിധേയമായതാണ്. പക്ഷേ, മനുഷ്യന്റെ തുച്ഛമായ വിജ്ഞാനംകൊണ്ട് പ്രകൃതിയുടെ പല പ്രതിഭാസങ്ങളേയും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. പ്രാകൃതമനുഷ്യന്റെ മുമ്പിൽ അദ്ഭുതമായി തോന്നിയിരുന്ന പലതും ആധുനികമനുഷ്യന് അദ്ഭുതമല്ല. ഇന്നു നമുക്ക് അദ്ഭുതമായി തോന്നുന്ന പലതും നാളെ അദ്ഭുതമല്ലാതായിത്തീരുകയും ചെയ്യും.

എന്റെ ഈ രണ്ടാമത്തെ പ്രസ്താവന പുറത്തുവന്നിട്ട് ഇപ്പോൾ മാസം പലതായി. പക്ഷേ, ഒരു മനുഷ്യദൈവവും ആ വെല്ലുവിളി സ്വീകരിച്ചിട്ടില്ല. 100 ക. കെട്ടിവെച്ച് എന്തുകൊണ്ടാണ് പ്രാഥമികപരീക്ഷണത്തിനു് ഈ ഭഗവാന്മാർ തയ്യാറാകാത്തതു്? അവർക്കെല്ലാം അറിയാം, ആ നൂറുറുപ്പിക നഷ്ടപ്പെടുമെന്ന്.

ഡോക്ടർ ഭഗവന്തത്തിന്റെ സാക്ഷ്യം.

പ്രപഞ്ചത്തിൽ പ്രകൃത്യാതീതമായ യാതൊന്നും സംഭവിക്കുന്നില്ല. ഇവിടെ എന്തെല്ലാം സംഭവിക്കുന്നുണ്ടോ, അതെല്ലാം പ്രകൃതിനിയമങ്ങൾക്കു വിധേയമായതാണ്, പക്ഷേ, മനുഷ്യന്റെ തുച്ഛമായ വിദ്യയും നേട്ടം ലോകത്തിനുണ്ടായിട്ടുണ്ടോ?

സായിബാബാ ചെയ്തു എന്നു പറയുന്ന അദ്ഭുതങ്ങൾ, ഡോക്ടർ ഭഗവന്തം എന്നൊരു ഇൻഡ്യൻ ശാസ്ത്രജ്ഞൻ ശരിവെച്ചു എന്ന് ഭക്തന്മാർ അവകാശപ്പെടുന്നുണ്ട്. ഭഗവന്തം പറഞ്ഞു എന്നതുകൊണ്ട് ആർക്കും അതു് അംഗീകരിക്കാൻ സാദ്ധ്യമല്ല. ശാസ്ത്രീയപരീക്ഷണംമൂലം അതു തെളിയിച്ചു കാണിക്കാൻ ഭഗവന്തം തയ്യാറാണോ? അല്ലെങ്കിൽ അതു് അദ്ദേഹത്തിന്റെ ഒരു അന്ധവിശ്വാസമാണെന്നു വ്യക്തം. ഒരു ശാസ്ത്രജ്ഞൻ പറഞ്ഞു എന്നതുകൊണ്ട് അ ശാസ്ത്രീയമായതു ശാസ്ത്രീയമാവുകയില്ല. ഒരു വ്യക്തിയോ വസ്തുവിനേയോ ദിവ്യമെന്നുകരുതി പരീക്ഷണവിധേയമാക്കാതിരിക്കുന്നതു ശാസ്ത്രീയമായ മനോഭാവമല്ല.

ആകാശത്തുനിന്നു ഭസ്മം!

ആകാശത്തിൽനിന്നും ഭസ്മമോ ശിവലിംഗമോ ഒക്കെ സായിബാബ എടുത്ത് ഭക്തജനങ്ങൾക്കു കൊടുക്കാറുണ്ടെന്നാണു പറയുന്നതു്. ഇതൊരു അത്ഭുതമാണോ? ആയിരക്കണക്കിനാളുകൾ പങ്കെടുത്തിരുന്ന പൊതുയോഗങ്ങളിൽവെച്ച്, ആകാശത്തിലേയ്ക്കു കയ്യുയർത്തിയതിനുശേഷം ഭസ്മമെടുത്ത് ഞാൻ സദസ്യർക്കു നൽകിയിട്ടുണ്ട്. പാരാസൈക്കോളജിയും മനഃശാസ്ത്രവും സംബന്ധിച്ചു ഞാൻ നടത്തിയ ഗവേഷണങ്ങൾക്ക് ഒരു അമേരിക്കൻ യൂണിവേഴ്സിററി എനിക്കു ഡോക്ററററേറ്റു നൽകിയതിൽ അനുമോദിക്കാൻ അടുത്തയിട മദ്രാസിൽവെച്ച് ഒരു പൊതുയോഗം നടന്നു. അവിടെവച്ച് ഒരു ഭക്തൻ എന്നോടുചോദിച്ചു, സായിബാബ ചെയ്യുന്നതുപോലെ ആകാശത്തിൽ നിന്നും ഭസ്മമെടുത്തു കാണിക്കാമോയെന്ന്. ഈ ചോദ്യം ഞാൻ നേരത്തെ പ്രതീക്ഷിച്ചിരുന്നതാണ്. നാടകീയമായ രീതിയിൽ ആകാശത്തേയ്ക്കു കയ്യുയർത്തിയതിനുശേഷം കുറെ ഭസ്മം അയാളുടെ കയ്യിലിട്ടു കൊടുത്തു. തുടർന്ന് പലരും എന്നോടു ഭസ്മം ആവശ്യപ്പെട്ടു. നൂറുകണക്കിനാളുകൾക്ക് ഞാൻ അവിടെവെച്ചു ഭസ്മം നൽകി. വിശുദ്ധഭസ്മമായിക്കരുതി ചിലർ അതു പൊതിഞ്ഞു് പോക്കററിലിട്ടുന്നതു ഞാൻ കണ്ടു. ചില സ്ത്രീകൾ ആ "വിശിഷ്ടവസ്തു" നെററിയിൽ ധരിക്കുകയും ചെയ്തു. ക്ഷണവിശ്വാസശീലരായ അവരോടു കർമ്മതിയതു് ദിവ്യശക്തികൊണ്ടു ഞാൻ ശൂന്യതയിൽനിന്നു നിർമ്മിച്ചതാണ് ആ ഭസ്മമെന്നാണ്. ഞാൻ അവരോട് ഏതായാലും സത്യം തുറന്നുപറഞ്ഞു. ഈ ചോദ്യം പ്രതീക്ഷിച്ചിരുന്ന ഞാൻ കൊളംബോയിൽനിന്നും കൊണ്ടുവന്നതായിരുന്നു അതു്. ഈ കാര്യത്തിൽ ഒരു പരിശോധന നടത്താനുള്ള തന്റേടമോ സാമാന്യബോധമോ അവിടെക്കൂടിയിരുന്നവരിൽ ആർക്കെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ അയാൾ ഈ ചോദ്യം ചോദിക്കുന്നതിനുമുമ്പ് എന്നെ പരിശോധനാവിധേയനാക്കുമായിരുന്നു. എങ്കിൽ എന്റെ പോക്കററിൽ സൂക്ഷിച്ചിരുന്ന ഭസ്മം കണ്ടുപിടിക്കുമായിരുന്നു. സാധാരണ ഭസ്മം ഉണ്ടാക്കുന്നതുപോലതന്നെ ചാണകം കത്തിച്ചു് എന്റെ ഭാര്യ ഉണ്ടാക്കിയ ഭസ്മമാണ് ഞാൻ മദ്രാസിൽ വിതരണം ചെയ്തതു്. കരിശോ, ശിവലിംഗമോ വാച്ചോ, മോതിരമോ എന്തുവേണമെങ്കിലും ഇങ്ങനെ ആകാശത്തുനിന്ന് എടുത്തു കാണിക്കാം. അല്പം പരിശീലനം വേണമെന്നുമാത്രം.

സായിശിഷ്യന്മാരുടെ കള്ളക്കഥകൾ

സായിബാബയെപ്പററി കള്ളക്കഥകൾ പ്രചരിപ്പിക്കുന്നതിൽ ഭക്തശ്രദ്ധന്മാരാണ് അദ്ദേഹത്തിന്റെ ശിഷ്യന്മാരെല്ലാം തന്നെ. ഡോ. ററി. നല്ലേനാഥൻ എന്നൊരാൾ "ദൈവം സ് ഓഫ് സ്പിലോൺ" പത്രത്തിൽ എഴുതിയിരുന്ന ഒരു ലേഖനത്തിൽനിന്ന് പ്രസക്തഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം:—

"പണം, പഴം എന്നിവ മാത്രമല്ല, പൂക്കൾപോലും കൊണ്ടുവരുന്നതെന്തു ഭഗവാൻ സത്യസായിബാബാ ഭക്തന്മാരോടു പറയാറുണ്ട്. സായിബാബാ ഉൾപ്പെടെ, എല്ലാ മതത്തിലുംപെട്ട വിശുദ്ധന്മാരെപ്പററി ആഭാസകരമായ ലേഖനങ്ങൾ എഴുതുന്ന പതിവാക്കിയിരുന്ന ഒരു ഇൻഡ്യൻ തമിഴ്പത്രത്തിന്റെ എഡിററർ രണ്ടുവർഷത്തെ തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടു...എഴുത്തുമൂലമോ പ്രാർത്ഥനമൂലമോ ആത്മാർത്ഥമായി തന്റെ സഹായം അപേക്ഷിക്കുന്ന ഏതു ഭക്തനേയും സായിബാബാ സഹായിക്കും. ഒരു ഉദാഹരണം പറയാം. കാലിഫോർണിയായിലെ ലോസ് ഏയ്ഞ്ചൽസ് എന്ന സ്ഥലത്തുകാരനായ ചാറൽസ്പെൻ എന്ന പൈലററ്, ഒരിക്കൽ വിമാനത്തിൽ സഞ്ചരിക്കുമ്പോൾ ആകാശത്തുവച്ചു വിമാനത്തിനു തീ പിടിച്ചു. പരിഭ്രമിച്ച് അദ്ദേഹം നോക്കുമ്പോൾ ഒരാട്ടത്തു സായിബാബാ ഇരിക്കുന്നു! യാതൊരു കുഴപ്പവുംകൂടാതെ വിമാനം താഴെ ഇറക്കുന്നതിനു ബാബാ അദ്ദേഹത്തെ സഹായിച്ചു. യഥാർത്ഥത്തിൽ ശാരീരികമായി സായിബാബാ അന്നു് ഇൻഡ്യയിലായിരുന്നു. എങ്കിലും ആയിരക്കണക്കിനു മൈലുകൾക്കപ്പുറത്തു് മദ്ധ്യാകാശത്തിലൂടെ സഞ്ചരിച്ചിരുന്ന ആ വൈമാനികനും അദ്ദേഹത്തിന്റെ സഹായം ലഭിച്ചു.....ഇതെങ്ങനെ സാധിച്ചു എന്നതു തുറന്നുപറയുകയാണെങ്കിലു കോവൂരിനേപ്പോലുള്ള യുക്തിവാദികൾ ഇതു വിശ്വസിക്കണമെങ്കിൽ തെളിവു വേണമെന്നു പറയും. അവതാരം, കർമ്മം തുടങ്ങിയ മഹത്തായ സത്യങ്ങൾ അറിയണമെങ്കിൽ ചാറൽസ്പെന്നിനെപ്പോലെ ഒരു ഭക്തനായിത്തീരട്ടെ...ശ്രീ സത്യസായിബാബയുടെ പടത്തിൽനിന്നു കുങ്കുമം, ഭസ്മം തുടങ്ങിയവ വീഴുന്ന സ്ഥലങ്ങളുടെ പേരും വിലാസവും വേണമെങ്കിൽ ഞാൻ അദ്ദേഹത്തിനു നൽകാം. മദ്രാസിൽവെച്ചു് ഞങ്ങൾ ഒരുഡസനോളം സിലോൺകാർ ഈ അത്ഭുതകാഴ്ച കണ്ടു. ഭേദാവുകതല്ലെന്നു പറഞ്ഞു് സ്പിററ്നർലണ്ടിലെ ഡോക്ടറെ തള്ളിയ, കരളിനു കാൻസർ പിടിച്ച ഒരു രോഗിയെ സായിബാബാ സുഖപ്പെടുത്തി. തളർവാതം പിടിച്ച ഒരു കുട്ടിയെ കണ്ടപ്പോൾ അദ്ദേഹം അല്പം ഭസ്മം നർമ്മിച്ചു് അമ്മയുടെയോ ഭക്ഷണത്താലിയേന്തിയോ കയ്യിൽ കൊടുത്തു് അതു ഭേദാക്കി. ഒററനോട്ടത്തിൽതന്നെ ഒരാളുടെ മുൻപിൻ ജന്മങ്ങളെക്കുറിച്ചു് അറിയാൻ ഭഗവാൻ കഴിയും."

ആകാശത്തിൽനിന്നും വരുത്തിയ ഭസ്മം കോവൂർ വിതരണം ചെയ്യുന്നു.

വിശ്വസ്തരായ ആളുകളുടെ സാക്ഷ്യവും വ്യക്തമായ തെളിവുമില്ലാതെ ഇത്തരം കഥകൾ വിശ്വസിക്കുവാൻ സാധ്യമല്ല. മതവിശ്വാസികളുടെ ഇത്തരം ഭാവനാനുഭവങ്ങൾ ശാസ്ത്രീയമായി പരിശോധിക്കുമ്പോൾ കാപട്യമില്ലാത്തവയാണെന്നു ബോദ്ധ്യപ്പെട്ടാൽ. സായിബാബായുടെ പടത്തിൽ നിന്നു ഭസ്മവും കുങ്കുമവും വീഴുന്ന സ്ഥലങ്ങളുടെ വിലാസം കിട്ടിയിട്ടു കാര്യമില്ല. എന്റെ പരിശോധനയ്ക്കുശേഷം ഏതെങ്കിലും സ്ഥലത്തു് സായിബാബായുടെ പടത്തിൽനിന്നു് ഭസ്മം വീഴുന്നതു കാണിക്കാൻ ഞാൻ നല്ലേനാഥൻ ഉൾപ്പെടെയുള്ള സായിഭക്തന്മാരെ വെല്ലുവിളിക്കുന്നു.

സായിബാബയേയും ഇതുപോലെ സന്യാസിമാരേയുംപററി ആഭാസകരമായ ലേഖനം പ്രസിദ്ധീകരിച്ചതിനു് ഒരു തമിഴ്പത്രത്തിന്റെ എഡിററരെ രണ്ടുവർഷത്തെയ്ക്കു ശിക്ഷിച്ചു എന്നു് ഡോ: നല്ലേനാഥൻ പറഞ്ഞതു് പച്ചക്കള്ളമാണ്. ഇതിന്റെ യഥാർത്ഥ്യം അറിയുന്നതിനു വേണ്ടി തെക്കേഇൻഡ്യയിലെ പ്രധാനപ്പെട്ട രണ്ടു പത്രാഫീസുകൾവഴിയും പ്. ററി. ഐ-യുടെ സിലോൺശാഖവഴിയും ഞാൻ തിരക്കി. അങ്ങനെയൊരു

സ്വദേവം നടന്നോട്ടിട്ടില്ലെന്നായിരുന്നു എനിക്കു കിട്ടിയ വിവരം. വിമാനത്തിൽവെച്ച് അടുത്ത സീററിൽ സായിബാബായെ കണ്ട ചാററസ്പെന്നിന്റെ വിലാസം ഞാൻ ആവശ്യപ്പെട്ടിട്ട് നല്ലെനാഥനോ മററാരെങ്കിലുമോ അതു നൽകാൻ തയ്യാറായില്ല. പത്രാധിപരെ ശിക്ഷിച്ചു എന്നു പറഞ്ഞതുപോലുള്ള കള്ളക്കഥയായതുകൊണ്ടാണ് വിമാനികളുടെ വിലാസം തരാൻ ഭക്തന്മാർ തയ്യാറാകാതിരുന്നത്.

വിമാനങ്ങളെ നിയന്ത്രിക്കാൻ സായിബാബായ്ക്കു കഴിവുണ്ടായിരുന്നെങ്കിൽ അടുത്ത കാലത്ത് ഇൻഡ്യയിലുണ്ടായ ചില വിമാനാപകടങ്ങൾ ഒഴിവാക്കാൻ അദ്ദേഹം ശ്രമിക്കേണ്ടതായിരുന്നു. അതല്ലെങ്കിൽതന്നെ, പാകിസ്ഥാനും ഇൻഡ്യയും തമ്മിൽ യുദ്ധം നടന്നപ്പോൾ ഇൻഡ്യയുടെ വക വിമാനങ്ങൾ നഷ്ടപ്പെടുത്താതിരിക്കാൻ അദ്ദേഹം ശ്രമിക്കേണ്ടതായിരുന്നു. ഭക്തന്മാരെമാത്രമേ ബാബാ രക്ഷിക്കുകയുള്ളൂ എന്നാണെങ്കിൽ ഇനിമേലിൽ സായിഭക്തന്മാരെപ്പോലററുകളായി നിയമിക്കാൻ ഇൻഡ്യാഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണ്. മോഹൻകുമാരമംഗലം, ഡോ: മാമാ തുടങ്ങിയ ബുദ്ധിശാലികളുടെ ജീവൻ അപകടപ്പെടാതിരിക്കുമല്ലോ! സായിഭക്തന്മാർക്ക് ദിവ്യശക്തിയുള്ളതുകൊണ്ട് വ്യോമപരിശീലനവും ആവശ്യമില്ല!!

അത്ഭുതരോഗശാന്തി

മസ്സും ഉപയോഗിച്ച് സായിബാബ കാൻസർ ഭേദപ്പെടുത്തിയെന്ന് ഡോക്ടർ നല്ലെനാഥൻ പറയുന്നുണ്ടെങ്കിലും അങ്ങനെ രോഗം ഭേദപ്പെട്ടയാളിന്റെ വിവരങ്ങൾ കൊടുത്തിട്ടില്ല. അതുകൊണ്ടുതന്നെ അതു കള്ളക്കഥയാണെന്നു വ്യക്തമാകുന്നു. ആലപ്പുഴയിലെ ഒരു ഡോക്ടർ കെ. കെ നായർ ബി. എ. എം. ബി. ബി. എസ്സിന്റെ പത്നിക്കു ക്യാൻസർ വന്നപ്പോൾ, സായിബാബ നൽകിയ മസ്സും കൊണ്ടു ഭേദമായി എന്ന് ഒരു വാർത്ത സിലോണിൽ പ്രചരിപ്പിക്കപ്പെട്ടു. ഇതിന്റെ യാഥാർത്ഥ്യം അറിയുന്നതിനുവേണ്ടി 2-2-1969ൽ ഡോക്ടർ കെ. കെ. നായർക്ക് ഇങ്ങനെ ഒരു കത്തെഴുതി:

പ്രിയപ്പെട്ട മിസ്ററർ നായർ,

എന്റെ ഒരു സ്നേഹിതനായ വി. വി. നായർ പറഞ്ഞു, നിങ്ങളുടെ ഭാര്യയ്ക്കുണ്ടായ കാൻസർരോഗം സായിബാബാ നല്കിയ വിശുദ്ധമസ്സുകൊണ്ട് ഭേദമായെന്ന്. താങ്കൾ ഒരു മിഷ്ഗപ്രതനായതുകൊണ്ടാണ് ഇതിന്റെ യാഥാർത്ഥ്യം അറിയുവാൻ നിങ്ങൾക്കെഴുതുന്നത്. സാധാരണഗതിയിൽ അന്ധവിശ്വാസികളും ക്ഷണവിശ്വാസശീലരും ഇത്തരം കഥകൾ ഭാവനയിൽനിന്നും ഉണ്ടാക്കി പറയാറുണ്ട്. താങ്കൾ അങ്ങനെയല്ലല്ലോ. ഈ രോഗശാന്തിക്കഥയിൽ എന്തെങ്കിലും സത്യമുണ്ടെങ്കിൽ ഇക്കാര്യത്തിൽ ഒരു ശാസ്ത്രീയഗവേഷണം നടത്താൻ ഞാൻ ആഗ്രഹിക്കുന്നു. മസ്സുചികിത്സയ്ക്കുമുമ്പ് അവരുടെ രക്തപരിശോധന നടത്തിയതിന്റെ രേഖകളുണ്ടോ? മുമ്പ് കാൻസറിന് താങ്കളോ മററാരെങ്കിലുമോ അവരെ ചികിത്സിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ രേഖ കാണിക്കാമോ?

കാൻസർരോഗം ഭേദമാകത്തക്ക എന്തെങ്കിലും ഈ വിഭൂതിയിലുണ്ടെങ്കിൽ ഭാവിയിലെ കാൻസർരോഗികൾക്ക് ആ വാർത്ത എത്രയോ ആശ്വാസകരമാണ്? ഇത്ര ശക്തിയുണ്ടെങ്കിൽ അത്ഭുതശക്തിയുള്ള ആ മസ്സും ലോകത്തെങ്ങുമുള്ള കാൻസർ ആശുപത്രികളിൽ ശേഖരിക്കാൻ ഏർപ്പാടുണ്ടാക്കണം. അതിനുവേണ്ടി ഈ മസ്സിന്റെ ശക്തിതെളിയിക്കുന്ന ഒരു ശാസ്ത്രീയ ഗവേഷണം തയ്യാറാക്കി പ്രധാനപ്പെട്ട മെഡിക്കൽജേർണലുകളിൽ പ്രസിദ്ധീകരിക്കണം. അതുമാവശ്യമെന്നുണ്ടെങ്കിൽ ഒരു പരീക്ഷണം നടത്താൻ ഞാൻ ആലപ്പുഴവരാം.

സ്വദേശം മറുപടി അയക്കുമല്ലോ.

നിങ്ങളുടെ വിശ്വസ്ഥൻ

എബ്രഹാം ടി. കോവൂർ.

(തുടരും)

—0—

സത്യസായിബാബ സത്യമോ മിഥ്യയോ?

ചർച്ച ചൂടോടെ തുടരുന്നു.

✱

അടുത്തലക്കങ്ങളിൽ വയലാർ എഴുതുന്നു.

'സത്യത്തിന്റെ മുഖപടങ്ങൾ'

ഈ ശതകത്തിലെ ഏററവുംവലിയ സത്യത്തിന്റെ മുഖം മഹേന്ദ്രജാലപ്പീലികൾകൊണ്ട് നിരന്തരമായി മറയ്ക്കപ്പെടാൻ തുടങ്ങിയാലോ?

✱

വി. ബി. സി. നായർ എഴുതുന്നു: 'അഹം ബ്രഹ്മാസ്മി:'

വേദാന്തങ്ങളും ഉപനിഷത്തുക്കളും മനഃപാഠമാക്കിയ ഒരാൾക്ക് 'ഞാൻ ദൈവമാണ്' എന്ന് സത്യസായിബാബ പറഞ്ഞാൽ നിഷേധിക്കാനാവുമോ?

✱

പി. കേശവദേവ്, ജസ്റ്റിസ് ഏരാടി, കാക്കനാടൻ, ഡോ: കെ. ദാസ്ക്കരൻനായർ, ഇടമറുക് തുടങ്ങി നമ്മുടെ സാമൂഹ്യ - ശാസ്ത്രീയ - സാഹിത്യ-ദാർശനിക രംഗങ്ങളിലെ അഗ്രേസരന്മാർ പങ്കെടുക്കുന്നു.

ഇരുപത്തിമൂന്ന്

മൂന്നാംതലമുറ

ലാകബാനയുടെ അർദ്ധപ്രകാശിത മുറിയിൽ, ചുറുചുറുക്കുള്ള പിള്ളേരുടെ ബാൻഡ്സംഗീതത്തിന്റെ ലഹരിയിൽ, സന്ധ്യാറോയി എന്ന ബംഗാളിപ്പെൺകുട്ടിയുടെ ചടുലവാക്കുകളുടെ മാസ്മരവിദ്യയിൽ, ചരസിന്റെ ധൂമലഹരിയിൽ മയങ്ങിവീണ സന്ധ്യകൾ,

പഴയ ദില്ലിയിൽ കട്റാനിൽ എന്ന ഗലിയിൽ ഗുരുമുഖ്സിംഗിന്റെ ഗുഹാമയമായ മുറിയിൽ, അവന്റെയും മററു ചിത്രകാരന്മാരുടെയും ആധുനികചിത്രങ്ങളുടെ നിറക്കൊഴുപ്പിൽ, അവന്റെ വർണ്ണദീപങ്ങളുടെ പ്രകാശപ്രളയത്തിൽ, ഭാംഗിന്റെ ലഹരിയിൽ യെഹൂദിമെനൂഹിന്റെ വയലിൻ വിളമ്പുന്ന റെക്കോർഡ് പ്ലേയറിന്റെ ചുവട്ടിൽ, എല്ലാം മറന്ന്, വാനവും ഭൂമിയും മറന്ന്, കടലും മലകളും മറന്ന്, മനുഷ്യബന്ധങ്ങൾ മറന്ന്, ഒരു ഭൗമരാന്തിലമർന്ന്, മുറിയിൽനിന്നു മുറി എന്നലോകത്തിലേക്ക്, മുറി എന്ന പ്രപഞ്ചത്തിലേക്കു വളർന്നു പടർന്ന രാത്രികൾ,

ഗ്രിൻപാർക്കിൽ, ശീതകാലാപരാഹ്നങ്ങളിൽ മിസ്സ് സ്സ് രാമനാഥൻ എന്ന പട്ടത്തിയുടെ—അവൾക്ക് നീണ്ട മുഖം കൂട്ടുപുരികവും ചെമ്പൻമീശയും കറുത്ത മറുകും ലഹരിപിടിപ്പിക്കുന്ന മൂക്കുത്തിയും അസാമാന്യമായ ആകാരസൗഷ്ഠവവും മുപ്പത്തഞ്ചുവയസ്സും ഉണ്ടായിരുന്നു—അഴിഞ്ഞുലഞ്ഞുവീണ സമൃദ്ധമായ തമിഴ്മുടിയിൽ വിരലോടിച്ച്, അവളുടെ തഞ്ചാവൂർ ചെമ്പരമിഴ്ക്കൊഴുകളിലൊഴുകി, അവളുടെ നിർല്ലജ്ജവും അവർണ്ണനീയവുമായ ഗതിചാതുരിയിൽ മുഴുകി, അവളിൽ സാമ്രാജ്യങ്ങൾ തിരഞ്ഞു, ക്ഷീരപഥങ്ങൾ തിരഞ്ഞു, പ്രപഞ്ചോല്പത്തി തിരഞ്ഞു മണിക്കൂറുകൾ,

മറിഞ്ഞുവീണുടയുന്ന മദ്യചഷകങ്ങൾക്കു നടുവിൽ മദാലസയായ മാലിനിയുടെ മന്ദഗതിയിലുരുണ്ടുവീണ പിടഞ്ഞ ദിവസങ്ങൾ,

ഒന്നും,

മഹേന്ദ്രാ,

ഒന്നും നിനക്കിനി തിരിച്ചുകിട്ടുകയില്ല. നീണ്ടുയർന്ന, ഋജു വെല്ലുവളഞ്ഞ നാസിക. തീക്ഷ്ണമായ നയനങ്ങൾ. കറുത്തുരുണ്ടിയ മീശ. സമൃദ്ധമായ, സൗന്ദര്യമുള്ള മുടി. തടിച്ച അധരങ്ങൾ. വീതിയുള്ള, ഉയർന്ന നെററി. ഭംഗിയുള്ള കഴുത്ത്. മെല്ലിച്ച, എന്നാൽ ആരോഗ്യപൂർണ്ണമായ ശരീരപ്രകൃതി. നിറഞ്ഞ പുരികങ്ങൾ. നീണ്ട കൺപീലികൾ.

"നീ ശരിക്കും രാജകുമാരൻ തന്നെ. ഞാൻ വിശ്വസിക്കുന്നു." സന്ധ്യാറോയ് പറഞ്ഞു.

കുതുബ്മിനാറിന്റെ ചുവട്ടിൽ ആളൊഴിഞ്ഞൊരു

കോണിൽ പുൽമേട്ടിൽ അവന്റെ തല മടിയിൽവച്ച്", അവന്റെ മുടി കോതിയൊതുക്കി, അവന്റെ കട്ടുക്കുകളഴിഞ്ഞ ഷർട്ടിലൂടെ നെഞ്ചത്തു തലോടിക്കൊണ്ട്, അവന്റെ മൃദുപ്പാട്ടു കേട്ടുകൊണ്ട്, വേനല്ക്കാലസായാഹ്നത്തിന്റെ നടുവിൽ ഇരിക്കുകയായിരുന്നു അവൾ.

പിന്നീട് അവർ കുതുബ്റസ്റോറാണ്ടിൽ കയറി. റസ്റോറാണ്ട് വിജനമായിരുന്നു. റസ്റോറാണ്ടിന്റെ വിജനതയിൽ അവർ പരസ്പരം കണ്ടു. ഭാംഗിന്റെ ലഹരിയിൽ അവർ പരസ്പരം ചുംബിച്ചു.

"സന്ധ്യാ." അവൻ വിളിച്ചു.

"രാജകുമാരാ." അവൾ വിളിച്ചു.

"നമുക്കു പോവാം." അവൾ പറഞ്ഞു. "നമുക്ക് ഈ റെസ്റോറാണ്ടു വിട്ട്, ഈ ദില്ലിവിട്ട്, ഈ ഇന്ത്യവിട്ട്, ഈ ഭൂമിവിട്ട്, ഈ പ്രപഞ്ചം വിട്ട്, പ്രപഞ്ചത്തിനു പുറത്തുള്ള അജ്ഞേയതയിലേക്കു പോവാം."

അവൻ ചിരിച്ചു. അവൻ പറഞ്ഞു. "പോവാം."

പോയില്ല.

"നിന്റെ സാന്നിദ്ധ്യവും നടത്തവും കണ്ടാലറിയാം നീ രാജകുടുംബാംഗമാണെന്ന്." ഗുരുമുഖ്സിംഗ് പറഞ്ഞു. കറുത്ത മുടിയും കറുത്ത താടിയും കറുത്ത മുഖവുമുള്ള ഗുരുമുഖ്സിംഗ്. കട്റാനിലെ അവന്റെ പണിപ്പുരയിൽ എത്തിയാലുടനെ അവൻ ടർബൻ അഴിച്ചു മുടി ഉലച്ചുകുടഞ്ഞു. പാൻറ്സും ഷർട്ടും ബനിയനും ഊരി. ഷോർട്ട്സ് മാത്രമിട്ടുകൊണ്ട്, ഭാംഗ് കലക്കിക്കുടിച്ചു. എന്നിട്ട് വരച്ചു. എപ്പോഴും അവൻ ചിത്രരചന നടത്തുന്നതു് മററുള്ളവരുടെ. എന്നിട്ടും അവൻ പറഞ്ഞു.

"നിന്നെ പരിചയപ്പെട്ടതുമുതൽ നിന്റെ സാന്നിദ്ധ്യം എന്റെ ഏകാഗ്രധ്യാനത്തെ ഉലയ്ക്കുന്നില്ല. കാരണം ഒരുവേള നീ ഞാനാണ്."

എന്നിട്ടവൻ വെളുത്ത പല്ലുകൾ പുറത്തു കാട്ടി. ഉറക്കച്ചടവിൽ ചിരിച്ചു.

"നീ ഞാനാണെങ്കിൽ ഞാൻ നീയാണ്. അപ്പോൾ ഞാനും രാജകുമാരനാണ്."

അവൻ ഉച്ചത്തിൽ വീണ്ടും ചിരിച്ചു. ബ്രഷ് ചായക്കൂട്ടിൽ ചാലിച്ചു.

"എന്റെ രാജകുമാരാ, എന്റെ മോനേ," വേദവല്ലി എന്ന മിസ്സിസ്സ് രാമനാഥൻ ഒരു പാമ്പിനെപ്പോലെ അവന്റെ ചുററിപ്പിടിച്ചുകൊണ്ടു കെഞ്ചി: "നീ പൊയ്ക്കഴിഞ്ഞാൽ, എനിക്ക് ആരുണ്ടാകും?"

"നിനക്കെന്നെപ്പോലെത്രയോ പിള്ളേരെ കിട്ടുമെടീ രാക്ഷസീ" എന്നലറിവിളിച്ചു പറഞ്ഞില്ല. അവളുടെ രതിവിലാസവൈദഗ്ധ്യത്തിന്നിരയായി, അവളുടെ പ്രിയപ്പെട്ട വിദ്യാർത്ഥിയായി, രാമനാഥൻ എന്ന വമ്പൻ കമ്പനിഎക്സിക്യൂട്ടീവിന്റെ അലംകൃതമായ ബെഡ്റൂമിൽ അലംകൃതമായ കിടക്കയിൽ, വേദവല്ലിയുടെ അളവുകൾക്കതീതമായ ശരീരവടിവുകളിൽ ഒളിച്ചുകുടന്നതേയുള്ളു.

ആ അപരാഹ്നങ്ങൾ നിന്നെ വിട്ടുപോയിരിക്കുന്നു. ഗുരുമുഖ്സിംഗിന്റെ ചിരിനിന്നെ വിട്ടുകഴിഞ്ഞുപോയിരിക്കുന്നു. സന്ധ്യാറോയിയുടെ വാക്കുലഹരി നിന്നിൽനിന്നൊഴിഞ്ഞുപോയിരിക്കുന്നു

മഹേന്ദ്രാ, നീ ഇപ്പോൾ തനിച്ചാണ്.

ഇനി എന്നാണു നിന്റെ നഷ്ടപ്പെട്ട സ്വർഗ്ഗലോകങ്ങൾ നിനക്കു മടക്കിക്കിട്ടുക?

ആററിറമ്പത്തെ അമ്മയുടെ കോവിലിലും പഴകിയ, ജീർണ്ണതയുടെ ഗന്ധം മാത്രം നിറഞ്ഞുനില്ക്കുന്ന തകന്ന കൊട്ടാരച്ചുമരുകൾക്കുള്ളിലും, ചേറുമണക്കുന്ന പാടങ്ങളിലും ദാരിദ്ര്യം പെരുമ്പാമ്പിനെപ്പോലെ ഇഴയുന്ന ഗ്രാമദുഃഖങ്ങളിലും നിനക്കു സ്വർഗ്ഗങ്ങൾ ചമയ്ക്കാനാവില്ല. പെററ നാട്ടിൽ, പെററ വീട്ടിൽ നീ അന്യനായിരിക്കും. ഒററപ്പെട്ടവനായിരിക്കും.

ഗുരുമുഖ്സിംഗില്ലാത്ത, മാലിനിയില്ലാത്ത, സന്ധ്യയില്ലാത്ത, വേദവല്ലിയില്ലാത്ത ലാകബാനയില്ലാത്ത, കാതറീൻ എന്ന കാപ്പിരിപ്പെണ്ണില്ലാത്ത ലോകത്തിൽ നിനക്കെന്തുകാര്യം?

കണ്ണുകൾ കൂടുതൽ തീക്ഷ്ണമായി. താടിയെല്ല് അല്പം ചലിച്ചു. സിഗററ്റ് ചുണ്ടത്തിരുന്നെരിഞ്ഞുവിറച്ചു. കവിളുകൾ വായ്ക്കുള്ളിലെ ധൂമചലനത്തിനനുസൃതം വികസിക്കുകയും ചുരുങ്ങുകയും ചെയ്തു.

പുറത്തു നാട് ഓടിക്കൊണ്ടിരുന്നു. ഓടി അകലുകയുമുണ്ടിരുന്നു.

"എനിക്കു നാട്ടിൽ പോവാൻ തിടുക്കമായി." കാതറീൻ പറഞ്ഞു. അവളുടെ കാപ്പിരിക്കാമം അവനെ തളർത്തിയിട്ടിന്നൊരു നിമിഷത്തിലാണ് അവന്റെ സ്വകാര്യമുറിയിൽവച്ചാണ്, സ്കോച്ചിന്റെ ലഹരിയിലാണ് അവൾ സംസാരിച്ചതു്.

"അപ്പോൾ നിനക്കെന്നെ കാണാണ്ടോ?"

"പിന്നെയും കാണാമല്ലോ." അവൾ പറഞ്ഞു.

"നാട് കണ്ടിട്ടു കുറേയധികം കാലമായില്ലേ?"

"അപ്പോൾ നീ വീണ്ടും വരും?"

"തീച്ചയായിട്ടും ഞാൻ നിന്റെ നാട്ടിൽ വരും. നിന്റെ കൊട്ടാരത്തിൽ വരും. നിന്റെ കൂടെ താമസിക്കും. ഒരൊററ രാത്രിപോലും നിന്നെ ഞാൻ ഉറങ്ങാൻ അനുവദിക്കില്ല."

ചുണ്ടത്തിരുന്ന സിഗരററ് വലിച്ചെറിഞ്ഞു, അവൾ തന്റെ വലിയ, കറുത്ത നഗ്നശരീരം അവന്റെ മേലേക്ക് എറിഞ്ഞു. അവളുടെ കറുത്ത, തടിച്ചുരുണ്ട കാപ്പിരിച്ചുണ്ടുകൾ അവനെ ഉഴിയാൻ തുടങ്ങി. അവൻ കിടന്നു പുളഞ്ഞു.

പക്ഷേ, സ്വകാര്യമുറിയെക്കാൾ അവൾ ഇഷ്ടപ്പെട്ടിരുന്നത് ബുദ്ധജയന്തിപാർക്കാണ്. പാർക്കിലെ സന്ധ്യകൾ കറുത്തുതുടങ്ങുമ്പോൾ അവൾ തുടക്കമിടുകയായി. രവളിമ്പാറമുകളിൽവച്ച് രതിക്രീഡയിൽ ഏർപ്പെടുന്ന സുഖം ഒരിക്കലും സ്വകാര്യമുറികളിൽ കിട്ടില്ലെന്ന് അവൾ ബലമായി വിശ്വസിച്ചു.

"യുറോപ്പിൽ അതെത്ര എളുപ്പമാണ്." അവൾ ഒരു പഴയ യൂറോപ്യൻ യാത്രയുടെ ഓർമ്മയിലേക്ക് ഒഴുകിപ്പോയി.

"ഇതു് യൂറോപ്പല്ല. ഇന്ത്യയാണ്."

"നാ ഇന്ത്യ, ഇന്ത്യ, ഇന്ത്യ"

അവൾ അവളുടെ നാട്ടിൽ എത്തിയിട്ടുണ്ടാവും. പുറപ്പെട്ടിട്ട് നാലഞ്ചുദിവസങ്ങളായി. ഇപ്പോൾ അവൾ ഏതോ ആഫ്രിക്കൻ വെളിമ്പറമ്പിൽ ഏതോ കാപ്പിരിയുമായി, ഒരു കാട്ടുമൃഗത്തെപ്പോലെ കിതച്ചുകൊണ്ട് ഇണചേരുകയായിരിക്കും. ദിവസത്തിന്റെ ഏറിയപങ്കും ലൈംഗികകാര്യങ്ങൾക്കു വിനിയോഗിക്കുകയാണു പനിക്കിഷ്ടമെന്നും അതാണു മററുള്ളവർക്കും ഇഷ്ടമെന്നും പക്ഷേ, അവർ അതു പറയാൻ മടിക്കുകയാണെന്നും അവൾ കൂടെക്കൂടെ പറഞ്ഞിരുന്നു. അവളെപ്പോലെ നിർലജ്ജമായി സംസാരിക്കുന്ന മറെറാരാളെ ഞാനെനിയും കണ്ടിട്ടില്ല.

നാടുവിടാൻ കാതറിൻ കൊതിച്ചിരിക്കും.

നിനക്കെന്തേ, മഹേന്ദ്രാ, ആ കൊതി തോന്നുന്നില്ല?

മാലിയടുക്കുന്ന നാട്ടിലെ കാററ് മുഖത്തുവന്നടിച്ചു. കാററിന്നു ചുവട്ടിൽ നാട്ടിലെ വീടുകളും പച്ചപ്പുമിട്ടും കിടന്നു. കാററിന്നു മേലേ കാററിനെ വഹിക്കുന്ന, ഒഴുകുന്ന വെണ്മേഘമാലകളെ വഹിക്കുന്ന ആകാശം ഒരു വലിയ, പഴയ പേരാൽ മാരംമാതിരി പടർന്നുപിടിച്ചു കിടന്നു.

തോളറാം വളർന്നുകിടന്ന സമൃദ്ധമായ മുടിയുടെ മടക്കുകളെ താലോലിച്ചു. ഗുരുഷർട്ടിന്റെ കീശയിൽനിന്ന് സന്ധ്യാറോയി തുന്നിക്കൊടുത്ത ഒരു കെലേസ് എടുത്തു മുഖംതുടച്ചു. സീററിൽ അലക്ഷ്യമായിട്ടിരുന്ന സിഗരററ് പാസ്സുററിൽ നിന്ന് സിഗരററ് എടുത്തുകൊളുത്തി. ഊതിയ പുക ഊതിത്തീരും മുമ്പ് കാററിൽ പറന്നുമറയുന്നതു് കൗതുകത്തോടെ നോക്കിയിരുന്നു.

പൊടുന്നനെ ചരസിന്റെ പുകയുടെ ഗന്ധം ഉണർന്നു. പുകപാറിപ്പോവുന്നില്ല. മുറിയിൽ പുകനിറഞ്ഞു നില്ക്കുന്നു. ഗുരുമുഖ്സിംഗ് എന്ന ട്രൗസർമാത്രം ധരിച്ച സർദാർജിയുടെ അഴിഞ്ഞുലഞ്ഞ മുടിയിലേക്കും നീണ്ട താടിയിലേക്കും പുകപടർന്നു കയറുന്നു. അവയിൽനിന്ന് പുക ചുരുളുകളായി പുറത്തേക്ക് വരുന്നു! ചിതറുന്നു! വീണ്ടും ഒന്നുകൂട്ടുന്നു! മുറിയിൽ നിറയുന്നു. മുറിയിലെ ധൂമകൂപാൻവാസിൽ ചരസിന്റെ അദൃശ്യഹസ്തങ്ങൾ പുതിയ ചിത്രങ്ങൾ വരയ്ക്കുന്നു. തീക്ഷ്ണതയും കരുത്തും ഉള്ള പുതിയരേഖകൾ, പുതിയ രൂപങ്ങൾ, പുതിയ വർണ്ണസങ്കലനങ്ങൾ.

ഗുരുമുഖിന്റെ ശബ്ദം: "ഞാനൊരു ചിത്രകാരനല്ല."

മറുപടി: "ഒരിക്കലുമല്ല. ഈ ചിത്രം, പുകപടലത്തിന്മേൽ ചരസ് വരയ്ക്കുന്ന, കാലം വരയ്ക്കുന്ന ഈ അസുലഭ ചിത്രം മനസ്സിൽ കാണാൻ പോലും നിനക്കു കഴിയില്ല."

ഗുരുമുഖ് പഞ്ചാബിയിൽ കരയുന്നു: "ശരിയാണ്. ശരിയാണ്. ഞാൻ ചിത്രകാരനല്ല. ഞാനൊരു കപടനാട്യക്കാരനാണ്."

"കരയാതെ, ശ്രമിക്ക്."

ഗുരുമുഖിന്റെ കറുത്തമുഖം പ്രസന്നമാവുന്നു. അവൻ ചരസിന്റെ ഒരു പുകക്കുടി അകത്താക്കി, കണ്ണും മുഖം വായും അടച്ച് ഒരു സന്യാസിയെപ്പോലെ ചരസിന്നുള്ളിൽ കടന്നിരിക്കുന്നു. നീണ്ടനിമിഷങ്ങൾക്കുശേഷം പ്രസന്നമായ മുഖത്തോടെ, പ്രസന്നമായ കണ്ണുകൾ തുറന്ന്, പ്രസന്നമായ ശബ്ദത്തിൽ അവൻ പറയുന്നു:

(ശേഷം 69-ൽ)

മലയാളനാട് അത്ഭുതസ്മരണ

ലേഖനം

"ബാബ സ്വന്തം ആവശ്യത്തിനുള്ള സ്വർണ്ണവും രൂപയും മററും സ്വയം നിർമ്മിക്കുന്നുവെന്ന് ചില ഭക്തന്മാർ പറയുന്നു. ഇൻഡ്യാഗവണ്മെന്റിന്റെ അനുവാദത്തോടെ കറൻസിനോട്ടുണ്ടാക്കുന്ന പണ്ടി സായിബാബ ചെയ്യുന്നുണ്ടെങ്കിൽ അതു ദിവ്യശക്തികൊണ്ടാണെങ്കിൽപ്പോലും ശിക്ഷാർഹമായ ക്രിമിനൽകുററമാണ്"...

പ്രൊഫസർ ഏം. ടി. കേശവപ്പിന്റെ ലേഖനം തുടരുന്നു

സായിബാബ ഒരു തട്ടിപ്പുകാരൻ

ഗ്രന്ഥനിരൂപണമെന്ന ലേബലൊട്ടിച്ച് ആനുകാലികപ്രസിദ്ധീകരണങ്ങളിൽ എഴുതിവിടുന്ന പുസ്തകാഭിപ്രായക്കുറിപ്പുകൾ മാത്രമാണിന്ന് നിരൂപണശാഖയുടെ നേട്ടങ്ങൾ. ഇതു സാഹിത്യത്തിന്റെ വളർച്ചയെ സാരമായി ബാധിക്കുന്ന ഒരു ചാഴിദോഷമാണ്, തെക്കാടെഴുതുന്ന

സാഹിത്യനിരൂപണം എങ്ങിനെ?

സംസ്ഥാന യുവജനോത്സവത്തെക്കുറിച്ച് വിനീതാമേനോൻ എഴുതുന്ന ഒരു സചിത്രലേഖനം

കഥ

പാനം നിർബ്ബന്ധമാണെങ്കിൽ ഒരു സ്ട്രോയിട്ടു പാനംചെയ്യേണ്ടതു്. കൊക്കോകോല വരിഷിൽ അ. വ. കിട്ടുണ്ണിനായർ മുക്കാഞ്ഞിച്ചു. ആ ജ്ജാരേ.

വി. കെ. എൻ. എഴുതുന്ന നർമ്മകഥ

പാനോപചാരം

ഡോ: കൃഷ്ണപ്രസാദ് മിശ്രയുടെ ഒരു ഹിപ്പിക്കുണ്ണിയുടെ കഥ

"എന്റെ ആദ്യത്തെ കഥാ"പരമ്പരയിൽ ശശിജയുടെ

പഥികർ, പാതകൾ

ഏ. ഡി. രാജന്റെ

അനുഭൂതി തുടരുന്നു

കവിത

ഏ. വി. ഏം.

കുഞ്ഞപ്പ പട്ടാമ്പി

പംക്തികൾ

ജി.

ഏം. കൃഷ്ണൻനായർ

മലയി

കഷായം

പ്യൂൺ കുട്ടൻപിള്ള മന്ത്രവാദിക്കൊച്ചപ്പിയാശാനെ പരിചയപ്പെടുന്നു.

ഗ്രന്ഥനിരൂപണം

ഏം. ഷൺമുഖദാസ്

സിനിമ

മംഗലശ്ശേരി

നോവലുകൾ

തകഴി, കാക്കനാടൻ, സാരാതോമസ്

വായനക്കാരുടെ പംക്തിയിൽ സായിബാബയെക്കുറിച്ചുള്ള കണ്ടുകൾ, സോമനാഥന്റെ ചിത്രകഥ, ശാസ്ത്രപംക്തി etc.

നീണ്ടകഥ-I

മകൾ

മകൾ കളിയുംകഴിഞ്ഞു് ഇറങ്ങിവരുന്നതു് അമ്മ മുളിഞ്ഞുനിന്നു നോക്കി.

മകൾ വളർന്നിരിക്കുന്നു!

വെറുതയല്ല അവൾ ഒരു യുവാവിനെ സ്നേഹിക്കുന്നതു്. സ്നേഹിക്കട്ടെ. സ്നേഹിച്ചുപോകട്ടെല്ലാ.

അമ്മ ചിന്തിച്ചു.

മകൾ സാരി മാറി പൗഡറിടാൻ വരുന്നതിനുമുമ്പായി അമ്മ കണ്ണാടിയുടെ മുമ്പിൽ പോയിനിന്നു. കണ്ണാടിയിൽ കണ്ടതു സ്വന്തം പ്രതിരൂപമായിരുന്നു. പക്ഷേ, മകളിൽ കണ്ടതു ഇരുപതു വർഷത്തിനു മുമ്പുള്ള തന്റെ സ്വരൂപമാണല്ലോ എന്നു് അമ്മ വിചാരിച്ചു.

അമ്മ അടുത്ത മുറിയിലേയ്ക്കു പോയപ്പോൾ, മകൾ കണ്ണാടിയുടെ മുമ്പിൽ വന്നുനിന്നു. കുറച്ചുനേരത്തേയ്ക്കു പിന്നെ മകളെ വെളിയിലൊന്നു കണ്ടില്ല.

മകളെ അങ്ങനെ സ്നേഹിക്കാൻ വിടണോ എന്നു ചിന്തിക്കുവാൻ അമ്മ ആഗ്രഹിച്ചു. ഭർത്താവോടൊപ്പം എന്തൊക്കെയോ ആ അമ്മ ആലോചിച്ചുപോയി

ഇരുപതു വർഷങ്ങൾക്കുമുമ്പു്, തന്റെ അമ്മയും ഇതുപോലെ മുളിഞ്ഞുനിന്നു്, തന്നെ നോക്കിക്കാണുമോ? ഇതുപോലെ ചിന്തിച്ചുകാണുമോ?

അന്നു താനൊരു യുവാവിനെ സ്നേഹിച്ചിരുന്നു.

ഹാ! സ്നേഹം!!

അമ്മ നെടുവീർപ്പിട്ടു. ചെട്ടന്നു ചിന്ത അവസാനിപ്പിക്കേണ്ടിവന്നു.

"അമ്മേ..."

മകളുടെ വിളി.

"എന്തു്..."

അമ്മ വിളികേട്ടു.

"ഈ സാരി മതിയോ ഏതാണു്."

"നീ എവിടെ പോകുന്നു."

"സിനിമയ്ക്കു്. ഭാരതിയും വരുന്നുണ്ടു കൂടെ."

"പോകണോ. നിർബ്ബന്ധമാണോ."

"സന്ധ്യയാകുന്നതിനുമുമ്പിതു വരാമല്ലോ. മാറരിനിക്കല്ലേ പോകുന്നതു്".

"നീ ഏതായാലും തീരുമാനിച്ചുകഴിഞ്ഞല്ലോ. അതുപോലെ നടക്കട്ടെ."

ഉണ്ണേ് അമ്മ മറ്റൊന്നും പറഞ്ഞില്ല.

തന്റെ തീരുമാനങ്ങളെല്ലാം അമ്മ ഇതുപോലെ അനുവദിച്ചുതരുമോ എന്നാണു് മകളപ്പോൾ ഭയത്തോടെ ആലോചിച്ചതു്.

ചുവന്ന സാരിക്കു ചേരുന്ന ചുവന്ന ബ്ലൗസുതന്നെ ധരിച്ചു മകൾ. ചുവന്ന ഒരു സിന്ദൂരപ്പൊട്ടു തൊട്ടു. ചുവന്ന വള്ളികളുള്ള ചെരുപ്പു മകൾ അന്വേഷിക്കുന്നതു് അമ്മ ശ്രദ്ധിച്ചു

ചിരിച്ചുകൊണ്ടു ഭാരതി വന്നു.

"ഇതാ വന്നുകഴിഞ്ഞു."

മകൾ മുററത്തേയ്ക്കിറങ്ങി.

ഭാരതിയോടൊപ്പം മുററത്തേയ്ക്കിറങ്ങിയപ്പോൾ, ചുവന്ന ഒരു പനിനീർപ്പൂ പറിച്ചു തലമുടിയിൽ തിരുകാൻ മകൾ മറന്നുപോയില്ല.

ഒരു സായംസന്ധ്യപോലെ മകൾ പടിയിറങ്ങിപ്പോകുന്നതു് അമ്മ നോക്കിനിന്നു.

സായംസന്ധ്യയ്ക്കു ശേഷമുള്ള ഇരുൾ പോലെ, ഏകാന്തത ചെട്ടന്നു തന്റെ ചുററും വലയംചെയ്യുന്നതു് അമ്മ അനുഭവിച്ചു.

മുൻവശത്തെ മുറിയിലെ വിളക്കു് അമ്മ തെളിച്ചു ആ വെളിച്ചത്തിൽ ഏകാന്തതയുടെ മുഖം വ്യക്തമായി കാണുവാൻ അമ്മയ്ക്കു കഴിഞ്ഞു.

ഗോപിയും സിനിമയ്ക്കുവരുമെന്നു നേരത്തെ അറിയിച്ചിട്ടുണ്ടാവും. അതാണു് അന്നുള്ളാരെ സിനിമയ്ക്കു പോകുന്നതെന്നു് അവൾ തീരുമാനിച്ചതു്.

ഒരു ദിവസം ഭാരതിയോടു ചോദിച്ചു് എല്ലാം അറിയണം. ആരാണു് ഈ ഗോപി?

ആറുമണികഴിയും അവൾ വരാൻ. അമ്മ ക്ലോക്കിലേക്കു നോക്കി. മണി ഒമ്പതു കഴിഞ്ഞിട്ടേയുള്ളു. ഉച്ചനേരത്തു് ഇരുട്ടും വെളിച്ചം ഉള്ളപ്പോൾ, എന്തിനാണു് വിളക്കു തെളിയിച്ചതു്. മുറിയിലേക്കല്ല, സ്വന്തം മനസ്സിലേക്കാണു് ഇരുൾ ഏകാന്തതയോടൊപ്പം വന്നുകയറിയതു്. മുറിയിലെ വിളക്കുതെളിച്ചാൽ മനസ്സിൽ വെളിച്ചം കയറുമോ? ഇതൊരുതരം ഭ്രാന്താണു്. ചെട്ടന്നു വിളക്കണച്ചിട്ടു്, സ്വന്തം മുറിയിലേക്കു്, സ്വന്തം മനസ്സിന്റെ ഇരുളുമായി അമ്മ പോയി.

മകൾ വരുന്നതുവരെ സമയം എങ്ങിനെ ചിലവഴിക്കും. എന്തെങ്കിലും പുസ്തകം ഉണ്ടോ വായിക്കാൻ, എന്നന്വേഷിക്കാനാണു് മകളുടെ മുറിയിൽ കയറിയതു്. മേശവലിപ്പിന്റെ അടിയിൽ നീലക്കലോസ്സുകൊണ്ടുപൊതിഞ്ഞ ഒരു പുസ്തകം.

A Love Story.

"ഒരു പ്രേമകഥ" എന്ന പേരിലുള്ള പ്രസിദ്ധമായ ആ ഇംഗ്ലീഷ്കൃതി. അതിനെപ്പററി എവിടെയോ വായിച്ചതായി ഓർക്കുന്നു. അസാധാരണമായ ഒരു പ്രേമകഥയാണു് അതെന്നു് ആ നിരൂപണം വായിച്ചപ്പോൾ തോന്നി.

ഒരു ദുരന്തപ്രേമകഥ!

പ്രേമകഥകളെല്ലാം ദുരന്തങ്ങളാണോ.

മരിക്കുമെന്നറിയാവുന്ന അവൾ, ആ മരണവും പ്രതീക്ഷിച്ചുകൊണ്ടു്, ആത്മനാഥന്റെ മടിത്തട്ടിൽ മന്ദഹസിച്ചുകൊണ്ടു കിടക്കുന്ന ആ രംഗം...

എം. ഡി. രാജൻ

ഓർത്തപ്പോൾ വ്യസനംതോന്നി. ആ കഥ സിനിമയിൽ വന്നിട്ടുണ്ടു്. സിനിമ വരുമ്പോൾ കാണണം.

"സ്നേഹംനിറഞ്ഞ ലളിതയ്ക്കു്,

സ്നേഹപൂർവ്വം ഗോപി."

പുസ്തകത്തിന്റെ ആദ്യപേജിൽ പച്ചരചിതികൊണ്ടു് എഴുതിയിരിക്കുന്നു.

ലളിതയ്ക്കു ഗോപികൊടുത്ത പുസ്തകം.

ഈറനണിയുന്ന കണ്ണുകളോടെ, വിർപ്പടക്കി വായിച്ചുതീർക്കേണ്ട ഈ ദുരന്തകഥയായിരുന്നോ ഗോപി ലളിതയ്ക്കു സമ്മാനിക്കേണ്ടിയിരുന്നതു്.

ആ പുസ്തകത്തിന്റെ പേജുകൾ ഇനിയും മറിക്കണോ എന്നു് ഒരു നിമിഷം ചി

POSTAL TUITION

Pass Privately M. A., M. Com., B. A., B. Com, PDC., Economics, ENGLISH, HISTORY, SOCIOLOGY.

UNIVERSITIES:
SAUGAR, KERALA, CALICUT.

Prospectus Rs. 2/- by M. O. to

Principal,

St. Martin's College,
KOTTAYAM-1.
Principal. K. J. GEORGE, M. A.

A success in marriage means
life-long happiness
Pleasure enthusiasm-enjoyment
that last a life-time
Adventure through knowledge
We help you to select the book of
your particular need
To blossom your marriage
read C. H. Rai books.

Free details:

DIRECTOR
C. H. R. AGENCY,
Chandiroor P. O.

ത്തിച്ചു. ആദ്യത്തെ പേജ് മറിച്ചു. മടക്കിയ ഒരു കണ്ണ്. തുറന്നു വായിക്കണോ. വേണ്ട. വേണ്ട, വായിക്കരുത്. മററാരാൾക്കുള്ള കണ്ണ്, സ്വന്തം മകൾക്കുള്ളതായാലും വായിക്കുന്നതു ശരിയല്ല. ഒരുപക്ഷേ. അതവൾക്ക് ഇഷ്ടപ്പെട്ടില്ലെങ്കിലോ...

ഇതുപോലെ എത്രയോ കണ്ണ് ഒരാളിൽനിന്നു തനിക്കു കിട്ടിയിരിക്കുന്നു. ഇരുപതിലേറെ വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു.

അവസാനത്തിലെ അവസാനവാക്യം ഇപ്പോഴും ഓർക്കുന്നു. അവസാനശ്വാസം വലിക്കുന്നതുവരെയും അതോർക്കും.

"എനിക്കു മാപ്പുതരൂ ദേവൂ..."

ആ പ്രേമം ഒരു പരാജയമായിരുന്നു, പരാജയത്തിന്റെ പൂക്കൾചൂടിയ പരിശുദ്ധമായ ഒരു പ്രേമം. അതൊരു കഥയാണ്. അന്നു നന്നേതാണ്, പക്ഷേ, ഇന്നോർക്കുമ്പോൾ ഒരു കഥപോലെ തോന്നുന്നു.

ദേവകിക്ക് അന്നു പതിനേഴുവയസ്സേ പ്രായമുള്ളു വാശിയേറിയ ഒരു പതിനെട്ടിന്റെ നിറവാണ് ആ സംഭവം ആരംഭിച്ചതു്.

കൂട്ടുകാരിയായ മാധവി ഒരുദിവസം പറഞ്ഞു!

"രാജശേഖരന് ഞാനൊരു കണ്ണുകൊടുത്തു."

നാണമില്ലാത്തവൾ. എന്തൊക്കെയാണിപ്പറയുന്നതു്. അന്നു വിചാരിച്ചു. ഒരിക്കലും ഒരു പെണ്ണ് അങ്ങിനെ ചെയ്യുകയില്ലായിരുന്നു. അന്നു തോന്നി. പുരുഷന്റെ കണ്ണു കിട്ടാതെ, ഒരു പെണ്ണ് ആദ്യമായി പുരുഷനു കണ്ണുകൊടുക്കുക. അങ്ങിനെയൊരു സംഭവം അന്ന് ഓർക്കുവാൻപോലും കഴിഞ്ഞിരുന്നില്ല ഇന്നും ഓർക്കുവാൻ കഴിയുന്നില്ല.

രാജശേഖരൻ കോളേജിലെ സുന്ദരനായ ചെറുപ്പക്കാരനാണ്. വെളുത്തു്, സ്വല്പം തടിച്ചു്, നല്ല രൂപക്കുള്ള രാജശേഖരന്റെ രൂപം ഇന്നും ശരിയായി ഓർക്കുവാൻ കഴിയുന്നു.

"മാധവീ...ഹിയാരു മണ്ടിയാണ്. നീ കാണിച്ചതു മണ്ടത്തരമാണ്." അങ്ങിനെയൊരു മാധവിയോടു സംസാരിച്ചു്.

"ഞാനൊന്നും ആലോചിച്ചില്ല. ഇന്നലെ രാത്രി ഉറങ്ങാൻ കിടന്നപ്പോൾ ഒരു കണ്ണു രാജശേഖരനു കൊടുക്കണമെന്നു തോന്നി. ഇന്നതു കൊടുക്കുകയും ചെയ്തു."

"അയാൾ മറുപടി തന്നില്ലെങ്കിൽ നാണക്കേടാവുകയല്ലേ."

മാധവിയോടു ചോദിച്ചു.

അപ്പോഴായിരിക്കാം പ്രേമത്തിന്റെ വികാരത്തിന് അങ്ങിനെയൊരു പ്രതിസന്ധി ഉണ്ടെന്ന വിവരം മാധവി അറിയുന്നതു്. ഉള്ളിലുയർന്ന ഭീതി പണിപ്പെട്ടമർത്തിയിട്ടു മാധവി ചിരിച്ചു. എന്നിട്ടു പറഞ്ഞു.

"തരും. തീർച്ചയായും തരും. ആണാണോ തരികതന്നെ ചെയ്യും."

അതുകേട്ടു വെറുതെ ചിരിച്ചു.

സ്വന്തം സൗന്ദര്യത്തെക്കുറിച്ചുള്ള അഹന്ത, ആണുങ്ങളെപ്പററിയുള്ള അജ്ഞത, ഇത്രയുമാണ് ആ മറുപടിയിൽ മുഴങ്ങിക്കേട്ടതു്.

മാധവി രാജശേഖരനു കണ്ണു കൊടുത്തതല്ല, രാജശേഖരൻ മാധവിക്കു മറുപടി കൊടുക്കുമോ എന്ന ചിന്ത, ദേവകിയെ അന്നു വേദനിപ്പിച്ചിരുന്നുവോ?

ഇന്നോർക്കുമ്പോൾ അതു വ്യക്തമാകുന്നു.

ദിവസവും-കാണുമ്പോൾ മാധവി പറയും.

"ദേവകീ...അയാൾ മറുപടിതന്നില്ല."

ഒരാഴ്ച കഴിഞ്ഞു.

രണ്ടാഴ്ച കഴിഞ്ഞു.

ആരൊക്കെയോ രാജശേഖരനെ സ്നേഹിക്കുന്നുണ്ടെന്നും. അതിനുമുമ്പായി അയാളുടെ സ്നേഹം പിടിച്ചുപററണമെന്നുമുള്ള ആവേശമായിരുന്നു മാധവിയെക്കൊണ്ടു കരത്തെഴുതിച്ചതെന്നു പിന്നീടു മനസ്സിലായപ്പോഴും, വെറുതെ, ചിരിച്ചു.

ഒരുദിവസം കണ്ടപ്പോൾ മാധവി രഹസ്യം ചോദിക്കുകയുണ്ടായി.

"ദേവകീ, ഞാൻ തുങ്ങിച്ചാവും."

"നീ എന്തുകൊണ്ടു തുവരുത്തു അതു ചെയ്യുന്നില്ല."

"ദേവകീ..."

"പോടീ കളിയടീ. നീ അതങ്ങു മറന്നുകളഞ്ഞു."

"ഞാനെങ്ങിനെ ഇനി അയാളുടെ മുഖത്തു നോക്കും." മാധവി പിന്നെയും കരയുകയായിരുന്നു.

"അയാളുടെ അത്തരത്തിലുള്ളോ നിനക്കു മുഖത്തു നോക്കാൻ പോകാൻ പററുകയുമില്ല." മാധവിയിൽ ധൈര്യം പകരുവാനുള്ള ശ്രമമായിരുന്നു.

"എന്നാലും ആൾടെ ദേവകി."

കരളു മുറിഞ്ഞൊഴുകുന്ന ചോരപോലെയാണു കണ്ണുനീരു വാരിനിറഞ്ഞൊഴുകിയതു്.

"അയാളോടു ഞാനെന്തുചെയ്യാനാണല്ലോ."

"അതു ദേവകി. ഞാൻ കണ്ണുകൊടുത്ത കാര്യം അയാൾ പലരോടും പറഞ്ഞെന്നാ തോന്നുന്നതു്. പലരും എന്നെ നോക്കി കളിയാക്കി ചിരിക്കുന്നു."

"നീ ഇതിനു പ്രതികാരം ചെയ്യണം."

മാധവിയോടു പറഞ്ഞു. ഒരു പെണ്ണിനോടു കാണിച്ച ക്രൂരതയെപ്പററി, പെണ്ണിന്റെ മാഗത്തുനിന്നു് ആവേശപൂർവ്വം ചിന്തിച്ചപ്പോൾ അങ്ങിനെ പറഞ്ഞുപോയി അന്നു്.

"ഞാനെന്തുപ്രതികാരം ചെയ്യാനാണ്. ഞാൻ യുദ്ധത്തിൽ തോററവളാണ്. മുറിവുപററിയവളാണ്."

"ഞാനൊരുകാര്യം ചെയ്യാം."

അതു കേട്ടപ്പോൾ മാധവിയുടെ മുഖം വികസിച്ചു. മഞ്ഞുതുള്ളികളേററു വിരിയുന്ന താമരമലർപോലെ.

"എന്താ നിന്റെ ബുദ്ധി." മാധവി ചോദിച്ചു.

"ഞാൻ രാജശേഖരന് മറ്റു കണ്ണു കൊടുക്കാം."

"ങ..." ഒരു രോഷൽ

"മുഴുവൻ പറയടീ മണ്ടി."

മുഴുവൻ പറഞ്ഞു.

"എന്റെ പൊന്നേ...പ്രാണനാഥാ... എന്നൊക്കെ വിളിച്ചു", ഞാനങ്ങയെ സ്നേഹിക്കുന്നു എന്നൊക്കെ എഴുതി, ഞാനൊരു കണ്ണു് അയാൾക്കു കൊടുക്കാം. അയാൾ മറുപടി തന്നേക്കും. അതു കിട്ടിക്കഴിയുമ്പോൾ, എനിക്കു തന്നാണ് ഒരു ചുക്കു സ്നേഹവുമില്ല എന്നു കാണിച്ചു ഒരു കണ്ണു കൊടുത്തു് അതങ്ങവസാനിപ്പിക്കാം. രസികനൊരു പ്രതികാരമായിരിക്കും. എന്താ സമ്മതിച്ചോ."

മാധവി ആലോചിക്കുകയായിരുന്നു. അവസാനം അവൾ പറഞ്ഞു.

"ശരി"

സ്വന്തം സൗന്ദര്യത്തെക്കുറിച്ചു് അതിരുകവിഞ്ഞ ആത്മവിശ്വാസം ഉണ്ടായിരുന്നതുകൊണ്ടും, ചെറുപ്പത്തിന്റെ ചോര

ത്തിളപ്പിൽ വിവേകത്തെക്കുറിച്ചാർക്കാതിരുന്നതുകൊണ്ടും രാജശേഖരൻനായർക്ക് അന്ന് എഴുതു കൊടുത്തു.

ചെയ്തുപോയ അവിവേകത്തെക്കുറിച്ച് ചിന്തിച്ച് ഒരു രാത്രിമുഴുവൻ ഉറങ്ങിയില്ല.

പിറേറ ദിവസംതന്നെ മറുപടി കിട്ടി. മാധവിയെ വിളിച്ചു കത്തുകാണിച്ചു. അവൾ അത്ഭുതപ്പെട്ടു. അത്ഭുതത്തേക്കാളേറെ അസൂയയാണ് ആ മുഖം നിറയെ അന്നു കാണാൻ കഴിഞ്ഞതു്. അവൾ കത്തു കൊടുത്തിട്ടു മറുപടി കൊടുക്കാതിരുന്ന രാജശേഖരൻ മററാളുടെ കത്തിനു മറുപടി നല്കിയിരിക്കുന്നു. അവിടെ സന്ദേശം ഒരു മാനഭംഗം ആയിക്കാണണമല്ലോ.

ഇതെങ്ങിനെ പ്രതികാരമാകും. പ്രതികാരത്തിന്റെ സുഖം കിട്ടുന്നില്ലല്ലോ.

മാധവിയുടെ മുഖത്തു മാറിമാറി വീണ ഭാവങ്ങൾ മനസ്സിലാക്കാൻ യാതൊരു വിഷമവും തോന്നിയില്ല.

"പറഞ്ഞതുപോലെ അയാൾക്ക് നീ മറുപടി കൊടുക്കണം" മാധവി പറഞ്ഞു.

"ശരി, കൊടുക്കാം" മാധവിയോടേറു.

പക്ഷേ, അങ്ങിനെയൊരു മറുപടി എഴുതുവാൻ എന്തുകൊണ്ടോ കഴിഞ്ഞില്ല

ആ യുവാവ് തന്നോടു് എന്തുതെററു ചെയ്തു. മററാരോടെങ്കിലും അയാൾ തെററുചെയ്തിട്ടുണ്ടോ. മാധവിയുടെ കത്തിന് അയാൾ മറുപടികൊടുത്തില്ല. അതു് തെററാണോ. അതാരുടെ തെററാണ്. തെററുചെയ്തതു മാധവിയല്ലേ. തെററുചെയ്ത മാധവിയുടെകൂടെയാണല്ലോ താനും ചേർന്നിന്നതു്. അയാൾ മറുപടി കൊടുത്തില്ല. അതല്ലേ ശരി. പെണ്ണു കത്തു കൊടുത്താൽ പുരുഷൻ അതിനു മറുപടി നല്കണമെന്നുണ്ടോ. മാധവിയോടു രാജശേഖരനു സ്നേഹമില്ലായ്മയുണ്ടാകും. എങ്കിൽ അക്കാര്യം കാണിച്ചു് ഒരു കത്തുകൊടുക്കാമായിരുന്നല്ലോ. അതുവേണ്ടെ വേദനിപ്പിക്കണം എന്നു കരുതിയിരിക്കുമോ. എങ്കിൽ അയാൾ ആരെയോ സ്നേഹിക്കുന്നുണ്ട്. മാധവിക്കു മറുപടികൊടുക്കാതിരുന്ന അയാൾ തന്റെ കത്തിന് എന്തിനു മറുപടി നല്കി. അയാൾ ശുദ്ധനല്ല. പാവമല്ലേ.

മററാരാളുടെ മനസ്സിൽ കയറിനിന്നു് ഇങ്ങിനെ ചിന്തിച്ചാൽ, അതു ശരിയായ ചിന്തയാകുമോ.

ദേവകി അന്നു് രാജശേഖരനെ സ്നേഹിക്കാൻ തുടങ്ങുകയായിരുന്നു.

മററാൾക്കു ഈ ഹൃദയത്തിൽ സ്ഥാനമില്ലെന്നും ദേവകിയെക്കുറിച്ചാണ് എന്റെ എപ്പോഴുമുള്ള ചിന്തയെന്നും പലപ്പോഴും ഒരു കത്തെഴുതണമെന്നു് ആലോചിച്ചിട്ടുണ്ടെന്നും, ഭയംകൊണ്ടാണ് അതിനു തുനിയാതിരുന്നതെന്നും അങ്ങിനെ എന്തൊക്കെയോ എഴുതിയിരുന്നു.

എല്ലാം ഒന്നും ഓർക്കുന്നില്ല. ഹൃദയത്തിന്റെ നിറം കലർന്ന അക്ഷരങ്ങളായിരുന്നു അവ.

തന്നോടു് എനിക്ക് ഒരു ചുക്കസ്നേഹവുമില്ലെന്നു് എങ്ങിനെ മറുപടി എഴുതും. അതിനാൽ മാധവിയോടു് ഏററിരുന്നതുപോലെ മറുപടി എഴുതിയില്ല. ഒരു മറുപടിയും എഴുതിയില്ല.

പക്ഷേ, മാധവിയോടു കള്ളംപറഞ്ഞു. പറഞ്ഞതുപോലെതന്നെ മറുപടി അയച്ചുവെന്നു്. അവൾ വിശ്വസിച്ചു. ഒരു പ്രതികാരം നിർവ്വഹിച്ചതിന്റെ ആശ്വാസം ആ മുഖത്തു തെളിഞ്ഞുകണ്ടു. അതു കണ്ടപ്പോൾ ചിരി തോന്നി.

ഒരുദിവസം രാജശേഖരന്റെ മററൊരു എഴുത്തുകൂടി കിട്ടി. വായിച്ചാൽ കരഞ്ഞുപോകുന്ന ഒരു എഴുത്തു്. വായിച്ചു. വളരെനേരം കരഞ്ഞു.

വേണ്ടായിരുന്നു. ആവശ്യമില്ലാത്ത ഒരു സംഗതിയായിപ്പോയി. മനസ്സിനു യാതൊരു സമാധാനവുമില്ല.

ഞാൻ ഉറങ്ങുകയായിരുന്നല്ലോ. ഒന്നും അറിയാത്തവനായി. സ്വപ്നംപോലെ സ്വപ്നത്തിലെ സ്വർഗ്ഗംപോലെ നീ എന്തിന്നു് എന്റെ മുന്നിൽ വന്നു. എന്തിന്നു് എന്നെ വിളിച്ചുണർത്തി, എന്തിനു ചുംബിച്ചു. എന്തിനു കൈകൊട്ടി വിളിച്ചു. മാനത്തെ അമ്പിളിയുടെ നേർക്കാണോ ഞാനെന്റെ കരങ്ങൾ നീട്ടിയതു്, അകലങ്ങളിലേക്കു് അകന്നകന്നുപോയി നീ എന്തിന്നു് എന്നെ വേദനിപ്പിക്കുന്നു. ചിറകില്ലാത്ത എന്നെ വേദനിപ്പിക്കുന്നു. ചിറകില്ലാത്ത എന്നെ വേദനിപ്പിക്കുവാൻ ഞാനെന്തു തെററുചെയ്തു.

ഈ സ്വപ്നം, ഈ സ്വർഗ്ഗം സത്യമാകുന്നില്ലെങ്കിൽ, മറെറാരു സ്വപ്നം കാണുവാൻവേണ്ടി, വീണ്ടും ഞാനുറങ്ങാൻ പോകുന്നു. ഒരിക്കലും ഉണരാത്ത ഉറക്കം.

ആരു വിളിച്ചാലും വിളികേൾക്കാത്ത ഉറക്കം.

അങ്ങിനെ, ആ കത്തു വായിച്ചു് വളരെനേരം കരഞ്ഞു.

അതിനു മറുപടി നൽകാതിരിക്കാൻകഴിഞ്ഞില്ല. വിളിച്ചുണർത്തിയിട്ടു്, കണ്ണുകൾ ഉറന്നു വാവിട്ടു കേഴുന്ന ഹൃദയത്തിന്റെ നേർക്കു ചെവികൾ കൊട്ടിയടയ്ക്കുവാൻ കഴിഞ്ഞില്ല.

പിന്നെ എത്രയോ കത്തുകൾ കൈമാറി. ഉറച്ച ഒരു സ്നേഹബന്ധം ഉടലെടുത്തു.

മനസ്സ് മനസ്സിനെ മണത്തറിഞ്ഞു, ഹൃദയം ഹൃദയത്തെ കണ്ടറിഞ്ഞു, ആത്മാവു് ആത്മാവിനെ അടുത്തറിഞ്ഞു, ഒരു ബന്ധമായിരുന്നു അതു്.

അവസാനം എന്തായിരുന്നു?

അവസാനം...

എല്ലാററിന്റെയും അവസാനം എന്താണ്?

ഓർ സമയം നീങ്ങുന്നില്ല. നിശ്ശബ്ദതയുടെ നിഴലുകൾ വീണ ഈ ഏകാന്തതയെപ്പെടുത്തുന്നല്ലോ.

ദേവകിഅമ്മ നാലുപാടും നോക്കി. നിശ്ശബ്ദതയെ ഭംഗപ്പെടുത്താൻ ഒന്നു ഹസിച്ചാലെന്തെന്നു തോന്നി ദേവകിഅമ്മയ്ക്ക്.

—0—

അടുത്ത ലക്കത്തിൽ

കാമുകി

ഇരുപത്തിരണ്ട്

ഏഴുപതു് ഫെബ്രുവരിയിലാണ്. ഗുരുവായൂർ പോയി ദർശനം കഴിഞ്ഞു പോരുമ്പോൾ, തൃശ്ശൂർ തെക്കേനടക്കാവിൽ "പത്ത"ന്റെ ഹോട്ടലിനുമുൻപിൽ കാർ നിർത്തി. വളരെ വെളുപ്പും വലിയ തലയെടുപ്പുമുള്ള ഭക്ഷണശാലകൾ വേറെയില്ലാഞ്ഞിട്ടല്ല. പത്തൻ–പത്മനാഭനെ പ്രാന്തിലിയാണ്; കണ്ടിട്ടു കാലമെത്രയായെന്നോ! —തിരിച്ചറിഞ്ഞു; എഴുന്നേററു വന്നു. "കറുപ്പുമാസ്ററർ മറന്നിട്ടില്ല!" ആ സരളഹൃദയം സന്തോഷംകൊണ്ടു ഉരുമ്പി എന്നു തോന്നി. എങ്ങനെ മറക്കാനാണ്! ഞാനും എനിക്കു കൊച്ചനുജനെപ്പോലെ ആയിരുന്ന രാമനുണ്ണിയും—ഇപ്പോൾ വി. ആർ. മേനോൻ; "മാതൃഭൂമി"നൃസ്എഡിററർ— "പത്ത"ന്റെ ഹോട്ടലിലാണ് രണ്ടുമൂന്നുകൊല്ലം കാപ്പി കഴിച്ചിരുന്നതും ഉണ്ണുകഴിച്ചിരുന്നതും. നാല്പതുശതകത്തിലധികം അകലമുള്ള കഥ എന്നാലും മറവിയിൽ സ്വയം തിളങ്ങുന്ന ഓർമ്മ. കാലിൽ നീരു വന്നിരിക്കുന്നു; മുഖത്തു വാൽക്കം മുറ്റു കത്തിയിരിക്കുന്നു! എന്നാലും "പത്ത"ന്റെ ഉന്മേഷത്തിനും ആവേശത്തിനും കുറവു പററിയിട്ടില്ല.

ആ ഹോട്ടലിനോടു സവിശേഷപ്രതിപത്തി തോന്നാൻ മററാരു കാരണംകൂടി ഉണ്ട്. നാട്ടുരാജ്യങ്ങളിൽ സ്വാതന്ത്ര്യസമരത്തിനു വലിയ ഊഷ്മളതയുണ്ടായിരുന്നില്ല. "അനുഭാവി"കൾതന്നെ ആ ചായ്വ് അധികം പ്രദർശിപ്പിച്ചിരുന്നില്ല. പേടികൊണ്ട്. ഏതാനും പ്രമുഖവ്യക്തികളുടെ സ്വാധീനശക്തിയാൽ ചെറിയ ഘോഷയാത്രകൾ നടന്നിരുന്നു; ഖദർ കുറച്ചൊക്കെ പ്രചരിച്ചിരുന്നു; അങ്ങുമിങ്ങും ചക്ര തിരിഞ്ഞിരുന്നു. ഏതോ മരാചാരാനുഷ്ഠാനംപോലെ. പ്രസംഗപരിപാടികൾ മുടങ്ങിയിരുന്നില്ല. ഇഴുതുവാരുടെ കററ്ർ നമ്പൂതിരിപ്പാടും ആയിരുന്നു, മുഖ്യനേതാക്കന്മാർ എന്നു തോന്നുന്നു.

"പത്തൻ" രഹസ്യപൂർവം ദേശീയാഭിമാനം പോററുകയും കടയിൽ കോൺഗ്രസ്കൊടി നാട്ടുകയും "സന്നദ്ധഭട"ന്മാർക്കു പാതിവിലയ്ക്കു കാപ്പിയും പലഹാരവും ഊണും കൊടുത്തുതുടങ്ങുകയും ചെയ്തു. അന്നത്തെ നിലയ്ക്കു സാഹസികമായിരുന്നു, ആ സഹകരണം; പ്രശംസനീയമെങ്കിലും സർക്കാരിന്റെ കോപം ക്ഷണിച്ചുവരുത്തുന്നതായിരുന്നു, ആ സ്വാതന്ത്ര്യസമരസഹകരണം. കേരളത്തിലെ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ ചരിത്രം ചമയ്ക്കുന്നവർ "പത്ത"നെ ഓർക്കുകയില്ല; ആ ത്യാഗത്തെ രേഖപ്പെടുത്തുകയില്ല. "പത്തൻ" ജേലിൽ പോയിട്ടില്ലല്ലോ.

തെക്കേ നടക്കാവിലെ ആ ദേശാഭിമാനിയുടെ ഹോട്ടലിൽ ഊണ്; "പാറമേൽക്കാവമ്പല"ത്തിന്റെ പിന്നിലൂടെ ഒതുങ്ങിപ്പോകുന്ന കോളേജ്റോഡിന്റെ കിഴക്കേ വക്കിൽ, ഒരു ചെറിയ മാളികയിൽ പാർപ്പ്. 1929–30 വിദ്യാലയവർഷത്തിലെ സ്ഥിതിയാണിതു്. കലാലയവിദ്യാർത്ഥികൾതന്നെ വസതിയിലെ കൂട്ടുകാർ. മാധവമേനോൻ, ഞാററുവീട്ടിൽ അപ്പുക്കുട്ടമേനോൻ, എം. എസ്. കൃഷ്ണൻ, രാമനുണ്ണി—കഴിഞ്ഞ കൊല്ലത്തെപ്പോലെതന്നെ എല്ലാവരും. ചിറളയിത്തു രാജനും ഉള്ളാട്ടിൽ ശങ്കരൻകുട്ടിയും മിക്കവാറും എന്നും വരും. "ദേവദാസ്"—പിന്നീടു ദേശാഭിമാനിയുടെ പത്രാധിപപദംവരെ ഉയർന്ന ശാന്തിനികേതനവിദ്യാർത്ഥി, എന്റെ പ്രേഷ്ഠസുഹൃത്തു്, പ്രശസ്തപുരോഗമനസാഹിത്യവിമർശകൻ — അന്നു പലപ്പോഴും തെക്കേക്കാട്ടിലെ സുഹൃൽസദസ്സിൽ പങ്കെടുക്കാറുണ്ട്; സാഹിത്യസല്ലാപങ്ങൾക്കു ജീവനുണ്ടാകാറുണ്ട്. ചിലപ്പോൾ യുവകവി ടി. ആർ. നായരും കൂടും.

തൃപ്പണിത്തുറ സംസ്കൃതവിദ്യാലയത്തിൽ കുറച്ചു തരക്കം പഠിച്ച്, എന്തോ കാരണത്താൽ അതിനു മുടക്കം വന്ന ഒരു ചെറിയ പണ്ഡിതനാണ് അന്നു ടി ആർ. നായർ. സംസ്കൃതകാവ്യങ്ങളുടെ മഹാപ്രതിപത്തി; ആ കൃതികളിലെ കൽപ്പനകളോടും വർണ്ണനകളോടും അത്യാസക്തി; ശ്രീ. നായർക്ക് മൗലികപ്രതിഭയുടെ വെളിച്ചമില്ലെന്നാണ്, സി. എച്ച്. കുഞ്ഞുണ്ണി രാജാവിന്റെ നേരംപോക്കിലുള്ള വിമർശനം. "രാജ"നു ഭാവനാദീപ്തങ്ങളായ ഭാവഗീതികളോടായിരുന്നു മുന്തുടുക്കം. "ശങ്കരൻകുട്ടി" കവിതയായിരുന്നില്ലെങ്കിലും കവിതാമർമ്മജ്ഞനാണ്. "കലശലുകട്ടാൻ", "കളിയാക്കാൻ", അതിവിദഗ്ദ്ധനും. ആ കണ്ണുകൾ തിളങ്ങും ഭാവനയുടെ ഒരു നൂതന നാളുകണ്ടാൽ; വികാരത്തിന്റെ വെളിച്ചവും മൃദുത്വവും ഉള്ള ഒരു പാളൽ തോന്നിയാൽ. ആ നകം റൊമാൻറിക്കഥകൾ എഴുതിയിട്ടുണ്ട്; "കൃഷ്ണകമാരി" എന്ന റോമാൻറിക്നാടകത്തിന് കെ. എം. പണിക്കർ പരീക്ഷകനായിരുന്ന ഒരു കലാമണ്ഡലനാടകമത്സരത്തിൽ പ്രഥമസ്ഥാനം നേടിയിട്ടുണ്ട്; ദ്വിജേന്ദ്രലാൽറായിയുടെ പല നായികാരത്നങ്ങൾ ജീവിപ്പിച്ചിട്ടുണ്ട് കലാമണ്ഡലവാർഷികോത്സവങ്ങളിലെ നാടകരംഗങ്ങളിൽ. ആ പ്രതിഭയും വാസനയും പിന്നീടു പൂർണ്ണമായി വികസിച്ചിരുന്നെങ്കിൽ! ഞാററുവീട്ടിൽ അപ്പുക്കുട്ടമേനോൻ ആവേശമുള്ള ആസ്വാദകനാണ്. ഒരു ചിന്തകന്റെ മുഖമുണ്ട്. തിരുവനന്തപുരത്തു 'കേസരി'. സഭസ്സ്ലെ അംഗമായതിനുശേഷമാണ്, സാഹിത്യവിമർശനവാസന ഉണർന്നതു്. ഇൻകംടാക്സ്ഡിപ്പാർട്ടുമെന്റിൽ ചുമതലയുള്ള ജോലി കിട്ടിയതോടെ സാഹിത്യതാൽപര്യം കുറഞ്ഞുവന്നെന്നു തോന്നുന്നു. രാമനുണ്ണിക്കു ലേഖനകലയിലായിരുന്നു, വാസന; കവിത വിവേകപൂർവം ആസ്വദിക്കാം; "ജർണലിസ്"ത്തിലേക്കു ചായേണ്ടിവന്നു. എന്റെ പ്രേരണയാലാണ്, കെ വി. രാഘവൻനായർ ആ ചെറുപ്പക്കാരനായ പ്രതിഭാശാലിയെ കലാലയവിദ്യാഭ്യാസം തുടരാൻ സാഹചര്യം പ്രതികൂലമായപ്പോൾ "ഗോഥ."യുടെ സ്റ്റാഫിൽ എടുത്തതു്. ഈ യുവസുഹൃത്തുക്കളുടെ സമ്പർക്കം, സഹകാർദ്ദം, എന്നിവയ്ക്കു വളരെ ഉന്മേഷദായകമായിരുന്നു.

രാഷ്ട്രീയരംഗത്തുനിന്നു ശരീരം അകന്നുനിന്നിരുന്നെങ്കിലും മനസ്സ് ആ അസ്വസ്ഥത ശ്വസിച്ചുകൊണ്ടാണിരുന്നതു്. എന്റെ ലോഡ്ജിലെ എല്ലാ വിദ്യാർത്ഥികളും ഭാരതസ്വാതന്ത്ര്യസമരത്തിന്റെ മന്ദ്രകാഹളം ആവേശത്തോടെ കേൾക്കുന്ന ദേശീയവാദികളായിരുന്നു. അപ്പുക്കുട്ടമേനോനും, മാധവമേനോനും, എം. എസ്സും ഘോഷയാത്രകളിൽ ഉത്സാഹപൂർവം പങ്കെടുത്തുതുടങ്ങി. എനിക്കവരെ ഉള്ളുകൊണ്ട് അനുഗമിക്കാനേ കഴിഞ്ഞിരുന്നുള്ളു. വള്ളത്തോളിന്റെ "പോരാ പോരാ നാളിൽ–നാളിൽ–ദുരിതം ഉയരട്ടെ, ഭരതഷ്മാദേവിയുടെ തൃപ്പതാകകൾ" എന്ന പതാകാഗാനം എല്ലാ ഹൃദയത്തിലും രാഷ്ട്രീയരീക്ഷത്തിലും ഉയർന്നു പാറിക്കൊണ്ടിരുന്നു, ജാഗ്രത്തെ അകററിക്കൊണ്ട്; ആവേശത്തിൽ അലയുയർത്തിക്കൊണ്ട്. ഒരു ദിവസം ഘോഷയാത്രയ്ക്കു ചൊല്ലാൻ കൂട്ടുകാർ എന്നെക്കൊണ്ടും ഒരു ഗാനം എഴുതിച്ചു. കല്പനയും ഭാവനയുമൊക്കെ ഉണ്ടായിരുന്നാലു, കൊടിയോടൊപ്പം ഉയരാനും ജനഹൃദയത്തിൽ വികാരവിചികളെ ഉണർത്താനും അതിനു പ്രഭാവം പോരായിരുന്നു, ഏന്നു സമ്മതിക്കതന്നെവേണം മഹാകവിയുടെ സ്വർഗ്ഗജലഗീതത്തിന്റെ മുൻപിൽ തലതാഴ്ത്തി

ജീ

ഓർമ്മയുടെ ഓളങ്ങളിൽ

നിന്നു. അതിന്റെ കോപ്പി ഞാൻ ചോദിച്ചില്ല.

എന്റെ "പ്രഭാതവാത." (1930) ദണ്ഡിമാർച്ചിലെ ഗാന്ധിജിയെ അഭിവാദനം ചെയ്തുകൊണ്ട് എഴുതിയതായിരിക്കാനാണ്; ഇട. ആ കവിതയിൽ ആ നിയമലംഘനയാത്രയുടെ ഛായ ആദ്യന്തം വ്യാപിച്ചിട്ടുണ്ട്. ആ സംഭവം എന്റെ ഹൃദയത്തെ ഗാഢമായി സ്പർശിച്ചിരുന്നു. "സാഗര, ഭവാനോർത്തിക്കുന്നുവോ" എന്നു തുടങ്ങുന്ന മറ്റൊരു രാഷ്ട്രീയഗീതം എന്റെ കവിതയ്ക്കു പരിപാകം വന്നതിനുശേഷം ഞാൻ കുറിച്ചിട്ടുള്ളതു് "ഇതളുക"ളിൽ ചേർത്തിട്ടുണ്ട്. (1947) നമ്മുടെ സ്വാതന്ത്ര്യസമരത്തിൽ ആ യാത്രയ്ക്കുള്ള അർത്ഥം, അന്യരാഷ്ട്രചരിത്രങ്ങളിൽ അതിനുണ്ടായ അനുരണനം, രണ്ടാമത്തെ കൃതിയിലെ സ്പഷ്ടമാക്കുന്നുള്ളു.

ഗാന്ധിജിയുടെ ഉപ്പുസത്യഗ്രഹത്തിനുള്ള ഉദ്യമം ഭാരതത്തിന്റെ സിരകളിൽ ഒരു ദൈവദൂതവിചിതന്നെ പായിച്ചു. എന്റെകൂടെത്താമസിച്ചിരുന്ന കലാലയവിദ്യാർത്ഥികളുടെ സിരകളിൽ ആ പുതിയൊരു ഊർജ്ജസ്സ് സംക്രമിച്ചു. എന്നാലും നിയമലംഘനത്തിന് അവർ കോഴിക്കോട്ടയ്ക്കു പോകണം എന്നു ഞാൻ വിചാരിച്ചിരുന്നില്ല. അദ്ധ്യയനം പൂർണ്ണമാക്കിയതിനുശേഷമേ, സജീവ രാഷ്ട്രീയപ്രസ്ഥാനത്തിലേയ്ക്ക് അവർ കുതിച്ചുപോകാവൂ എന്നായിരുന്നു, എന്റെ അഭിപ്രായം. "അഭിനവത്ത"ത്തിന്റെ ചങ്ങല പൊട്ടിക്കാൻ ഒരോ കാലും, ഒരു കാലെന്നപോലെ, ഒപ്പം അപകടം വകവയ്ക്കാതെ നീട്ടിവയ്ക്കേണ്ട മഹാചരിത്രസന്ദർഭങ്ങളിൽ ഞാൻ വിചാരിച്ചതുപോലെ ആണോ വിചാരിക്കേണ്ടതു്, എന്ന് അന്നും എന്റെ അന്തഃകരണം ചോദിച്ചിരുന്നു, ശക്തസ്വരത്തിൽ. ആ വിദ്യാർത്ഥികളുടെ ഭാവിയാണ് എന്റെ ആശങ്കയ്ക്കു വിഷയമായതു് എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

ഒരുദിവസം ഞാൻ "ഖാമർഖയ്യാ"മിന്റെ റുബായിയാത്തിലെ ചില വരികളിൽ തുതപ്പിടിച്ചുകൊണ്ടിരിക്കയാണ്. രാത്രി പത്തുമണി കഴിഞ്ഞു. എം.എസ്സും മാധവമേനോനും, അപ്പുക്കുട്ടമേനോനും തിരിച്ചെത്തിയിട്ടില്ല. ദൈവകന്നേം പുറത്തേക്കിറങ്ങിയിട്ട്. ഞാനും ഖാമനുണ്ണിയും നടക്കാവിലും മററും അന്വേഷിച്ചലഞ്ഞു. ഒരു പിടിയുമില്ല. പരിഭ്രമമായി. എല്ലാവരും കോഴിക്കോട്ടു സത്യാഗ്രഹത്തിനുപോയിരിക്കുന്നു! ഒരു വാക്കു പറഞ്ഞിരുന്നെങ്കിൽ! പറഞ്ഞിരുന്നെങ്കിൽ, ഞാൻ സ്നേഹംകൊണ്ടു തടുക്കും എന്ന് അവർ ശങ്കിച്ചിരിക്കാം.

ഞാൻ ഗാർഡിയൻ ആയിരുന്നില്ല എന്നാലും ആ യുവവിദ്യാർത്ഥികളിൽ ചിലരുടെയെങ്കിലും കാണെവന്നാർ അങ്ങിനെയാണു കരുതിയിരുന്നതു്. എനിക്കു പരിഭ്രമമായി. ആ കൊച്ചു ദേശാഭിമാനികൾക്ക് എന്തു സംഭവിക്കുമെന്ന്. ഞാൻ അപ്പുക്കുട്ടമേനോന്റെ ജ്യേഷ്ഠനും എം.എസ്സിന്റെ അഗ്രജനായ മംഗലശ്ശേരി വാസുദേവൻനമ്പൂതിരിക്കും അന്നുതന്നെ കത്തെഴുതി. ലീഡർഷിപ്പും ഗാന്ധിത്തൊപ്പിയും ധരിച്ച് കോഴിക്കോട്ടു കടപ്പുറത്തു് നിയമലംഘിച്ചു പ്രസംഗിക്കാനൊരുങ്ങുമ്പോഴാണ്, അപ്പുക്കുട്ടമേനോനെ ചേട്ടൻ കണ്ടെത്തിയതു്. ചുമലിന്റെ പാടേല്ക്കുതന്നെ, അനുജനെ ജ്യേഷ്ഠൻ മോചിപ്പിച്ചെന്നുതോന്നുന്നു. എം. എസ്സിന് കുന്നത്തുണ്ടു പാട്ടു കിട്ടി! മാധവമേനോനും, മനസ്സുംകൊണ്ടു ഞാൻ അവരെ അഭിനന്ദിച്ചു. നാലഞ്ചുദിവസത്തിനുള്ളിൽ എല്ലാവരും ലോഡ്ജിൽ തിരിച്ചെത്തി. പറയാതെപോയതിൽ എല്ലാവരും "വലേട്ടനോട്"—എന്നെ വലേട്ടൻ എന്നാണു സ്നേഹപൂർവ്വം വിളിച്ചിരുന്നതു്—വിഷാദം പ്രദർശിപ്പിച്ചു. വാസ്തവത്തിൽ ഞാനാണു വിഷാദിക്കേണ്ടിയിരുന്നതു്. രാഷ്ട്രത്തിന്റെ ആഹ്വാനംകേട്ടു സ്വയം മറന്നു നിയമലംഘനത്തിനു സന്നദ്ധരായ ആ യുവാക്കളെ ഞാനല്ലേ മടക്കിക്കൊണ്ടുവരേണ്ടി വിളുകാരെ പ്രേരിപ്പിച്ചതു്?

അന്നു ഗുരുവിപേക്ഷിതനഗരത്തിൽ ദേശീയമായ ആവേശംനിറഞ്ഞ അന്തരീക്ഷമുള്ള ഒരു ദൈവസ്ക്കൂളേ ഉണ്ടായിരുന്നുള്ളു: "വിവേകോദയം." രാമകൃഷ്ണമിഷ്യനിലെ പല സന്യാസിമാർ ഭാരതീയസംസ്കാരത്തിന്റെ നവോത്ഥാനം സ്ഫുരിക്കുന്ന, പ്രാചീനഭാരതത്തെ വർത്തമാനഭാരതത്തിനു വ്യാഖ്യാനിച്ചുകൊടുക്കുന്ന, ദേശീയാഭിമാനം ഉത്തേജിപ്പിക്കുന്ന, പ്രഭാഷണങ്ങൾ അവിടെ ചെയ്തുവരുന്നു്. പ്രത്യക്ഷമായിട്ട് രാഷ്ട്രീയമൊന്നു പറഞ്ഞുകൂടാ! പരോക്ഷമായിട്ട് അതുതന്നെ ആയിരുന്നു ആ പ്രസംഗങ്ങളുടെ ഉന്നം. ഇന്ത്യയുടെ ആത്മാവിനെ ഉണർത്തുക, എഴുന്നേല്പിക്കുക, കർമ്മോന്മുഖതമാക്കുക, ഇതായിരുന്നു, അതിന്റെയൊക്കെ അന്തിമലക്ഷ്യം.

ജി.—ഇരുപത്തെട്ടാമത്തെ വയസ്സിൽ

ഒരിക്കൽ സാക്ഷാൽ ടി. എൽ. വസ്വാനി ആ വിദ്യാലയത്തിൽവച്ചു രണ്ടുമൂന്നു പ്രസംഗങ്ങൾ ചെയ്തു. ഗവർണ്മെന്റിന്റെ കരാഗ്രഹത്തിനു വിഴുങ്ങാൻകഴിയാത്ത ഒരു തീക്കട്ടയായിരുന്നു, ആ സിദ്ധകലിപ്പൻ. ദേശാഭിമാനത്തിന്റെയും പൗരാണികസംസ്കാരത്തിന്റെയും സ്ഫുലിംഗങ്ങളായിരുന്നു, ആ മഹാനുഭാവന്റെ വാക്കുകൾ. ഭക്തിയായിരുന്നു, ശാന്തിയായിരുന്നു, മുഖ്യസ്വരം. വസ്വാനിയുടെ പ്രസംഗത്തിൽനിന്നാണ്, "പ്രേമഭിക്ഷ" എന്ന ഏകതാനഗാനമെഴുതാൻ എനിക്കു പ്രേരണജനിച്ചതു്. യമുനാതീരത്തെക്കടിലിൽ, ഒരു നവവർഷസായാഹ്നത്തിൽ, കൃഷ്ണൻ വഴിതെററിയിട്ടെങ്കിലും അതിലേ വന്നെങ്കിൽ എന്നു സ്വപ്നംകണ്ടുകൊണ്ടിരിക്കുന്ന രാധയാണ്, നായിക. "രാധനം" എന്ന ശബ്ദത്തിനു "പൂജ" എന്നാണർത്ഥം. "രാധ" പൂജയുടെ മൂർത്തിമദ്ഭാവമോ പ്രതീകമോ ആവുന്നതോടുകൂടി. അവളുടെ സ്വപ്നം ധ്യാനവും, രതി ഭക്തിയുമായി ത്തീരുന്നു. "മാധവവേണുവിൽ മോഹനതിസ്വനം—മാധുര്യമേറുന്ന മദ്യമാവാഹിച്ചു നാലഞ്ചു, തുള്ളിയേ കാതാസ്വദിച്ചുള്ളു, കാലടി മണ്ണിലുറയ്ക്കാതായി." ഭക്തിലഹരിയായ്ത്തെളിഞ്ഞ പ്രേമലഹരി. കൃഷ്ണൻ യാചകനായിട്ടാണ്, പ്രത്യക്ഷനായതു്. തിരിച്ചറിഞ്ഞില്ല, രാധയുടെ മുഖത്തെ കണ്ണുകൾ! ഉൾക്കണ്ണുകൾ അവ്യക്തമായ ഒരു സ്വരണ അനുഭവിക്കയും ചെയ്തു.

ആ തുചിചെകരത്തിൽ നിന്നൊരു
നാരുതന്നാൽ മതി ഞാൻ കൃതാർത്ഥനാകും!
മാധവനെ മറക്കാതിരിക്കട്ടെ
രാധ—പാടിക്കഴിഞ്ഞുപോകട്ടെ ഞാൻ"

എന്നു ഭിക്ഷു, പാടിയപ്പോഴേ അവൾ തിരിച്ചറിഞ്ഞുള്ളു. പ്രേമസ്വരൂപനായ ഈശ്വരൻ ഏതു രൂപത്തിലാണ് വരിക എന്നു നിർണ്ണയിക്കാവുന്നതല്ല. രൂഢപ്രണയയായിരുന്നിട്ടും മൂഢയായ താൻ തിരിച്ചറിഞ്ഞില്ലല്ലോ എന്നു രാധ വിഷാദിച്ചു! ആ ഭിക്ഷാപാത്രത്തിൽ സ്വഹൃദയത്തെ, സ്വജീവിതത്തെ,തന്നെ സമർപ്പിക്കയും ചെയ്തു. ഭിക്ഷാപാത്രം ആശിച്ചതു് അങ്ങനെ കിട്ടി. ഈ കൊച്ചു കൃതിയെ, അപ്പൻതമ്പുരാൻ "പുതിയൊരു പ്രസ്ഥാനമായി വികസിക്കുന്നു," എന്നു ശ്ലാഘിച്ചിട്ടു

ണ്ട്, അവതാരികയിൽ, ആ കാലഘട്ടത്തിൽതന്നെ "ചുംബനമീക്ഷ" എന്ന വിഡംബനംകൊണ്ട് സാഹിത്യമർമ്മജ്ഞനായ ഒരു വിദഗ്ദ്ധനിരൂപകൻ കളിയാക്കിയിട്ടുമുണ്ട്. സാധുവസ്വാനിയുടെ പ്രേമഗാനാളംപോലെ ഇടയ്ക്കിടെ പ്രഭാഷണത്തിൽ ആവേശംകൊണ്ടു ഉയർന്നുചാടിക്കുന്ന ശൈകളും ആ ഖദർധരിച്ച ശുദ്ധ സാത്വികസ്വഭാവവും ഓർത്തു് ഒന്നു നമസ്കരിക്കട്ടെ, എന്റെ മനസ്സ്.

"വിവേകോദയ"ത്തിൽനടന്ന മറ്റൊരു പ്രസംഗംകൂടി ഉണ്ട്, മറക്കാവതല്ലാതെ. ഇംഗ്ലണ്ടിൽനിന്ന് ആയിടെ "ബാരിസ്റ്ററർ"പദവിനേടി മടങ്ങിവന്ന ഒരു യുവാവായിരുന്നു, പ്രധാനാതിഥി. 'ഖദർ' എന്നു കേട്ടാൽ അദ്ദേഹത്തിന്റെ മുഖം ചുളിയും. ബോംബയിൽ വന്നിറങ്ങിയപ്പോൾ അദ്ദേഹത്തെ ലജ്ജിപ്പിച്ച "നൂയിസെൻസ്" എന്താണെന്നോ? "മഹാത്മാ ഗാന്ധി കി ജയ്" എന്ന ഉദ്ഘോഷണം, നിർരർത്ഥവചനം. ഇന്ത്യക്കാർക്ക് "ഇൻറലക്ചൽ ഇൻഡിപ്പെൻഡൻസ്" ഇല്ല. അതാണ്, ഗാന്ധിയെ ഇങ്ങനെ ആരാധിക്കാൻ, അനുഗമിക്കാൻ, അനുസരിക്കാൻ, അവർ സന്നദ്ധരാകുന്നതെന്നാണ്, അദ്ദേഹത്തിന്റെ പക്ഷം. ഡോക്ടർ രാമപ്പൈതുവാളായിരുന്നു, അദ്ധ്യക്ഷൻ എന്നു തോന്നുന്നു. കുന്നാന്തരം നാഷണലിസ്റ്റ്, ചിത്രകലാമർമ്മജ്ഞൻ. എനിക്കും പ്രസംഗിക്കാനുണ്ടായിരുന്നു. ആ ബാരിസ്റ്ററുടെ ഭാഷണം എന്നെ ചൊടിപ്പിച്ചു. പ്രജ്ഞാപൂർവ്വമായ സ്വാതന്ത്ര്യത്തെപ്പററിയും അസ്വാതന്ത്ര്യത്തെപ്പററിയും—പറയുന്നവർക്ക് പ്രജ്ഞവേണം. അതുണ്ടായാലേ സ്വാതന്ത്ര്യാസ്വാതന്ത്ര്യങ്ങളെപ്പററി പ്രസ്താവിക്കാനർഹതയുണ്ടാകുകയുള്ളൂ. പാരതന്ത്ര്യത്തിന്റെ തീവ്രവേദനയറിയാതെ, സ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തെ അകലെയെങ്കിലും കണ്ട് അങ്ങോട്ടു കുതിക്കാതെ, നാടിന്റെ അപമാനവും വേദനയും തുടച്ചുകളയാൻ പ്രയത്നിക്കുന്ന മഹാത്മാവിനെ അവഹേളിക്കുന്നവരാണ്, സ്വന്തം "ഇൻറലക്ററ്" തപ്പിനോക്കിക്കണ്ടെത്തേണ്ടതു് എന്ന ഒരു പ്രസംഗം ഞാൻ ഉപസംഹരിച്ചു. സദസ്സിന്റെയും അദ്ധ്യക്ഷന്റേയും പ്രതികരണം എന്തായിരുന്നിരിക്കും ആ നേഷണലിസപ്രഭാതപ്രകാശം പരന്ന അന്തരീക്ഷത്തിൽ എന്നൂഹിക്കാവുന്നതേയുള്ളൂ. ഞാൻ സദസ്യരുടെ ഇടയിൽ അങ്ങനെ ചെന്നിരുന്നു. "ഹാരാർപ്പണ"ത്തിനു കൃതജ്ഞതാപ്രകടനത്തിനിട്ടു് എന്ന പ്ലാററ്ഫാറത്തിൽ കണ്ടില്ല! ഞാൻ എഴുന്നേററുചെന്നില്ല. മാല എന്റെ അടുക്കലേക്കു വരുമ്പോൾ, സദസ്സിൽ സന്നിഹിതനായിരുന്ന പുത്തേഴത്തു രാമൻമേനോൻ സന്തോഷത്തോടെ പറയുന്നതു കേട്ടു: "കണ്ടോ ക്ഷിക്കുക, കണ്ടെത്തും."

— 0

Pass Privately:

M. A. ENGLISH, ECONOMICS, HISTORY, POLITICS, SOCIOLOGY.
(Sagar / Venkateswara / Kerala,)
B. A., B. Com., P. D. C.
Prospectus Rs. 5/-

Postgraduate Study Centre, Kottayam
Director:
T. N. P. PANIKAR M. A.

വായിച്ചിരിക്കേണ്ട

പുസ്തകങ്ങൾ!

രഹസ്യരലൈംഗിക രോഗങ്ങളും നിവാരണമാർഗ്ഗങ്ങളും	വില 1-00
ദാമ്പത്യജീവിതശാസ്ത്രം	വില 1-50
ഫാമിലിപ്ലാനിംഗ്	വില 1-50
തപാൽചിലവ് (പുറമേ)	1-50

കാററ്ലോഗ് സൌജന്യം

DAB Agencies
Kodimatha, Kottayam.

മുപ്പത്തിയാറ്

"ഞാൻ ഒരു ഉപായം പറയട്ടോ?"

അതു തന്നെയും മൃത്തകറുപ്പിന്റെ ശ്രദ്ധയെ ആകർഷിച്ചതായി തോന്നുന്നില്ല. അല്ലെങ്കിൽ ആ ശൂന്യതയിൽനിന്നും കറുപ്പിനെ തിരിച്ചുകൊണ്ടുവരാൻ പോന്നതായി തോന്നിയില്ല.

നാണി ആ ഉപായം പറഞ്ഞു.

"അണ്ണാമഠത്തിൽ ചെന്ന് ആ ശേഷയ്യനെ ഒന്നു വിളിച്ചോണ്ടുവരാമോ?"

*

ശേഷയ്യൻ അമ്പുരുമായി അണ്ണാമഠത്തിലെ താമസമാണ്. ചൊലി കടം അത്രയധികം വർദ്ധിച്ചില്ല. അമ്പലത്തിലെ അടുക്കളശേവുകവും അല്പസ്വൽപം സമ്പാദ്യവുമായി കഴിയുന്നു.

നോവൽ

തകഴി

ഇപ്പോൾ ഏറെ നാളായി ശേഷയ്യൻ ഊണുമായി കോടാന്ത്രവന്നു വാങ്ങാറില്ല.

എട്ടുകെട്ടു താഴെ വീണിട്ടില്ലെന്നേയുള്ളൂ. മഠം നിലംപതിച്ചുകഴിഞ്ഞു.

മൃത്തകറുപ്പിനു നാണി പറഞ്ഞതു മനസ്സിലായില്ല. നാണി ചോദിച്ചു.

"എന്താണൊന്നും മിണ്ടാത്തതു്?" നാണി ഭീഷണിപ്പെടുത്തി.

"ഇല്ലെങ്കിൽ എന്നെ കുററം പറയരുതു്. ഞാൻ ഒരുകാര്യം നിശ്ചയിച്ചിരിക്കുകയാ."

ഗാംഭീര്യത്തോടെ മൃത്തകറുപ്പിന്റെ മുഖത്തു നാണി ദൃഷ്ടി ഉറപ്പിച്ചു. എന്താണതു് ഏന്നു കറുപ്പു ചോദിക്കുമെന്നാണു നാണി ധരിച്ചതു്.

"ഞാനവരെ ഇവിടെ വിളിച്ചുകൊണ്ടുവരും. പിന്നെ ഞാൻ തൊട്ടുതീററിച്ചു നിങ്ങടെ തറവാട്ടു നശിപ്പിച്ചു എന്നു പറയരുതു്."

മൃത്തകറുപ്പിന്റെ തലയ്ക്കുള്ളിലേയ്ക്ക് ആ ഭീഷണി കടന്നുകൂടിയതായി തോന്നുന്നില്ല.

* * *

ഗണപതിഅയ്യരുടെ അന്യായം വിധിച്ചു. സ്വാമിയുടെ കണക്കു ശരിയല്ലെന്നായിരുന്നു തർക്കം. അത്രയും സംഖ്യ കൊടുക്കാനില്ലെന്നും കൊടുത്തതു സ്വാമി കണക്കിൽ വരവുവച്ചിട്ടില്ലെന്നും കോടാന്ത്രക്കറുപ്പു തർക്കിച്ചു. തെളിവുമാകെ കറുപ്പിനായിരുന്നു. കൊടുത്ത സംഖ്യകൾക്കു രസീതില്ല. തെളിയിക്കാൻ കഴിയുന്ന ഒരു തർക്കമായിരുന്നില്ല അതു്.

ഓരോ കാലത്തായി ഓരോ നടപടികൾ വന്നുകൊണ്ടിരുന്നു. വിധി നടത്തുന്നോട്ടീസ്, ജപ്തി, ലേലനോട്ടീസ്, പരസ്യം— അങ്ങിനെ ഓരോന്ന്.

അകവൂർ നാണിയേയും കുററം പറഞ്ഞിട്ടു കാര്യമില്ല. അവളുടെ കൈവശവും ഒന്നുമില്ല. ഉണ്ടായിരുന്നതെല്ലാം തീർന്നുകഴിഞ്ഞു.

വിധിനടത്തുന്നടപടികൾക്കു തടസ്സമൊന്നുമുണ്ടായില്ല.

* * *

മാടപ്പുരയിൽനിന്നും കടിയിറക്കിയതു് കോടാന്ത്ര മൃത്തകറുപ്പിനെ മാത്രമാണ്. കേസിന്റെ ആ നടപടി എത്തിയപ്പോൾ കഞ്ഞമ്മയും പിന്നിട്ടു ത്രിപുരസുന്ദരിയും മരിച്ചുപോയിരുന്നു.

★

എന്നും രാവിലെ കോടാന്ത്ര മൃത്തശാൻ അമ്പലത്തിലെത്തും.

ഒരു താമരയിലയുമായാണ് എത്തുന്നതു്. വലിയ അട്ടുകളുടെ വാരിച്ചുൽ ചെല്ലും. ഒരു പട്ടു ഉഷ്ണപ്പായസം ശേഷയുൻ പട്ടു താമരയിലയിൽ ഇട്ടുകൊടുക്കും.

ഉച്ചയ്ക്കു് നമസ്കാരച്ചോറുണ്ടു്. ഏഴുപുരപ്പുമുഖത്തുതന്നെ ഇരിക്കും.

കോടാന്ത്രക്കുടുംബമില്ലാതായെങ്കിലും ഒരു കോടാന്ത്രക്കുറുപ്പുണ്ടു്.

കോടാന്ത്രക്കുറുപ്പു് സ്ഥാനിയാണു്. ദേവസ്വം കാര്യങ്ങൾ കോടാന്ത്രക്കുറുപ്പുകൂടി ചേർന്നുവേണം തീരുമാനിക്കാൻ.

ഒരാണ്ടിൽ നൂറുപറ നെല്ലുവീതം ദേവസ്വത്തിൽനിന്നും കോടാന്ത്ര മുത്തകുറുപ്പിനു കൊടുത്തുപോന്നു.

★

ഭാഗം മൂന്നു്

ഒരു പുതിയ ചുണ്ടൻവള്ളം ചമ്പക്കുളത്തു മൂലത്തിനു് ആററിലിറങ്ങുന്നുണ്ടു്. കമ്പലോടിവളവിൽചെന്ന പുതിയ വള്ളത്തിനെ സ്വീകരിക്കണമെന്നു മററു ചുണ്ടൻവള്ളങ്ങൾ നിശ്ചയിച്ചു.

അതു് നിറപ്പകിട്ടുള്ള ജലഘോഷയാത്രയും സ്വീകരണവുമായിരുന്നു. കുട്ടനാട്ടിൽ ഒരു വള്ളംകളിയുണ്ടായി. ചമ്പക്കുളത്തുമൂലം തെക്കോട്ടു കമ്പലോടിവരെ നീണ്ടു. ഇരുവതുചുണ്ടൻവള്ളങ്ങൾ മുത്തുക്കുടകൾപിടിച്ചു തെററിപ്പിട്ടു കെട്ടി ഒരുപോലെ പാട്ടുപാടി ആററിൽക്കൂടി തെക്കോട്ടു് ഇഴഞ്ഞുനീങ്ങി. പുതിയവള്ളം തെക്കുനിന്നും വരികയാണു്.

ആർപ്പും ആരവവുമിട്ടു തുഴകൾപൊക്കി പുതിയ വള്ളത്തെ മററു വള്ളങ്ങൾ സ്വീകരിച്ചു. പിന്നെ നടുക്കു പുതിയ വള്ളത്തെയിട്ടു മററു വള്ളങ്ങൾ വടക്കോട്ടു് തുഴഞ്ഞു. ചമ്പക്കുളത്തു ആറിൽ പ്രവേശിച്ചു.

പുതിയ വള്ളത്തിന്റെ തട്ടിൽ മുത്തുക്കുടയ്ക്കു താഴെ ഉപ്പംപറമ്പിൽ കഞ്ഞൻപിള്ള നില്ക്കുന്നുണ്ടു്. അലക്കിയ ജഗനാഥൻമുണ്ടുടുത്തു് കറുത്തകരയൻ നേരിയതലയിൽചുററിക്കെട്ടി താളത്തിനൊത്തു കൈ മുന്നോട്ടുനീട്ടി ലക്ഷ്യം കാണിക്കു് കാട്ടിക്കൊടുക്കാനെന്നപോലെ ചുണ്ടുവിരൽ ചുണ്ടിക്കൊണ്ടുള്ള ആ നില്ക്കണ്ടാൽ ക്ലാമാണി ആരെന്നു പ്രത്യേകം പറയേണ്ടകാര്യമില്ല.

അതു ശരിയുമായിരുന്നു.

അമ്പലക്കടവിൽനിന്നും സദ്യയ്ക്കുശേഷം വള്ളംവിട്ടപ്പോൾ കത്താവു കടവിലുണ്ടായിരുന്നു. കഞ്ഞൻപിള്ള വളരെയേറെ നിർബ്ബന്ധിച്ചു. കത്താവു വള്ളത്തിൽ കയറിയില്ല. ഒഴിഞ്ഞുമാറുകയാണു ചെയ്തതു്.

പക്ഷേ, ഇട്ടണ്ണാൻ ഉണ്ടായിരുന്നു.

കറുത്തുരടിച്ചു് ബലിഷ്ഠകായനായ ഇട്ടണ്ണാനെ കാണുമ്പോഴും ആരും ചോദിച്ചുപോകും, അതാരാണു് എന്നു്. കഞ്ഞൻപിള്ളയുടെ തൊട്ടുപിന്നിൽ ഇട്ടണ്ണാൻ നില്ക്കുന്നുണ്ടായിരുന്നു. അയാൾ വള്ളത്തിനു് ആയംകൊടുക്കുന്നില്ല. രവുരുതെ നില്ക്കയാണു്.

ഇട്ടണ്ണാൻ നാലുപാടും നോക്കുന്നുണ്ടു്, ഒരു ചെറു മന്ദഹാസത്തോടെ. ഇരുട്ടുന്നതുള്ള കററിതോരങ്ങൾക്കിടയിൽ ആ പുഞ്ചിരിക്കു് ഒരു പ്രത്യേക പ്രകാശമുണ്ടായിരുന്നു. ഇട്ടണ്ണാൻ പറയുംപോലെ തോന്നി, ഞങ്ങൾ ഒരു കാര്യം സാധിച്ചു എന്നു്.

★

പാട്ടത്തിനേൽപ്പിച്ച നിലത്തിന്റെയെല്ലാം പാട്ടനെല്ലു കിട്ടി. ദേവസ്വം തനതുവക കൃഷിയും മോശമായിരുന്നില്ല.

ഒരു നാൾ ഇട്ടണ്ണാനു് ഒരു തോന്നലുണ്ടായി. അയാൾ ഏഴുപുരപ്പുമുഖത്തേയ്ക്കു കടന്നുചെന്നു. കഞ്ഞൻപിള്ള അപ്പോൾ അവിടെയുണ്ടു്. ഇട്ടണ്ണാൻ പറഞ്ഞു:

"മുപ്പിന്നേ, നമുക്കു് ഒരു ചുണ്ടൻവള്ളം വയ്ക്കണം."

മനസ്സിൽ ഏതോ ഒന്നു് കുത്തിക്കയറിക്കൊണ്ടതുപോലെ കഞ്ഞൻപിള്ളയ്ക്കു തോന്നി,

"ചുണ്ടൻവള്ളമോ?"

"ങും. ചുണ്ടൻവള്ളം. എന്താ? ചുണ്ടൻവള്ളം പാടില്ലേ?"

"ചുണ്ടൻവള്ളം എന്തിനാ?"

"കളിക്കാനു്."

ഇട്ടണ്ണാനോടു് ഒക്കുകയില്ലെന്നു പറഞ്ഞുകൂടാ, പറഞ്ഞുപോയാൽ ഇട്ടണ്ണാൻ പിണങ്ങും. നിശ്ചയിച്ച കാര്യം അയാൾ സാധിക്കണം, പക്ഷേ, ഒരാശ്വാസമുണ്ടു്. വളരെ മയത്തിൽ തല്ലാലം സമാധാനപ്പെടുത്തിവിട്ടാൽ പിന്നെ ഒന്നോ രണ്ടോ പ്രാവശ്യംകൂടി ചോദിച്ചെന്നു വരിക്കും. വേറൊരു ആശയത്തിൽ ഇട്ടണ്ണാൻ ചെന്നുചേരുമ്പോൾ ആദ്യത്തേതു് അങ്ങു മറക്കും. അതായതു ഇട്ടണ്ണാനെ കൈകാര്യം ചെയ്യേണ്ടതു സൂക്ഷിച്ചുവേണമെന്നർത്ഥം. അതു കഞ്ഞൻപിള്ളയ്ക്കറിയാം. കർത്താവിനുമറിയാം.

ഇട്ടണ്ണാൻപിള്ള പിണങ്ങുകയെന്നാൽ അതു കഞ്ഞൻപിള്ളയ്ക്കും കത്താവിനും മനപ്രയാസത്തിനു കാരണമാണു്.

ഇട്ടണ്ണാനെ പിണക്കിക്കൂടാ. എന്തിനെക്കുറിച്ചെങ്കിലും കരുതലോടെ രിക്കണമെങ്കിൽ അതു ഇട്ടണ്ണാനെ പിണക്കാതിരിക്കുക എന്നതാണു്.

എവിടെന്നാണു കഞ്ഞൻപിള്ളയ്ക്കും കത്താവിനും വസ്തുവകകളുണ്ടായതു്?

നാടാകെ പറയുന്ന പലപല കഥകളുണ്ടു്.

കഞ്ഞൻപിള്ളയ്ക്കും കത്താവിനും ഇട്ടണ്ണാനെ വിട്ടുനില്ലാൻ ഒക്കുകയില്ലാത്തതു അതുകൊണ്ടാണത്രേ!

★

കിഴക്കു കിഴക്കു് ഏതോ ഒരു പഴയതറവാട്ടിൽനിന്നും ഒരു പെട്ടിമോഷ്ടിച്ചു ഒരു രാത്രികൊണ്ടു സ്ഥലത്തെത്തിച്ചു. കത്തി മറിഞ്ഞൊഴുകുന്ന മൂന്നു ആറുകൾ നീന്തിക്കടന്നു. അതു വെള്ളപ്പൊക്കമുള്ള കാലമായിരുന്നു. തോരാത്ത മഴയും അലറിപ്പായുന്ന കാററുമുണ്ടായിരുന്നു.

അതാണു കത്താവും കഞ്ഞൻപിള്ളയും നന്നായതിന്റെ അടിസ്ഥാനം. ആ പെട്ടിയിൽ രാശിയായിരുന്നോ, അതോ പണങ്ങളായിരുന്നോ എന്നു തീർച്ചയില്ല.

മൂന്നു കൂട്ടുകാർ ഒരുമിച്ചു് ഒരു മാഞ്ചു, വട്ടിലിരുന്നു ഗൗരവമായി ആലോചിക്കുകയായിരുന്നത്രേ! അങ്ങിനെയാണു നാട്ടിൽ ആ കഥ പറഞ്ഞുപോകുന്നതു്.

കഞ്ഞൻപിള്ള മംഗലശ്ശേരിയിൽ നിന്നും തെററിത്തെന്നിമാറാൻ തുടങ്ങുന്ന കാലം.

കത്താവു ചോദിച്ചു.

"കഞ്ഞൻപിള്ളേ, എന്താടോ വഴി?"

എന്നും കത്താവു കഞ്ഞൻപിള്ളയോടു ചോദിക്കാറുള്ള ചോദ്യമാണതു്.

എന്താടോ വഴി?

എന്തിനുള്ള വഴിയെന്നോ?

നിരവധി വൻമരങ്ങളുടെ ഇടയ്ക്കു മുളച്ചു മുരടിച്ചുനില്ക്കുന്ന രണ്ടു തൈകൾക്കു് ഉപ്പംപറമ്പും മുക്കോലിയും. അവ വളർന്നുകാണാം ചുട്ടും വെളിച്ചവും കിട്ടിയാൽ. വളർന്നുയരാൻ ഇടവും ഇടയും വേണം.

എന്നാൽ താരത്തുതറവാട്ടു് ഒരു വേനപ്പച്ച മാത്രമാണു്.

കഞ്ഞൻപിള്ളയും പരമൻ കത്താവും അതാണു പരസ്പരം ചോദിക്കുന്നതു്, "എന്താടോ വഴിയെന്നു"

അഞ്ചുപറക്കണ്ടം നന്നായി കൊത്തിക്കിളച്ചു എന്നുവയ്ക്കുക. എന്തുകിട്ടും?

കത്താവുപറഞ്ഞു.

"നെല്ലും ചക്കയും ഉണ്ടായി നന്നാവുന്നതു എങ്ങിനെ വേണമെന്നറിയാമോ? കരിമ്പനയിൽ തത്തിപ്പിടിച്ചു കയറും പോലെയാവണം. തിളപ്പിട്ടു രണ്ടുചാട്ടം മുകളിലേക്കായാൽ ഒരു ചാട്ടപ്പാടു താഴേക്കു ഇഴക്കണം."

കഞ്ഞൻപിള്ള അക്ഷമനാണു്. ഈ മംഗലശ്ശേരിക്കും കോന്നോത്തിനും പുല്ലാററിനുമെല്ലാം തുല്യമായി ഉപ്പും പറമ്പിനും ഒന്നു വളരണം.

മുക്കോലിയും അങ്ങിനെയാവാമെന്നു കത്താവിനുമുണ്ടു്. നന്നാവുന്നതിനെക്കുറിച്ചു പുരാണം പറയുന്നതു് ഒരു സമാധാനത്തിനാണു്.

താരത്തു് ഇട്ടണ്ണാൻ നിർവ്വികാരനാണു്. ആ കറുത്തുപരന്ന മുഖത്തു് ഒരു ഭാവഭേദവുമില്ല.

ഒരുനാൾ കഞ്ഞൻപിള്ള പറഞ്ഞു.

"എടോ കത്താവേ, നന്നാവണമെങ്കിൽ പരദ്രവ്യം കട്ടണം."

"അതു താനെങ്ങനെ അറിഞ്ഞു."

"മംഗലശ്ശേരി മാധവപിള്ള ഏമാനും ഇട്ടിരാരിശ്ശേരികളുദ്യവും പറഞ്ഞുകേട്ടിട്ടുണ്ടു്. അവരു വിവരമുള്ളവരല്ലോ."

കത്താവു ഗൗരവമായി ആലോചിക്കുകയാണു്. ഒരു വകയും തലയ്ക്കുള്ളിൽ ഇല്ലാത്തതുപോലെ ഇട്ടണ്ണാനും ഇരിക്കുന്നു.

"നമുക്കെങ്ങനാ പരദ്രവ്യം കട്ടാന്നു?" കത്താവിന്റെ ചോദ്യമായിരുന്നു.

അയുഷ്ചരിതം

I

ആദിയിൽ–ദൈവം
മനുഷ്യനു നല്ലതുപോ–
ലായ മാരകമല്ലാത്തയായുസ്സും ഭാഗ്യവും.
പക്ഷ, ഭഗവൻ പറഞ്ഞു "നീ മക്കളേ
പാപങ്ങൾ ചെയ്യാതിരിക്കണം ഭൂമിയിൽ
സ്നേഹിക്കേണം പരസ്പരം നീങ്ങ, ഉ–
സ്നേഹത്തിൽ മോഹങ്ങൾ–
മോക്കാതിരിക്കണം
ദുഃഖിതനാമെ സമാശ്വസിപ്പിക്കണം
ദുർന്നയമായതു ചെയ്യാതിരിക്കണം.
സസ്യങ്ങൾ, ധാന്യങ്ങൾ, നല്ലവളർത്തണം
സംസ്കാരസമ്പത്തു കൈവരിച്ചീടണം.
ഓരോ കലകളും സമൃദ്ധമാക്കണം
ഓരോ സമുദ്രവും കൊയ്തെടുത്തീടണം.
ആറുശാസ്ത്രങ്ങളും, നാലുവേദങ്ങളും
ആറുതൃന്നായ പുരാണങ്ങളൊക്കയും,
അഭ്യസിച്ചഭ്യസിച്ചായിരം കൊല്ലവും
ആനന്ദപൂർണ്ണരായ് ജീവിച്ചുകൊള്ളണം.
ആശീർവദിക്കുന്നു പോയാലുമുർവിയിൽ
ആരോഗ്യമോടെ കഴിഞ്ഞുകൂടീടുവാൻ."

II

അങ്ങിനെയായിരമായുസ്സും കൊ-
ണ്ടവനിയിലെത്തിയൊരാദി മനുഷ്യൻ.
ദൈവം ചെയ്യരുതെന്നു പറഞ്ഞവ
ചെയ്യാൻ തന്നെ തുനിഞ്ഞു. ദുഷ്ടൻ.
അടിപിടി, കലഹം, കാട്ടുകൂത്തുകൾ,
അലസത, ദൈവം, വഞ്ചന, മോഹം,
കള്ളം, മിസ്സം, കടിപ്പുക, ഹുംകൃതി
കൊള്ള, കൊലാദികളൊക്കെ നടത്തി.
സ്നേഹിച്ചില്ല പരസ്പരമൊരു-
ദ്രോഹിക്കാനായ് പാഞ്ഞുനടന്നു.
ആരോ ചൊന്നപറഞ്ഞു "ഭഗവാൻ
അവനിയിലെന്തൊരു ദുർഗ്ഗതിയെന്നോ?
അല പന്താക്കി ഭൂതലമെന്തിനു
കഷ്പിച്ചുവിട്ടുന്നതുള്ളതഹോശാ?
തമ്മിൽ തല്ലി നശിപ്പു നമ്മ, തൊരു
ധർമ്മവുമില്ല–സുഖസ്ഥിതിയില്ല."

III

കണ്ണു കലങ്ങി, ക്കവിളും തുടിച്ചു
വിണ്ണിലെദ്ദൈവം വിളിച്ചു.
"മണ്ണിലിരിക്കുന്ന മർത്യാ വരികെന്റെ
സന്നിധാനത്തിൽ നീ വേഗം.
ഭൂമിയെ സ്വർഗ്ഗമായ് മാറുവാനല്ലയോ
നാമന്ന് നിന്നെയയച്ചു.
നീ നിത്യ ദുഃഖക്കടലാക്കി മാററിയോ
നിർമ്മലമാകുമെൻ ഭൂമി?
ധിക്കാരപൂർവ്വമെൻ കല്പന തെററിച്ച
മൂഷ്കാണ്ട മാനവാ നിന്നെ,
ഞാനൊരുപാഠം പഠിപ്പിക്കുമിക്ഷണം
വാനിൽ ഞാൻ വാഴുന്നുവെങ്കിൽ.
ആയിരമായുസ്സും വേണ്ട, നിനക്കിനി
അഞ്ചാറുനാളുകൾ പോരും.
അക്ഷീക, പൂച്ചി, പുഴു,
കൊതുകെന്നപോൽ
അൽപമായുസ്സേതരുള്ളു.
നിന്റെയായുസ്സിതാ വീണ്ടെടുക്കുന്നു ഞാൻ
കണ്ട ജന്തുക്കൾക്കു നൽകാൻ.
വേണ്ട, വേണ്ടീ
നീണ്ടൊരായുസ്സും, നീ ചെയ്ത
വേണ്ടാത്തനങ്ങൾ കഠോരം."
എന്നും പറഞ്ഞു ഭഗവാൻ മനുഷ്യന്റെ
പൂർണ്ണമായുസ്സെടുത്തു.
ചുററും നിരന്നു തലതാഴ്ത്തിനില്ക്കുന്ന
മററു ജന്തുക്കൾക്കു നൽകി.

IV

കെട്ടിപ്പിടിച്ചു കരഞ്ഞു മനുഷ്യനാ
ചട്ടററ ദൈവത്തിൻ പുണ്യപാദം.
"ചെയ്യരുതാത്തതു ചെയ്തുപോയെങ്കിലും
നീയെന്നെത്തള്ളരുതേ തമ്പുരാനേ"
ആയിരമായുസ്സും വേണ്ടാമെനിക്കെന്റെ
ആശകളൊക്കയും തീർന്നുകിട്ടാൻ.
"ഇല്ലില്ല—ദൈവം പറഞ്ഞുനീ ഭൂമിയെ
കൊല്ലാതെകൊന്നു കഴിഞ്ഞുവല്ലോ.
അല്പനാളായുസ്സു പോരും നിനക്കിനി
കല്പിച്ചില്ല ഭൂമിയിൽ താമസിക്കാൻ."
"നന്മകൾ ചെയ്യാം ഞാൻ ദൈവമേ,
നീയെന്റെ
നല്ലായുസ്സു തിരിച്ചുതന്നാൽ."
"ഇല്ല, തരില്ലിനിയായിരം—ഞാനവ
യെല്ലാക്കമായിക്കൊടുത്തുപോയി."
ഈശന്റെ മുൻപിൽ തലയ്ക്കു തല്ലുന്നു
പാദപത്തത്തിൽ നമിച്ചീടുന്നു.
കഷ്ടം മനുഷ്യന്റെയന്തസ്സും പോകുന്നു
കാണികൾ പൊട്ടിക്കരഞ്ഞീടുന്നു.
ചാരത്തുനില്ക്കും കരിമ പറഞ്ഞുപോൽ
ചങ്ങാതിഞാനൊന്നു ഹെൽപ് ചെയ്യാം.
എന്റെയായുസ്സിലെ മുപ്പതുവർഷം ഞാൻ
സന്തോഷമോടെ നിനക്കു നൽകാം.
പോരെന്നു ചൊല്ലിക്കരയും, മനുഷ്യന്റെ
ചാരത്തുചെന്നു കഴുത ചൊല്ലി.
ഞാനു തരാമൊരു മുപ്പതുകൊല്ലം നീ
യാനന്ദമോടെ തിരിച്ചുപോകൂ.
"പോരെന്നു"ചൊല്ലിക്കരഞ്ഞുഭഗവാന്റെ
പാദംപിടിച്ചു കിടക്കുന്ന മർത്യന്റെ,
തൊട്ടടുത്തൊക്കെയും വീക്ഷിച്ചുനില്ക്കുന്ന
പട്ടി, മൂന്നാമതായ് വന്നു ചൊല്ലി.
"ദൈവമേ, ഞാനീ മനുഷ്യന്റെ വീട്ടിന്ന്
കാവൽ കിടക്കാൻ പിറന്ന നല്ലേ
മുപ്പതുമെന്തിനിയായുസ്സും, ഞാനെന്റെ
മുപ്പതുവർഷം തിരിച്ചുനല്കാം."
തൊണ്ണൂറുവർഷമായുസ്സ്, പിന്നെയും
കണ്ണീരെ ഴുക്കിക്കിടന്നു മർത്യൻ
പെണ്ണും മരുക്കാമ്പലപ്പോഴവിടൊരു
മൂങ്ങയിരിക്കുന്നു മന്ദിരത്തിൽ
മൂങ്ങാപറഞ്ഞെന്റെ യായുസ്സിൽ
നീന്നൊരു
മുപ്പതുകൊല്ലം ഞാൻ നല്കാമിപ്പോൾ.
നാലുപേർ നല്കിയ നൂററിരിരുപതിൽ
നാഥനാം ദൈവം കൃതാർത്ഥനായി.
ദൈവം പറഞ്ഞു "മതി മതി പോകനീ
കൈതവക്കണ്ണീർ നിറുത്തിവേഗം.
ഇട്ടിനംതൊട്ടിനാ മർത്യന്റെയായുസ്സും
നൂററിയിരുപതായ് ഞാൻ വിധിപ്പു.
തെല്ലുമേമാററം വരില്ലിതിൽ - ഞാനിനി
നല്ലവർക്കല്പം ഫാ, ജസ്റ്റിയാക്കും.
മർത്യന്റെ കൈ തട്ടിമാററിജ്ജഗദീശൻ
മാനത്തുപൊങ്ങി പറന്നുപോയി.
അങ്ങിനെയായിരി , നൂററിയിരുപതായ്
തിങ്ങിന ഖേദം ജഗത്തിനുണ്ടായ്.

V

കതിര കൊട്ടത്തു മുപ്പതുപിന്നെ
കഴുതകൊട്ടത്തു മുപ്പതു. വീണ്ടും
പട്ടികൊട്ടത്തു മുപ്പതു, പിന്നെ
പാവം മൂങ്ങാ മുപ്പതു നല്കി.
ആദ്യംകിട്ടിയതാരുടെയായുസ്സ്?
ആദ്യം കതിരകൊട്ടത്തോന്നല്ലേ.
മുപ്പതുവർഷം കതിരകണക്കൊരു
പാച്ചിലുപായും മാനുഷജനനം.
പിന്നെക്കിട്ടിയതെന്തേ, കഴുത-
കഴുതകളപ്പോലാകും മർത്യൻ.
ഭാര്യാ, കുട്ടികൾ, റേഷൻകാർഡുകൾ
ഭാരം—അറുപതിലെത്തുംവരെയും
അറുപതുപോയാൽ കിട്ടിയതേതു്,
അയ്യോ, നായുടെ മുപ്പതുവർഷം.
ഷഷ്ട്യബ്ദങ്ങൾ കഴിഞ്ഞാൽപിന്നെ
പട്ടികണക്കേ കാവൽകിടക്കും.
തൊണ്ണൂറായാൽ മൂങ്ങ കൊട്ടത്തൊരു
മുപ്പതു യസ്സുംകൊണ്ടുനടക്കും.
മൂങ്ങയ്ക്കെന്തേ തൊഴിലതു മുളൽ
അപ്പപ്പന്നം മുളൽ.
അപ്പപ്പാ! മ്.
മരുന്നതരട്ടോ-മ്.
കഞ്ഞിതരട്ടോ മ്. മ്. മ്.
ഇത്ഥം മനുഷ്യായുസ്സിൻ ചരിതം
ഇത്തിരിയൊന്നു പറഞ്ഞുനിവനം.

—സേതുനാഥ്

ഒന്നും മിണ്ടാതെ ഇട്ടണ്ണാൻ എഴുന്നേററു പോയിയത്രേ! ഒരു നടനടന്നു.

നാട്ടിൽ പഴയപോലെ പറയുന്ന കഥ യാണതു്. മാമ്പഴത്തോട്ടത്തിലെ ഉടമസ്ഥനോ, കുട്ടികൾ കുട്ടികളോടോ പറയുന്ന കഥ. പണ്ടുപണ്ടു നടന്ന ഒരു പഴങ്കഥയുടെ മട്ടുണ്ടതിന്ന്.

ഇട്ടണ്ണാൻ ഓരോ ചുവടും വച്ചുപോകുന്നതു നല്ല ഉറപ്പിച്ചു കാൽ വെച്ചാണ്. നടക്കുന്നതു ഭൂമി അറിയും.

കുഞ്ഞൻപിള്ള കത്താവിനോടു ചോദിച്ചു.

"ഇവനെവ്ടെ പോവുകയാ?"

"എവിടെയുമാകട്ടെ, പുറകിൽനിന്നും വിളിക്കണ്ട."

ചില ദിവസങ്ങളിലക്കു ഇട്ടണ്ണാനെ കണ്ടില്ല.

ഇട്ടണ്ണാൻ എവിടെ പോയ്?

കുഞ്ഞൻപിള്ളയ്ക്കും കത്താവിനും ഉല്ക്കണ്ഠയായി. ഒന്നു് അന്വേഷിക്കണമെ

(ശേഷം 52-ൽ)

മേരി, ശാരി, രാജേശ്വരി.

കഥ

പി. സുബ്രഹ്മണ്യപിള്ള

മേരി. ശാരി. രാജേശ്വരി.

മൂന്നു പുത്തിരികൾ.

മൂന്നു പൊട്ടിച്ചിരികൾ.

മൂന്നു മാലപ്പക്ഷികൾ.

"സമരമെങ്കിൽ സമരംതന്നെ."

"നമുക്കാരെയും ഭയമില്ല."

"നമ്മൾ ലോകത്തെ നയിക്കും."

"വേണ്ടിവന്നാൽ മരിക്കും."

"ഒരിഞ്ചു വിട്ടുകൊടുക്കരുതു മോളേ."

മൂന്നു വീരസേനാനികൾ!

മൂന്നു കാളേജു കുമാരികൾ ഒററക്കെട്ടായി മുന്നോട്ടുനീങ്ങുന്നു. ലോകം പിടിക്കാനെന്ന മട്ടിൽ. സന്തോഷം.

ശാരി നടുവിൽ. മേരി ഇടത്തു്, രാജേശ്വരി വലത്തു്. നാലുകൈകൾ മൂന്നു കഴുത്തിൽ ചുററിപ്പിടിച്ചിരിക്കുന്നു. ഒററക്കെട്ടായി. ലോകം പിടിക്കാൻ!

അവർ മന്ദം മന്ദം മുന്നോട്ടുനീങ്ങുന്നു. കാളേജിൻെറ പിൻവശമുള്ള പൂന്തോപ്പിൻെറ നടുവിൽ കൂടി.

ലക്ഷ്യം അല്പം ദൂരെയാണു്. പടന്നുവളർന്നുനല്ലുന്ന പങ്കിമാവിൻെറ ചുവടു്.

മേരി ധരിച്ചിരിക്കുന്നതു ലുങ്കി. പച്ചയും ചുവപ്പും കലർന്നനിറം. പിന്നെ ഒരു വലിയ കുപ്പായം. ഏതോ കാരണവർ സ്വന്തം ആവശ്യത്തിനു പണ്ടു രഹസ്യമായി ചുവച്ചിരുന്നതു് കൈനീളമുള്ളതു്. കഴുത്തില്ലാത്തതു്. ഒട്ടകപ്പക്ഷി ചിറകുനിവർത്തു പിടിച്ചതുപോലെ.

ശാരി ധരിച്ചിരിക്കുന്നതു ഷൊപജാമ. ഇറുകിപ്പിടിച്ചു കിടക്കുന്നതു്. പശതേച്ചു പിടിപ്പിച്ച മട്ടിൽ. പിന്നെ ചെങ്കല്ലുനിറത്തിൽ ഒരു ജുബ്ബാ. മുട്ടുവരെ. ഏതോ ഫക്കീറിൻെറ.

ഒരിഞ്ചു തുണികൊണ്ടു് ഒരാണം ഷോഷിയ്ക്കുന്ന ജമ്പറിനകത്തു രാജേശ്വരി. കൈ മിക്കവാറും ശൂന്യം. കഴുത്തുശൂന്യം. വയറും ശൂന്യം. "ദാ ഇപ്പോ വീഴും." എന്നൊരു കടലാസുസാരി. ചുക്കുള്ളതു്. വീരസേനാനികൾ!

പിന്നിൽ തലയുയർത്തിനില്ക്കുന്ന, കലാലയം. അവിടെ തോന്നിച്ചയുടെ മുഴക്കം. കാട്ടുകിളികളുടെ കോലാഹലം. ഇടയ്ക്കു ക്ളാസും നടക്കുന്നുണ്ടാവും. ആർക്കു ചേതം?

ലക്ഷ്യമെത്തിയപ്പോൾ മൂന്നുപേരും നിന്നു. പടന്നുനല്ലുന്ന പങ്കിമാവിൻെറ ചുവട്ടിൽ, ഒരു നിമിഷം മുട്ടുമടക്കാതെ മൂന്നുപേരും ഇരുന്നു. തറയിൽ. ഒന്നിനുമീതെ ഒന്നു്. പൊട്ടിച്ചിരി. കുലുങ്ങിച്ചിരി.

നടക്കുമ്പോൾ വേർപ്പെടാത്തവർ ഇരുപ്പിലും ഒന്നു ചേരുന്നു. ശാരി നടുവിൽ.

ശാരിയുടെ ഇടത്തെത്തോളിൽ തൂങ്ങിപ്പിടിച്ചു, മേരി. വലത്തെ തോളിൽ രാജേശ്വരി. വീണ്ടും ഒററക്കെട്ടിൽ!

എവിടെയോ തുടങ്ങി. എന്തൊക്കെയോ പറഞ്ഞു. പരസ്പരം, പുതുതുള്ളി. നാലിരിച്ചു. ഇടയ്ക്കിടെ കുടഞ്ഞിട്ടു ചിരിച്ചു. കഥപിന്നെയും തുടരുന്നു.

"പരീക്ഷ കഴിഞ്ഞാൽ വരുമെടീ നമുക്കെല്ലാം കല്യാണാലോചന, അപ്പോൾ പ്രശ്നം നാം എന്തുചെയ്യണം?" മേരി.

"നമ്മൾ സൂക്ഷിക്കണം." ശാരി.

"എന്തുചെയ്യും?" രാജേശ്വരി ഭയന്നു്.

"തല നിവർത്തുപിടിച്ചു നിന്നു്" ഞാൻ ഇങ്ങനെ പറയും. അപ്പച്ചാ എനിക്കു കല്യാണംവേണ്ട കാരണം, കല്യാണത്തിൽ പുരുഷൻെറ മേധാവിത്വമുണ്ടു്. അനുവദിക്കാൻ സാദ്ധ്യമല്ല."

മേരി.

"ഞാനും അതുതന്നെ പറയും. ധൈര്യമായി."

ശാരി.

"അപ്പോ ഞാനോ. പിന്നെ നമ്മുടെ

ഭാവി എങ്ങനാ?" രാജേശ്വരി.

"എടീ രാജീ. നിനക്കറിയാമോ ആരെയും സംബന്ധം ചെയ്തില്ലെങ്കിൽ എല്ലാവരും എല്ലാവരെയും സംബന്ധം ചെയ്യുന്നതിനൊപ്പമാ. അതാ പുതിയ തിയറി."

ശാരി.

"എൻറമ്മച്ചീ. എന്തിക്കവയ്യാ" രാജേശ്വരി.

ചിരി. മൂന്നുപേരും ചേർന്നൊരു പൊട്ടിച്ചിരി. മേരി, രാജിയെന്ന രാജേശ്വരിയെ നുള്ളുന്നു. സന്തോഷം

"എടീ മണ്ടൂസെ. ഭാവിയെന്തെന്നു ഞാൻ പറഞ്ഞുതരാം. (സ്വരത്തിൽ വീരം കയർത്തി) ഇന്നു പുരുഷന്മാർ കൈയടക്കിവച്ചിരിക്കുന്ന ഉദ്യോഗമണ്ഡലങ്ങൾ ഏല്ലാം നമ്മൾ പിടിച്ചടക്കും ഓരോന്നായി." മേരി,

"അപ്പോൾ പുരുഷന്മാർ തൊഴിലില്ലായ്മയിലേക്കു് കൂട്ടമായി" ശാരി.

"കഷ്ടം!" രാജേശ്വരി.

"ആദ്യം പോലീസ്" മേരി.

"ഡൊൺട്"പെർസെൻറ്." ശാരി.

"പ്രതിഷേധപ്പട്ടാളം." മേരി.

"സെൻറ്" പെർസെൻറ്." ശാരി.

"നമ്മൾ പോലീസായാൽ ആരെയാ ഇടിക്കുന്നു?" രാജേശ്വരി.

"പെണ്ണുങ്ങളെത്തന്നെ. തല്ലാലം അതു മതി" മേരി.

"ആണുങ്ങളെത്തല്ലി കൈ ചീത്തയാക്കണ്ടാ." ശാരി.

"നമ്മൾ പട്ടാളമായാൽ യുദ്ധംചെയ്യുന്നതാരൊടാ?" രാജേശ്വരി.

"അതും പെണ്ണുങ്ങളോടു മതിയെടി." മേരി.

"മററതു പെശകാ." ശാരി.

"എനിക്കറിഞ്ഞുടെ എൻറപ്പാ." രാജേശ്വരി.

"എടി രാജി. സർക്കാപ്പീസുകളിൽ പകുതിയിലധികം ഇന്നു പെണ്ണുങ്ങളാ, എന്തു കഴപ്പം പററയെടി?" മേരി.

"ഒത്തിഗ്". അവിടെ ചെന്നു നോക്കിയാലറിയാം അതിൻെറ ഗുണം." ശാരി.

രാജേശ്വരി തൊണ്ട വിറച്ചുകൊണ്ടു്:

"നമ്മൾ ജയിക്കും നമ്മൾ ഭരിക്കും."

മേരിയും ശാരിയും കാരോ ഇടി പാസ്സാക്കുന്നു, രാജേശ്വരിയുടെ തോളത്തു്. കപ്പം ഒരു പൊട്ടിച്ചിരി. മൂന്നു ശബ്ദങ്ങൾ മൂന്നു രാഗത്തിൽ

മേരി രാജേശ്വരിയെ അൽപ്പം നിരീക്ഷിച്ചിട്ടു്. "നീയെന്തിനാ മോളെ ഇപ്പോഴേ സാരിയുടുത്തിരിക്കുന്നു? എല്ലുമതുള്ളു വളന്നോ?" വീണ്ടും ചിരി,

"അതു പറയാതെ മേരി. എനിക്കു നാണമാ"

"എടീ അസത്തെ. പെണ്ണുങ്ങൾക്കു വേറെ എന്തുമാകാം. നാണം മാത്രം പാടില്ല." ശാരി,

"ഹിയർ, ഹിയർ." മേരി.

"കല്യാണം വേണ്ടെന്നു പറഞ്ഞാൽ അച്ഛനു തല്ലിയെങ്കിലോ?" രാജേശ്വരി.

"തല്ലു യാൽ കൊള്ളണം. ധൈര്യമായി." മേരി.

"അതെന്താ പെണ്ണു അങ്ങനെ? നീ വല്ലവനെയും മനസ്സിൽ കണ്ടുവച്ചിട്ടുണ്ടോ?" ശാരി.

"അയ്യോ ഇല്ല (ആലോചിച്ചിട്ടു്) ഒരണവും ആരണവും വേണ്ടതു കിട്ടുമെങ്കിൽ കല്യാണമാകാമെന്നാ എനിക്കു തോന്നുന്നതു." രാജേശ്വരി.

"നീ അറുപിന്തിരിപ്പനാകുന്ന മട്ടാണല്ലോ മോളെ?" മേരി.

"പിന്നെ ഈ ശാരിയെന്തിനാ നെക്ലേസിട്ടേക്കുന്നു?" രാജേശ്വരി.

"നിനക്കതിലസൂയ ഉണ്ടു്. ഇല്ലേ മോളേ?" മേരി.

"അസൂയ ആകിക്കോ. അതു നമ്മുടെ വർഗ്ഗസ്വഭാവമാ." ശാരി,

മേരി നിവർന്നിരുന്നു്. തല പിന്നോട്ടു ചരിച്ചു് കൈ രണ്ടും ഉയർത്തി.

"നമ്മൾ പുലിക്കുട്ടികളായിരിക്കും, എന്നും പുരുഷമേധാവിത്വത്തിനെതിരായി സമരം നയിക്കും. വേണ്ടിവന്നാൽ മരിക്കും." ശാരി.

"ഏററു." ശാരി."

"രാജി."

"ഏററു." രാജേശ്വരി,

മേരി കൈതിരിച്ചു സമയം നോക്കി.

"സമയമായി വരുന്നു. അടുത്ത പിരിഡു കട്ടുചെയ്യണോ?"

"വേണ്ട. പോയവിടെ ഇരുന്നുകൊള്ളാം. ഹിംസിക്കട്ടെ"

മുന്നുപേരും ഒരേസമയം എഴുന്നേല്ക്കുന്നു. തോളിൽ കൈ ചുററുന്നു, മററ കെട്ടായി മാർച്ചുചെയ്യുന്നു. കലാലയത്തിലേക്കു്.

റോസാച്ചെടികൾ കൂട്ടമായി നില്ക്കുന്ന സ്ഥലത്തു് മുവരും വന്നുചേരുന്നു. ആറു കണ്ണുകൾ നൂറു പൂക്കളിൽ പാഞ്ഞുചെല്ലുന്നു. തറച്ചുനില്ക്കുന്നു. പലതും മറന്നു. പലതും പാതിയും കാററിൽ പറന്നു.

വിടർന്നുനില്ക്കുന്ന വലിയ റോസാപ്പൂക്കൾ. പറിച്ചെടുത്താലും തിരിച്ചുവരാത്ത കണ്ണുകൾ. കഴഞ്ഞു. വരിഞ്ഞു.

"എൻെറ മേരി."

"എൻെറ രാജി."

"എൻെറ ശാരി."

നിയന്ത്രണംവിട്ട വിളി. മൂന്നു ഹൃദയങ്ങൾ, പൂവ്വിലും മൃദുവാകുന്നു. മഞ്ഞുപോലെ അലിയുന്നു.

കാന്തത്തിൻെറ ശക്തി ചുററും.

ഒളിഞ്ഞുനോക്കിയ്ട്ടു് മുവരും പാഞ്ഞടുക്കുന്നു. ഏററവും വലിയ പൂക്കൾ ഒരോന്നുപറിച്ചെടുക്കുന്നു. താലോലിക്കെ

(ശേഷം 35-ൽ)

എം. ഷൺമുഖദാസ്

ഹോളിവുഡ്പ്രൊഡ്യൂസർമാരുടെ "മഹാകവി" സങ്കൽപ്പത്തെ തൃപ്തിപ്പെടുത്താൻപോന്നതായിരുന്നു റോമൻകവി കുഞ്ഞുലസ്സിൻെറ വ്യക്തിസത്തയും ജീവിതവും. വെറും മുപ്പത്തിമൂന്നു വർഷക്കാലം നീണ്ടുനിന്ന ജീവിതം (ബി. സി. 87–ബി. സി. 54). അതിധനികൻ, സുഖലോലുപൻ, "ജഘന"ചപലയായ "ക്ളോഡിയ"യുമായുണ്ടായ പ്രേമബന്ധത്തിൻെറ മധുരവും, വിഷവും ആസ്വദിച്ചു്, സ്വർഗ്ഗീയവും നാരകീയവുമായ എല്ലാ മാനസികാവസ്ഥകളും അനുഭവിച്ച ഈ കവി, ക്ഷയരോഗബാധിതനായി മരിച്ചു. പ്രശാന്തമായ വിറോണാപട്ടണത്തിൻെറ സന്താനമായിരുന്നെങ്കിലും, ജീവിതത്തിലെ ഏററവും വിലപ്പെട്ട വർഷങ്ങൾ ചിലവഴിച്ചതു്, സ്വഭാവശുദ്ധിയില്ലാതെ, സുഖത്തിനുപിന്നാലെ പരക്കംപാച്ചിലുകൾനിറഞ്ഞ, തലസ്ഥാനനഗരിയിൽ (റോമിൽ) ആയിരുന്നു. ഇതൊന്നും കുഞ്ഞുലസ്സിൻെറ കൈസർഗ്ഗികനിഷ്കളങ്കതയെ ഹനിച്ചില്ല. റോമൻഭാവഗായകന്മാരിൽ അഗ്രഗണ്യനായ അദ്ദേഹത്തിൻെറ വ്യക്തിത്വത്തിലെ ഏററവും പ്രധാനമായ ഘടകം ആർദ്രതയായിരുന്നു, പച്ചത്തെറിപ്പുറച്ചിലിന്നിടയിൽപ്പോലും ഈ ആർദ്രതയ്ക്കു മങ്ങൽപററിയില്ല.

ലെസ്ബിയ എന്ന സാങ്കല്പികനാമമാണു് കുഞ്ഞുലസ് ക്ളോയിഡയ്ക്കു നൽകിയതു്. ആദ്യമാദ്യം അകളങ്കാനന്ദം മാത്രം പ്രദാനംചെയ്ത ഈ ബന്ധം, ക്രമേണ മനസ്സിൽ കന്നൽക്കുത്തുകളും കാകോളവും പകരാൻമാത്രം പര്യാപ്തമായി. അരസികനായ ഭർത്താവിനെ വഞ്ചിച്ചാണു് ഈ സൊരൊസെററിവനിത കുഞ്ഞുലസ്സിനെ കളിത്താവായി സ്വീകരിച്ചിരുന്നതു്; ഇപ്പോൾ അതരീതിയിലവൾ കുഞ്ഞുലസ്സിനോടും പെരുമാറി. ഡസൻ ണക്കിലുള്ള കാമുകന്മാരെക്കൊണ്ടും സംതൃപ്തയാകുന്നവളായിരുന്നില്ല അവൾ. റോമിലെ ഏററവും വൃത്തികെട്ട തെരുവുകളിൽ, ഏററവും വൃത്തികെട്ട ആഭാസന്മാരുടെ കൈകവയങ്ങളിൽ ലെസ്ബിയയെ കാണാനിടയായി ഒരിക്കൽ കുഞ്ഞുലസ്സ്. ഇതൻെറ ഹൃദയവേദന മുഴുവനും ആവാഹിച്ചിട്ടുള്ളതാണു കവിതയുണ്ടു്. വിശ്വാസവഞ്ചകിയാണെങ്കിലും ലെസ്ബിയയെ സ്നേഹനിഷ്ഠാസിതയാക്കാൻ കുഞ്ഞുലസ്സിനു കഴിഞ്ഞില്ല. അവൾ വഞ്ചകിയാകുന്നതു നോക്കി നോക്കി അദ്ദേഹം കണ്ണീർവാർത്തു. ചില ഘട്ടങ്ങളിൽ, ഓവുചാലിൻേറതായ ഭാഷാവിവാക്കുകളെക്കൊണ്ടു ദ്ദേഹം ലെസ്ബിയയെ അഭിഷേകംചെയ്യുന്നുമുണ്ടു്. അപ്പോഴും ആ വലിയ ഹൃദയത്തിൻെറ സ്നേഹവായ്പാണു് നമ്മെ എല്ലാററിനുമുപരി ആകർഷിക്കുന്നതു്.

പ്രേമകവികളുടെ രാജകുമാരൻ

സ്വന്തം സഹോദരൻെറ ശവക്കല്ലറ സന്ദർശിച്ചശേഷം അദ്ദേഹം രചിച്ച വിലാപകവിത, "ലെസ്ബിയാ"കവിതകളോളം തന്നെ ഹൃദയസ്പൃക്കായതു മററന്നുകൊണ്ടുമല്ല.

കുഞ്ഞുലസ്സിൻെറ കവിതയുടെ സംഗീതാത്മകത ഏതും കാവ്യാസ്വാദകന്മാരെ പുളകംകൊള്ളിച്ചിട്ടുണ്ടു്. "ഗട്ടർ"ഭാഷയെ സംഗീതമാക്കിമാററിയ കവി"—എന്നാണു് ആധുനികഇംഗ്ളീഷ്കവികളിൽ പ്രധാനഗണിയനായ ഓഡെൻ കുഞ്ഞുലസ്സിനെപ്പററി പറഞ്ഞതു്.

കുഞ്ഞുലസ്സിൻെറ ഭാവതുന്ദിലമായ ലയത്തിനോടു് നീതിപ്രവൃത്തിക്കാൻ ഒരു ഭാഷയിലെ വിവർത്തകന്മാർക്കും കഴിഞ്ഞിട്ടില്ല. ഓരോ പദസമ്പത്തിലും, ഓരോ



ആരോഗ്യ സംരക്ഷണ ഔഷധങ്ങളിൽ
വെച്ചേററവും മികച്ചതു് പവർമാൾട്ട്

ശരീരത്തിനു തൂക്കവും തടിയും വദ്ധിപ്പിച്ചു
ധാതുശക്തിയും യുവത്വവും നിലനിത്തുന്നു!

450 ഗ്രാം 40 നേരത്തിനു് 10 ക.
V P. P ചിലവു പുറമെ.

നിങ്ങളുടെ ആവശ്യങ്ങൾക്ക്

ദി മദൻമിത്രാ ഔഷധാലയാ (Regd.)
മദൻമിത്രാ ബിൽഡിംഗ്, V. H. Road, P. B. No 44, പാലക്കാട്ട് (കേരളാ)
THE MADANMITHRA AUSHADHALAYA, P. B. No. 44, PALGHAT, (KERALA)
എന്ന വിലാസത്തിൽതന്നെ എഴുതുവിൻ

നേരിട്ടു വാങ്ങുവാൻ

Trivandrum	M/s. Medical Supplies, Near Statue	Ernakulam	M/s. Mambilly Dispensary Broadway
Neyyattinkara	,, Jai Hind Medical Stores	Alwaye	,, Suraj Medicals
Attingal	,, Progressive Medical Stores	Tirupunitura	,, Karappillil Pharmacy
Malayinkeel	,, Raju Medical Stores	Perumbavur	,, Parasuram & Co.
Quilon	,, Western Medical Stores	Muvattupuzha	,, Dass Brothers, Chemists
Alleppey	,, Geetha Medical Stores	Kaladi	,, Keyar Drugs
Chenganur	,, Universal Medical Stores	Koothattukulam	,, Vannilam Medical Stores
Changanassery	,, Elite Medicals, Market Road	Paravoor-N	,, Chandra Pharmacy
		Udyogamandal	,, Mambilly Medicals
Sherttallay	,, Royal Medical Stores	Trichur	,, V. J. Paul & Co. Chemists
Mavelikkara	,, Popular Medical Stores	Chalakkudi	,, Santhi Medical Stores
Pandalam	,, Excel Medical Stores	Irinjalakuda	,, SriNarayanaMedicalStores
Kottayam	,, K. K. Kuruvila & Sons	Kunnamkulam	,, Panakkal Pharmacy
Kanjirappilli	,, Varghese & Co., Chemists	Kodungalur	,, Kalyan Drug House
Vaikom	,, Perl Medical Stores	Ottupara	,, Polson Medical Stores
Pala	,, Pala Medical Stores		
Kattapana	,, S. H. Medical Hall	Palghat	,, K. H. Parasuram, Chemists
Cannanore	,, Sarada Pharmacy	Mannarghat	,, Mannarghat Pharmacy
Tellicherry	,, Oriental Pharmacy	Ottapalam	,, Variety Medical Stores
		Perinthalmanna	,, English Pharmacy
Madras-3 (Periamet)	,, Madanmithra Agencies Everest Hotel Road	Kozhikodu	,, Kuttan Bros., Huzur Road
Bhilai	,, Kerala Ayurvedic Bhavan	Badagara	,, Mammikutty & Sons Court Road
Poona	,, Hakkim Dwaraka Dass V. B. Patel Road	Sultanbatery	,, United Medical Stores
Madgam-Goa	,, Exembu Esvando Dhond	Mysore	,, Laxminarayana Stores Dhanwandri Road
Bombay-Dadar	,, Jayanthy General Stores Opp. Railway Station	Mangalore	,, Shah & Co., Hambankatta

Bangalore (Cant)
Madanmithra Agencies, Near Lalmasjid, Old Bamboo Bazar Behind Russel Market

വികാരസാഗരത്തെ, ഓരോ അഗാദഭാവത്തെ അങ്ങനെ ഒന്നോ രണ്ടോ വരികൾക്കുള്ളിൽ തീവ്രമായ ഒരു മാനസികക്കൊടുങ്കാററിന്റെ വിവിധ ഘട്ടങ്ങളെയാകമാനം ഉൾക്കൊള്ളിക്കാൻ, സാഫോവിന്നു കഴിഞ്ഞതിൽപ്പോലും എത്രയോ അധികം, കത്തുലസ്സിനു കഴിഞ്ഞിട്ടുണ്ട്. ഈ വസ്തുതയാണ്, ഇരുപതു നൂററാണ്ടുകൾ കഴിഞ്ഞിട്ടും അദ്ദേഹത്തെ "പുതിയകവി"യായ്ത്തന്നെ നിലനിത്തുന്നതു്. തിജ്ജരക്കാരെ ഹഠാദ് ശരാക്കുന്നതും ഇതുതന്നെ. ബുദ്ധിയും ഹൃദയവും, യാഥാർത്ഥ്യവും ദിവാസ്വപ്നവും തമ്മിലുള്ള പ്രതിനിമിഷസംഘർഷത്തിൽനിന്നുളവാകുന്ന ശുദ്ധ ഐന്ദ്രിയാനുഭൂതികളാണ് ആധുനികകവിതയുടെ ആധാരലക്ഷണമെങ്കിൽ കത്തുലസ്സിനെ അധിഷ്ഠിതമാക്കുന്ന ആധുനികകവിയാകുന്നില്ലേ?

രണ്ടോരണ്ടു വരികളിൽ ഒതുങ്ങിനില്ക്കുന്ന ഒരു വികാരസാഗരമാണ് കത്തുലസ്സിന്റെ "സ്നേഹവും വെറുപ്പും" എന്ന കവിത. പരാവൃത്തനം ഇത്രയേയുള്ളു. "ഞാൻ സ്നേഹിക്കുകയും വെറുക്കുകയും ചെയ്യുന്നു. എങ്ങനെ സംഭവിക്കാനാണു ഇങ്ങനെ? എന്ന ചോദ്യത്തിന് എനിക്കുത്തരമില്ല. ഇതാണെന്റെ അനുഭവം; കൊടിയ വേദനയാണ് ഇതു്." ലത്തീനിൽ, "Odi et amo" എന്നു തുടങ്ങുന്ന ഈ കവിതയെ, ഷെല്ലിയുടേയും കുമാരനാശാന്റേയും ശങ്കരക്കുറുപ്പിന്റേയും പ്രേമകവിതകളോടു താരതമ്യപ്പെടുത്തുമ്പോൾ, കത്തുലസ്സിന്റെ "അത്യാധുനികത"യുടെ കഴമ്പെന്താണെന്നു് വ്യക്തമാകും. ഉദാഹരണമായി, ശങ്കരക്കുറുപ്പിന്റെ,

"മാമകസ്നേഹം നിത്യമുത്കമായിരിക്കട്ടെ
കോമളനവിന്നുത്തുഹിച്ചാലുഹിക്കട്ടെ
സ്നേഹത്തിൽനിന്നില്ലല്ലോ മററൊന്നും
ഭൂമേടിട്ടുവാൻ

സ്നേഹത്തിന്റെ ഫലം സ്നേഹം, ജ്ഞാനം."

എന്ന വരികൾ, സാമാന്യയുക്തിക്കു നിരക്കുന്നതും, പരസ്പരബന്ധിതവും ആയ ആശയങ്ങളെ, ആകർഷകമെങ്കിലും നേരെ തെല്ലും അത്ഭുതപ്പെടുത്താത്ത രീതിയിൽ ആവിഷ്കരിക്കുന്നു. വായനക്കാരന്റെ വശത്തുനിന്നു് ക്ലേശകരമായ ബുദ്ധിവ്യായാമമൊന്നും കൂടാതെതന്നെ, ഇതുപോലുള്ള കവിത അയാളുടെ സാംസ്കാരികാന്തരീക്ഷത്തിയുടെ ഭാഗമായിത്തീരുന്നുവെന്നു സാരം. എന്നാൽ കത്തുലസ്സിന്റെ കവിത വായനക്കാരന്റെ സമ്പൂർണ്ണസഹകരണമെന്നിയേ നിഷ്പ്രയോജനമാണ്. ലെസ്ബിയയുമായി ആയിരമായിരം ചുംബനങ്ങൾ കൈമാറുന്നതിനെപ്പററി അവളോടു പറയുമ്പോഴും, അവളോട്, "പലസ്വാതന്ത്ര്യം അസ്മമിച്ചു കിട്ടിച്ചേരും, പക്ഷേ, നമ്മുടെ ചെറിയ വെളിച്ചം ഒരിക്കലണഞ്ഞാൽ പിന്നെ ഉദിക്കുകയില്ല" എന്നു് ഉൽബോധിപ്പിച്ചു് ലീലാവിലാസങ്ങൾ ക്ഷണിക്കുമ്പോഴും, ഇങ്ങനെ ഒരു കുലസ്ത്രീയുടെ ഹൃദയം നൽകാനേയുള്ളതിൽ തന്നെത്താൻ ശപിക്കുമ്പോഴും, ആഹ്ലാദവായ്പിന്റേയും മാനസികതകർച്ചയുടേയും, ഉഗ്രാവർഷത്തിന്റേയും വീചികളിലൂടെ, മാറിമാറി യാത്രചെയ്യുമ്പോഴുമെല്ലാം ലാളിത്യത്തിലും, വാചാലതക്കാരനുമായി അനന്യബന്ധം സ്ഥാപിക്കുന്നതിൽ അദ്വിതീയശ്രമമായ ഈ പാണ്ഡിതകവി, ഇരുപതാം നൂററാണ്ടിന്റെ എട്ടാംദശകക്കാരനായ കാവ്യാസ്വാദകനെ അല്ല വായകർഷിക്കുന്നു. ഈ ആകർഷണം താല്ക്കാലികമല്ല; നിലനില്ക്കുന്ന മഹാഗാധസൗഹൃദത്തിന്റെ തുടക്കമാണതു്.

—0—

മേരി, ശാരി, രാജേശ്വരി

(32-ൽ നിന്നും തുടർച്ച)

ന്നു. തടയിൽച്ചുട്ടു, തിന്നൽവേഗത്തിൽ.

അപ്പോൾ സംതൃപ്തി യുടെ തളക്കം. സന്തോഷത്തിന്റെ പ്രകാശം. മൂന്നു പ്രമുഖങ്ങളിൽ. എല്ലാവക്കും രോമാഞ്ചം. ഇനി മരിച്ചാലും...

"ആരാ അവിടെ പൂപറിക്കുന്നു? നില്ലവിടെ." പരുപരുത്ത സ്വരം. നിർദ്ദയമായ ആജ്ഞ.

"അയ്യോ തുലഞ്ഞു! വാച്ചുകുവരുന്നു ടി മോളെ. ആളറിയിക്കരുതു. ഓടിക്കോ. തിരിഞ്ഞുനോക്കാതെ ഓടിക്കോ. ശാരി, രാജി, ഓടിക്കോ. ഞാൻ പറകയുണ്ട്."

ഭയത്തിന്റെ ചിറകുകളുമായി മൃഗങ്ങൾ ഓടി. അല്ല. പറന്നു. സർവ്വശക്തിയും എടുത്തു്. എല്ലാം കാററിലാക്കി. ശബ്ദവും വെളിച്ചവുംപോലെ അവർ ഓടി. പുഴ്പ്പടുകളുടെ നടുവക്കൂടി, പൂമരങ്ങളുടെ തണലിൽക്കൂടി. പ്രാണൻ കളഞ്ഞു്, വീരസേനാനികൾ!!

തുറക്കാത്ത ജനലിലെ വൃദ്ധൻ

മണി

പുറത്തു വെയിലിന്റെ സമുദ്രമാണ്. ആകാശത്തെ നക്കുന്ന അദൃശ്യമായ തിരമാലകൾ നിശബ്ദമായി അലറിയടിക്കുന്നതു കാണാം. ഗ്രീഷ്മം തുടങ്ങിയിട്ട് എന്നും ഇതേ കണ്ടിട്ടുള്ളൂ. താഴെ, പൈൻ വൃക്ഷങ്ങളുടേയും പടന്ന പക്ഷത്തികളുടേയും വാഴത്തോട്ടത്തിന്റേയും വലയത്തിനു മേലേ ചുട്ടുകിടക്കുന്ന പാടം. വിയർത്തുകിടക്കുന്ന തടാകം. വിത്തിറക്കലിനു ഭൂമി ഒരുക്കുന്ന വേലക്കാരുടെ കറുത്ത തൊലിയിൽ കത്തുന്ന സൂര്യനും കാററനക്കുന്ന തടാകത്തിന്റെ മുഖത്തെ ആയിരം ചുളിവുകളിൽ ചിതറിത്തെറിക്കുന്ന സൂര്യനും. എല്ലാം വെയിലിൽ മുങ്ങിക്കിടക്കുന്നതു കാണുമ്പോഴുള്ള ശ്വാസംമുട്ടൽ.

മഞ്ഞുതുടങ്ങിയാൽ ദൃശ്യം ആകെ മാറും. ജനലിന്റെ ചില്ലുകൾ വെളുത്തു നരക്കും. വൃക്ഷങ്ങളും ചെടികളും എല്ലാം അതിനപ്പുറം മറയുന്നു. പോർട്ടിക്കോവിൽ ചട്ടിയിലിരിക്കുന്ന പനിനീർച്ചെടി പോലും കാണില്ല. സൂര്യൻ സാവധാനം ശക്തനാകവേ, സൂചിപോലെ പ്രകാശത്തിന്റെ കമ്പികൾ മഞ്ഞിന്റെ വെളുത്തശീല തുളച്ചുവരാൻ തുടങ്ങുന്നു. അപ്പോൾ ജനൽപാളികൾ തുറന്നിട്ട ജനൽപടിയിൽ ചാരി പുറത്തേക്കുനോക്കിനിൽക്കുക നിർവൃതിയാണ്. സൂര്യൻ മഞ്ഞിനെ മുഴുവൻ ഉരുക്കി വായുവിലലിയിക്കുന്നതുവരെ നോക്കിനിൽക്കും, മഞ്ഞിന്റെ സ്നിഗ്ദ്ധമായ ഇതളുകളിൽ പ്രഭാതം വിടരുന്നതുകണ്ടിട്ടു ഒരിക്കലും മതി വന്നിട്ടില്ല. ജനലിനു പുറത്തു തലയ്ക്കു ഉടനെ വിടർന്ന പ്രഭാതത്തിന്റെ സുഗന്ധം ശ്വാസകോശങ്ങളിൽ വലിച്ചുനിറയ്ക്കുമ്പോൾ പ്രപഞ്ചത്തിന്റെ ഞരമ്പുകളിലെ ഏതോ ശക്തി സ്വന്തം ഞരമ്പുകളിൽ തിങ്ങിനിറയാറുണ്ട്.

നളിനി കാപ്പികൊണ്ടുവരുമ്പോൾ ഇറന്നുകിടക്കുന്ന ജനലും അടിച്ചുകയറുന്ന മഞ്ഞും. മഞ്ഞുകട്ടിയിൽ വീണപോലെ അവൾ ഞെട്ടും: കൊച്ചേമാനേ, ഭയങ്കര തണുപ്പാണെന്നാ തോന്നുന്നേ. ജനലടക്കട്ടെ?

അവളുടെ ആഗ്രഹമെന്തിനു തടയുന്നു. യജമാനനെ ശുശ്രൂഷിക്കുക അവളുടെ കടമ. ജനലടക്കാനുള്ള അനുവാദമായി, മറെറന്തെങ്കിലും ശ്രദ്ധിച്ചു നിക്കേ, അവൾ ആദരവോടെ, സങ്കോചത്തോടെ ജനലടച്ചു കുററിയിട്ടും, അവൾ പോകുമ്പോൾ, ജനൽചില്ലിൽ സൂര്യൻ വളരവേ, വിലക്കുവാങ്ങുന്ന സ്നേഹത്തെക്കുറിച്ചു ചിന്തിക്കാം.

അയാൾ തടാകത്തിന്റെ വക്കിലും വൃക്ഷങ്ങൾക്കിടയിലും വൃദ്ധനെ അന്വേഷിച്ചു. വൃദ്ധന്റെ വെളുത്തമുണ്ടും കാപ്പിനിറമുള്ള ഷർട്ടും മഞ്ഞ തോൾനാടനും നരച്ചുചുവന്ന തൊപ്പിയും. കൂടെ വൃദ്ധന്റെ അഞ്ചു പശുക്കൾ. വൃദ്ധൻ വന്നു, പശുക്കളെ മേയാൻവിട്ട് കക്ഷത്തിൽ വെച്ചു കൊണ്ടുവന്ന ചുണ്ട ഇടകൊളുത്തി തടാകത്തിലിട്ടു ഉറക്കം തൂങ്ങിയിരിക്കും. ഇതുവരെ അയാളുടെ ചൂണ്ടയിൽ ഏന്തെങ്കിലും കൊത്തിയിട്ടുള്ളതായി ഓർമ്മയില്ല. ഇനിയും പൊലിയാത്ത വൃദ്ധന്റെ പ്രതീക്ഷ! ഒരു പക്ഷേ, ആ പ്രതീക്ഷയായിരിക്കും വൃദ്ധനിൽ കത്തുന്ന ജീവന്റെ നാളം.

മസറയ്ക്ക് വൃദ്ധനു സമ്മാനിക്കാൻ അഞ്ചുരൂപാ നളിനിയെ ഏൽപ്പിച്ചു. വൃദ്ധൻ കാലിനടിയിൽ ചൂണ്ട തിരുകി മയങ്ങുകയായിരുന്നു. അവൾ അടുത്തു ചെന്നു എന്തോ വിളിച്ചു. വൃദ്ധൻ ഞെട്ടിയുണർന്നു ചൂണ്ടൽ വലിച്ചു. നളിനി പൊട്ടിച്ചിരിച്ചുപോയി, തനിക്കും ആനന്ദത്തിന്റെ ഒരു നിമിഷം സ്വന്തമായി, അഞ്ചുരൂപ തനിക്കാണെന്നറിഞ്ഞപ്പോൾ വൃദ്ധൻ നന്ദി പ്രകടിപ്പിക്കുകയും നളിനിയുടെ തലപടിച്ചു അനുഗ്രഹിക്കുകയും ചെയ്തു. അവൾ പോന്നശേഷം വൃദ്ധൻ വിശ്വസിക്കാൻ കഴിയാതെ നോട്ട് തിരിച്ചും മറിച്ചും നോക്കുകയും ഒടുവിൽ വിശ്വസിച്ച്, തൊപ്പിയെടുത്ത് അതിനുള്ളിലെ ഏതോ അറയിൽ സൂക്ഷിച്ചുവച്ച്, ചൂണ്ടൽ വെള്ളത്തിലിട്ടു കണ്ണുമടച്ചിരിപ്പായി.

ഹൃദയത്തിന്റെ ഒരു വാതിൽ തുറന്ന സുഖത്തോടെ താനും കിടക്കയിലേക്കു നടന്നു.

അയാൾ വൃദ്ധനെ കാത്തുനിന്നു. അങ്ങകലെ പാടങ്ങളിൽ ഉരുണ്ടുതിളങ്ങുന്ന മാംസപേശികളുള്ള പണിക്കാരെത്തിയിട്ടുണ്ട്. നകം കാത്തു പണിക്കാളകൾ. വെയിലിൽ മുങ്ങിയ വൃക്ഷങ്ങളും വൃക്ഷങ്ങളിൽ ചിലയ്ക്കുന്ന പക്ഷികളും, മീരെ ചുററിപറക്കുന്ന പരുന്തുകളുമുണ്ട്. വൃദ്ധനും വൃദ്ധന്റെ പശുക്കളും കൂടിയാവുമ്പോഴേ ചിത്രം പൂർത്തിയാവൂ.

ചുമരിലെ ക്ളോക്ക അവസാനമില്ലാത്ത മണിക്കൂറുകൾ ഇടിച്ചുകൂട്ടിയിരിക്കുന്നു. ഓരോ മണിയടിയും അസഹ്യമായ ഭാരമായി തലച്ചോറുകളിൽ തുങ്ങി. ഈ ഞരമ്പുകൾ വലിച്ചുപൊട്ടിച്ചിട്ടേ അതു നിൽക്കൂ. അയാൾ ചെവിപൊത്തി.

ആശുപത്രിയിൽ നിന്നു ഇങ്ങോട്ടു മാറിയപ്പോൾ ഇവിടെ ക്ളോക്കില്ലായിരുന്നു. അന്നു, മരണത്തിലേക്കുള്ള ദൂരമളക്കാൻ താഴെനിന്നു ക്ളോക്കെടുപ്പിച്ചു. അതിന്റെ സൂചികൾ കറങ്ങിയപ്പോൾ കലണ്ടറിലെ അക്കങ്ങൾമാറി. പിന്നെ അതും മടുത്തു. സമയം ഒന്നുമല്ലാതായി. സൂര്യൻ ഉദിച്ചാൽ അസ്തമിക്കുമെന്നു വിശ്വസിച്ചു.

മതിലിൽ തൂങ്ങുന്ന ഷെൽഫിൽ പുസ്തകങ്ങൾ ഭംഗിയായി അടുക്കിവച്ചിരിക്കുന്നതു് അമ്മയാണു്. മകന്റെ മരിച്ച ദിവസങ്ങൾക്കു പുസ്തകം ജീവൻ കൊടുക്കുമെന്നു് അമ്മ കരുതി. മകനു പുസ്തകങ്ങൾ ആശുപത്രിയിൽവച്ചേ മടുത്തുകഴിഞ്ഞിരുന്നു.

മടുക്കാത്തതു് ഒന്നുമാത്രം തടാകത്തിനടുത്തെ താഴ്‌വര നമയ്ക്കുന്നതും പച്ചയണിയുന്നതും പുഷ്പിക്കുന്നതും നോക്കിനില്ക്കുക. തോട്ടത്തിൽ മരങ്ങളിൽ പുതിയ നാമ്പുകൾ പൊടിക്കുന്നതും വളരുന്നതും കരിയുന്നതും നോക്കിനില്ക്കുക. അങ്ങകലെ നദി ജനിക്കുന്നതും തടിക്കുന്നതും നേർക്കുന്നതും നോക്കിനില്ക്കുക.

കൊച്ചേമാനേ, കാപ്പി കുടിച്ചില്ലേ? നളിനിയുടെ പതിവുള്ള അമ്പലപ്പു്.

വിവാഹിതന്മാർക്ക്

ധാതുശക്തി നേടിത്തരുന്ന

വാജീകല്പം

ഓരോ ഡോസും ഫലപ്രദം.

ആയുർവ്വേദാചാര്യ

ഒ.കെ. കുഞ്ഞുരാമൻവൈദ്യർ

(ഗോൾഡ് മെഡലിസ്റ്റ്)

പൗരസ്ത്യഫാർമസി

പെരിനാട്ട്, കൊല്ലം.

ഫോൺ: 2295.

എന്നും രാവിലെ നിറഞ്ഞ ട്രേയും ചുമന്നവൾ വരുന്നു. കുറേ കഴിഞ്ഞു നിറഞ്ഞ ട്രേയും ചുമന്നവൾ തിരിച്ചുപോകുന്നു. ചിലപ്പോൾ അവളുടെ ചോദ്യം തന്നിൽ കോപമായി വേഷംമാറുന്നതിനുമുമ്പു ശാന്തത നേടുന്നു. എന്തിനവളെ ശകാരിക്കണം? അവൾ വാങ്ങുന്ന പണത്തിന്റെ കടമയോ അവകാശമോ ആണതെങ്കിൽ!

നളിനി മരുന്നെടുത്തുവെച്ചു.

അടുത്ത രംഗത്തിൽ അമ്മയും മകനുമാണു്. നളിനി താഴെയെത്തി അമ്മയെ അറിയിക്കും: കൊച്ചേമാൻ ഇന്നൊന്നും കഴിച്ചില്ല. അമ്മ തടിച്ച ശരീരവും താങ്ങി ബുദ്ധിമുട്ടി കോണികയറി വരും.

"എന്താടാ ഇക്കേക്കണെ?...നീയിന്നു കാപ്പി കുടിച്ചില്ലേ? സമയത്തിനും നേരത്തിനുമൊക്കെ വല്ലതുംകഴിച്ചില്ലെങ്കിൽ....." തൽക്കാലം നിർത്തി വീണ്ടും തുടരും: "പിന്നെ ഞങ്ങളെന്തുചെയ്യണമെന്നാ നീ പറയുന്നതു്? നീ കുടിക്കുന്നതു നിനക്കുവേണ്ടിയാ." അവസാനത്തെ പല്ലുവിക്കവേണ്ടി അമ്മ താന്റെ മേൽനിന്നു കണ്ണുകൾ പറിച്ചു. മുറിയുടെ മൂലയ്ക്കോ ടീപ്പോയിൽ നിരത്തിയ മരുന്നുകുപ്പികളിലേയ്ക്കോ അസ്വസ്ഥമായി നോക്കിക്കൊണ്ടു സ്വരം മാറും: "ഇനി ആകെയുള്ളതു ഒന്നാ. അതൊന്നു് മരുദിവസം കൂടുതലു ജീവിച്ചിരിക്കണ കാണാൻ..." അപ്പോൾ അമ്മ കരയുകയായിരിക്കും.

അമ്മയുടെ ഉള്ളിൽ വേദന വിതുമ്പുകയാണെന്നറിയാം. അമ്മയ്ക്കറിയാമായിരിക്കും ഡോക്ടർ മകനു വിധിച്ചിരിക്കുന്ന കാലാവധി. അമ്മയോടു പറയാൻ തോന്നും! അമ്മേ ആരും നേരത്തേയും വൈകിയും മരിക്കുന്നില്ല. ഓരോ ജീവിയുടേയും ജീവിതം ഒന്നുമുതൽ അനന്തകോടിവരെ നീണ്ടുകിടക്കുന്ന ഓരോ അക്കങ്ങൾപോലെ പൂർണ്ണമാണു്. ഞാൻ നാലാണെങ്കിൽ ഞാൻ നാലുതന്നെയേ ആവൂ. നാലു ജനിക്കുമ്പോൾ നാലു ജനിക്കുകയും നാലു മരിക്കുമ്പോൾ നാലു മരിക്കുകയും ചെയ്യുന്നു. അതുപോലെ ടി. സി. വിജയരാഘവമേനോൻ ജനിച്ചപ്പോൾ ടി. സി. വിജയരാഘവമേനോൻ ജനിച്ചു. നാട്ടിലെ സ്കൂൾവിദ്യാഭ്യാസം കഴിഞ്ഞു ഡൽഹിയിലെ കോളേജിൽനിന്നുബിരുദമെടുത്തു. മദ്യവും മരുന്നുകളും മാംസവും ജീവിതത്തിനു് ഒരു

സ്വപ്നത്തിന്റെ അനുമതി നൽകി. തിരിച്ചുവന്ന ചന്ദ്രശേഖരഷേണായിയുടെ മകൾ സുനന്ദയെ സ്നേഹിച്ചു. രോഗം കാമുകനെ കയ്യടക്കിയപ്പോൾ സുനന്ദ കാമുകനെ കയ്യൊഴിഞ്ഞു രോഗം ഭേദമാകില്ലെന്നറിഞ്ഞുകൊണ്ടുഡോക്ടർ മരുന്നുകുറിക്കുന്നു. രോഗം ഭേദമാകില്ലെന്നു വിശ്വസിച്ചുകൊണ്ടു വിജയരാഘവൻ മരുന്നു കഴിക്കുന്നു. എന്റെ കഥ മുഴുവൻ രോഗം തിന്നുതീർക്കുമ്പോൾ എന്റെ കഥ പൂർത്തിയാവും അപ്പോൾ ഞാൻ പൂർണ്ണനാവും. ഒന്നോ രണ്ടോ പോലെ ഒരക്കംപോലെ പൂർണ്ണൻ.

വാസ്തവം! സുനന്ദയ്ക്കറിയാമായിരുന്നു. ആസ്പത്രിവിട്ട ദിവസം അവളും കൂടെവന്നു. അവളെന്റെ കട്ടിലിലിരുന്നു, അമ്മ പുറത്തേക്കു പോയപ്പോൾ എന്റെ കയ്യെടുത്തു മടിയിൽവെച്ചു അതിലെ രോമങ്ങൾ തലോടിക്കൊണ്ടു് പറഞ്ഞു:

വിജയാ, നീ കരയാതിരിക്കൂ, നിരാശനാകാതെ. തെററാതെ മരുന്നു കഴിക്കണം. ഈ രോഗവും കൂടിയാണു നിന്നെ നീയാക്കുന്നതെന്നു മറക്കാതിരിക്കുക.

അവൾക്കതറിയാമായിരുന്നു. ശരിയാണു്. പിന്നീടു് എല്ലാ ദിവസവും അവളുടെ താളം കോണിപ്പടികളിൽ ഉണർത്തുന്നുണ്ടോ എന്നു കാത്തുകിടന്നു. അതേ സുനന്ദേ, ഈ രോഗവും കാമുകിയുടെ വിരഹവും ഈ കാത്തിരിപ്പും കൂടിയാകുമ്പോൾ ഞാൻ ഞാനാവൂ.

കട്ടിലിലിരുന്നു കരയുന്ന അമ്മയെ ഞാൻ കരയാനനുവദിക്കും. "അമ്മയുടെ നിർഭാഗ്യവാനായ മകനു"വേണ്ടി കരയാനുള്ള അവകാശം അമ്മയ്ക്കുണ്ടു്. അപ്പോൾ അമ്മയെ ആശ്വസിപ്പിക്കാനെന്നോണം ഞാൻ പറയും,

അമ്മ കരയാതിരിക്കൂ. എനിക്കിപ്പോൾ സുഖമുണ്ടു്. ഞാൻ മുടങ്ങാതെ ഭക്ഷണം കഴിച്ചുകൊള്ളാം.

പോർട്ടിക്കോവിൽ വീണ്ടുമെന്ന പനിനീർപൊട്ടിന്റെ ഇതളുകൾ എണ്ണിനിൽക്കേ, തടാകക്കരയിൽ ചൂണ്ടയുമായി തപസ്സുചെയ്യുന്ന വൃദ്ധനോടൊപ്പം ചൂണ്ടയുടെ നാഡിശ്രവിച്ചുനിൽക്കേ, വൃക്ഷങ്ങളുടെ ഹൃദയങ്ങളിൽ വിദൂരമായ വസന്തം മൊട്ടിടുന്ന ഈ ശ്രദ്ധിച്ചുനിൽക്കേ, ചിലപ്പോൾ, അച്ഛൻ വാതിലിനു പുറത്തു വരാന്തയിൽനിന്നു നോക്കുന്നതറിയും. പൈപ്പിൽനിന്നു യമുന പുകവലയങ്ങളുടെ കണ്ണട ധരിച്ചു അച്ഛൻ ഒരു യജമാനനെപ്പോലെ നോക്കും. താൻ വളർത്തുന്ന ജന്തു ഒരു പന്നിയെപ്പോലെ തലിച്ചുകൊഴുക്കുന്നുണ്ടോ?

പിന്നിൽ വാതിലനങ്ങുന്ന ശബ്ദം നളിനി ട്രേ മേശപ്പുറത്തുവെച്ചു പോകാൻ തുടങ്ങിയിട്ടുണ്ടു്. പിന്നെ വാതിൽ കടന്നു. അവൾക്കെന്തെങ്കിലും പറയാനുണ്ടോ?

നളിനി, അയാൾ വിളിച്ചു.

അവൾ തിരിച്ചുവന്നു.

ഇനിയെന്താ ആ വൃദ്ധൻ വന്നില്ലല്ലോ!

ഒരു നിമിഷത്തെ നിശ്ശബ്ദത.

ഇന്നലെ രാത്രി ആ വൃദ്ധൻ മരിച്ചുപോയി. അയാൾക്കു വളരെ വലിയ സമ്പാദ്യമുണ്ടായിരുന്നതത്രേ. കട്ടിലിനടിയിൽ മണ്ണിൽ കഴിച്ചിട്ടിരുന്നു.

അയാൾ അങ്ങകലെ ആകാശത്തിന്റെ നരച്ച ശൂന്യതയിൽ കണ്ണു തറച്ചുനിന്നു. നരപ്പിൽ ഇരുട്ടു് ഉരുണ്ടുകൂടി താണ്ഡവമാടാൻ തുടങ്ങുന്നതയാൾ കണ്ടു. ആകാശത്തിന്റെ കറുപ്പിൽ സസ്യങ്ങളുടെ ഹരിതവും മുറിയുടെ നീലിപ്പും മുങ്ങി. കൈത്തംവാൻ ശരീരംപോലെ മഞ്ഞച്ചുതുടിച്ച പ്രപഞ്ചം അയാളെ പൊതിഞ്ഞു.

നളിനി.

അയാൾ അലറി.

അവർക്കു പിന്നിൽ അയാൾ പതുങ്ങി. കോണിപ്പടികളിൽ തട്ടിമറഞ്ഞു. താഴെ തെറിച്ചുവീണപ്പോൾ ശബ്ദങ്ങൾ വളർന്നു് ഇരമ്പുന്ന നിശ്ശബ്ദതയായി ഉണർന്നു. അയാളും.

ഇനി—

ഇനി എന്റെ യാത്ര

എന്റെ തോണിയെവിടെ? അതിൽ എന്റേതെല്ലാമില്ലേ? എന്നെ ഞാനാക്കിയ, എന്നെ ഞാനാക്കുന്ന എല്ലാം. എന്റെ ഭൂതം കാലത്തിന്റെ മാറാമ്പിലയണിഞ്ഞു തോണിയിൽ നിറയുന്നു. എനിക്കു പിറന്നൊട്ടി ചമഞ്ഞ, എന്റെ ശവപ്പെട്ടി തീർക്കുന്നവ. എന്റെ, ഞാൻ.

—ശ—

നോവൽ

എട്ട്

വിചാരിച്ചതിലും രണ്ടുദിവസം മുമ്പ് അവധിക്ക് വീട്ടിലെത്താൻ കഴിഞ്ഞു. അമ്മയ്ക്ക് തന്നെസ്വാഗതംചെയ്യാൻ പതിവിലേറെ സന്തോഷം ഉണ്ടെന്നു നളിനിക്കു തോന്നി.

"നിന്റെ വരവ് നോക്കിയിരിക്കയായിരുന്നു ഞാൻ."

"എന്താണ്ണേ വിശേഷിച്ച്? എല്ലാ 'വീക്കെൻഡ്'സിനും ഞാൻ വരുന്നതല്ലേ!"

അമ്മയ്ക്ക് എന്താണു പറയാനുള്ളതെന്ന് ഊഹിക്കാമായിരുന്നു.

"വാ ഇരിക്കട്ടെ, എല്ലാം പറയാം—നിന്റെ യാത്രാക്ഷീണമൊക്കെ തീർന്നോട്ടെ - ചിന്ന ഇന്നലെ മാധവൻകുട്ടിയും വന്നിട്ടുണ്ട്—അവനുംകൂടിയുള്ളപ്പോൾ പറയാം." ഒരുതാഴമുണ്ടഴിഞ്ഞു മുന്നാപേരും പൂമുഖത്തു റേഡിയോ കേട്ടുകൊണ്ടിരുന്നപ്പോഴാണ് അമ്മ വിഷയം എടുത്തിട്ടത്.

"മാധവൻകുട്ടി, റേഡിയോ ഒന്നു നിർത്തൂ. എനിക്ക് ഒരു സംഗതി പറയാനുണ്ട്— നീ കൂടെയുള്ളതു നന്നായി—ഇപ്പോൾതന്നെ ഒരു തീരുമാനമെടുക്കാമല്ലോ - "

ചേട്ടൻ മനസ്സില്ലാമനസ്സോടെ എങ്കിലും റേഡിയോ നിർത്തി.

"ഉം, എന്താണമ്മേ. ഇത്ര ഗൗരവമുള്ള കാര്യം?"

നളിനി മുറിയുടെ ഇരുണ്ട മൂലയിലേയ്ക്കു കസേരനീക്കിയിട്ടിരുന്നു.

അമ്മയുടെ പുറപ്പാട് എന്തിനാണെന്നു മനസ്സിലായി—നെഞ്ചിടിപ്പോടെ ശ്വാസമടക്കി ശ്രദ്ധിച്ചു.

"നളിനിയുടെ വിവാഹക്കാര്യമാണ്."

"ഇപ്പോഴതേ വേണോമ്മേ—എന്റെ കൈയിൽ കുറച്ചു കാശായിട്ടുണ്ടാട്ടെ—കുറച്ചെങ്കിലും പണം കൊടുക്കാതെ ഇപ്പോൾ അതിനു നടപ്പുണ്ടോ? അവളും കുറച്ചു വർഷം ചെയ്യട്ടെ—അല്ലേ നളിനി."

"പറയുന്നതു മുഴുവൻ കേട്ടിട്ട്, അഭിപ്രായം പറയൂ—രൂപ ഒന്നും കൊടുക്കണ്ട—അതിനു നീ വാശിക്കയും വേണ്ട—കേൾക്കട്ടെ —കേൾക്കട്ടെ—എന്റെ പെങ്ങളെ തേടിവന്ന ആ ഭാഗ്യവാനാരാണ്?"

"രമേശ്."

"ആര്? നമ്മുടെ ദേവകിഅമ്മയുടെ രമേശോ?"

മാധവൻകുട്ടിയുടെ സ്വരത്തിലെ ഉന്മേഷം തീർത്തും മങ്ങിയിരുന്നു.

"എന്താ നിനക്ക് ഒരു പന്തിയില്ലായ്മ! രമേശിന് എന്താണൊരു കുറവ്—കാഴ്ചയ്ക്കു പരമയോഗ്യൻ. വേണ്ട പണം—പഠിപ്പു ജോലി—പിന്നെ അമ്മയ്ക്കു മോനും നളിനിയെന്നുവച്ചാൽ ജീവനും—"

പ്രിയ സ്വതന്ത്ര

"അതൊക്കെ ശരിയായിരിക്കും അമ്മേ! പക്ഷേ, നളിനിക്ക് അവനെ വേണ്ട—ഒരു മനക്കട്ടിയുമില്ലാത്ത പുരുഷനെ സ്ത്രീക്ക് എന്തിനാണമ്മേ? വെച്ചു താലോലിക്കാനേ.? ഇപ്പോൾതന്നെ അവൻ കാണിച്ചതു കണ്ടില്ലേ—"

"ആരെയും മനസ്സിൽ കണ്ടിട്ടാണതല്ല—കുട്ടിക്കാലംമുതൽ നമുക്ക് അവനെ അറിയാവുന്നതല്ലേ—ഇടി കൊണ്ടാൽ മോങ്ങാനല്ലാതെ തിരിച്ചൊന്നു ചെറുക്കാൻ കഴിയുമോ?—ഒരു ഉശിരും ചുണയുമില്ലാത്തവൻ!"

"എന്നിട്ടാണോ അവൻ ഇത്ര ചെറുപ്പത്തിൽ ഇത്രയും വലിയ പരീക്ഷകൾ പാസ്സായതു—നിനക്കു വെറും ബി. എ. കടന്നുകൂടാൻ മൂന്നാലുകൊല്ലം വേണ്ടിവന്നല്ലോ—"

"കാ, അതിനുമാത്രമേ അവനെക്കൊണ്ടു കൊള്ളുകയുള്ളൂ—ജീവിക്കാൻ മററുചില ഗുണങ്ങൾകൂടി വേണം. സ്വന്തം കാര്യത്തിൽ ഉറപ്പില്ലാത്തവനാണ് ഒരു പെണ്ണിന്റെ കാര്യംകൂടി—"

ചേട്ടന്റെയും അമ്മയുടേയും രാഗങ്ങളിലേക്കു മാറിമാറി ഓളംതല്ലിയിരുന്ന നളിനിയുടെ മനസ്സു പെട്ടെന്നു പിടിച്ചുകെട്ടിയതുപോലെനിന്നു—താനെന്ന ഭാരം അവിടെ ഉണ്ടെന്നുള്ള ബോധം തീരെമറന്നുള്ള ഈ വാദപ്രതിവാദം!

"ചേട്ടൻ എന്തിനിത്രയൊക്കെ പറയുന്നു—അല്ലെങ്കിലും പണ്ടുമുതൽ ചേട്ടനു രമേശനെ കണ്ടുകൂടായിരുന്നു..."

എന്തുകൊണ്ടാണ് അങ്ങിനെ പറഞ്ഞുപോയതു? ചെട്ടെന്നു നാക്കു കടിച്ചുനിർത്തി.

മാധവൻകുട്ടിയും നിശ്ശബ്ദനായി. പിന്നെ നളിനിയുടെ അടുക്കലേക്കു ചെന്നു.

"നളിനിയാണോ ഈ പറഞ്ഞതു? ഞാൻ ഇത്രവരെ ഒട്ടും ഓർത്തില്ല—പണ്ടും നിനക്ക് അവനോടു മമതയായിരുന്നു. പക്ഷേ, അതു് ഇത്രത്തിൽ രൂപപ്പെട്ടു എന്നു ഞാൻ അറിഞ്ഞില്ല —"

ചേട്ടന്റെ മുഖത്തു നോക്കാനാവാതെ നളിനി മുഖം പൊത്തി. അകാരണമായി കരച്ചിൽവന്നു പൊട്ടി. രമേശനെ ഇടിച്ചുതാഴ്ത്തി ചേട്ടൻ വീണ്ടും വീണ്ടും സംസാരിച്ചപ്പോൾ അത്രയും പറഞ്ഞുപോയതാണ്. രമേശനെ തനിക്കു പ്രേമമാണെന്നു ചേട്ടൻ തെററിദ്ധരിക്കാൻ അതു കാരണവുമായി. പക്ഷേ, അതു് ഉറക്കെ നിഷേധിക്കാൻ ശബ്ദം പൊങ്ങിയില്ല. മനസ്സ് എങ്ങുമില്ലാതെ ഞാഞ്ഞാടുകയാണ്. അമ്മ വേഗം ഇടയ്ക്കുകയറി പറഞ്ഞു.

"എന്താ മാധവൻകുട്ടിയ്ക്ക്! അവരുടെ വിഷമിപ്പിക്കുന്നതെന്തിനാണ്! അവൾ കൊച്ചുകുട്ടിയൊന്നുമല്ലല്ലോ. സ്വന്തമായ ഒരഭിപ്രായം അവൾക്കും, കാണും. നിനക്ക് ഇഷ്ടമുള്ള പെൺകുട്ടിയെ വിവാഹം കഴിക്കാനുള്ള സ്വാതന്ത്ര്യം വേണമായിരുന്നു. ഇവൾക്കുകൂടി ചേരുന്ന ഒരു മാററകല്യാണത്തിനു നീ സമ്മതിച്ചില്ലല്ലോ..."

"നിന്നെ ഞാൻ വ്രണപ്പെടുത്തിയെങ്കിൽ ക്ഷമിക്കു നളിനി—നിന്റെ ചേട്ടനാണെങ്കിലുള്ള സ്വാതന്ത്ര്യത്തോടെ എന്റെ അഭിപ്രായം തുറന്നുപറഞ്ഞുപോയതാണ്—നി

ങ്ങൾക്കു സർവ്വസംഗളങ്ങളും — !"

ചേട്ടന്റെ കൈത്തലം തന്റെ തോളിന്നു മുദ്രവായി സ്പർശിച്ചതു നളിനിയറിഞ്ഞു. എന്നിട്ടും മുഖമുയർത്തിനോക്കാൻ ധൈര്യം തോന്നിയില്ല.

മാധവൻകുട്ടി മുറിവിട്ടു പോയിക്കഴിഞ്ഞപ്പോൾ അമ്മ അവളെ സമാധാനിപ്പിക്കാനെന്നവണ്ണം പറഞ്ഞു.

"അവന്റെ പ്രകൃതം നിനക്കറിഞ്ഞുകൂടെ മോളെ—കുട്ടിക്കാലത്തെ ആ വീറും വാശിയും ഒന്നും അടങ്ങിയിട്ടില്ല. നീ വിഷമിക്കാതെ ചെന്നുകിടന്നു ഉറങ്ങു—നേരം കുറയായി."

അവൾക്കുരമേശിനോടു പ്രേമമാണെന്നു അമ്മയും അംഗീകരിച്ചതുപോലെ—അവളുടെ അഭിപ്രായം തിരക്കിയതുപോലുമില്ല.

മുറിയിൽ ചെന്നു കിടന്നപ്പോൾ ഉറക്കം തീരെ വന്നില്ല—തനിക്കെന്താണു സംഭവിച്ചുകൊണ്ടിരിക്കുന്നതു്? മെഡിക്കൽ കോളജിൽ കഴിഞ്ഞുകൂടിയ ഈ അഞ്ചു വർഷങ്ങളിൽ പല പുരുഷന്മാരുമായി ഇടപഴകിയെങ്കിലും മനസ്സു് ഇത്തരം ഒരു കോളിളക്കം നേരിടേണ്ടിവന്നില്ല. ഇപ്പോൾ അവിചാരിതമായി രമേശനെ കണ്ടുമുട്ടിയതോടെ വളരെയൊക്കെ മാററം സംഭവിച്ചതുപോലെ—തന്റെ ജീവിതക്രമത്തിലെ അടുക്കും ചിട്ടയുംപോലും താളം തെററിയിരിക്കയാണു്—എന്താണിനി വേണ്ടതു്? തനിക്കപോലും അപരിചിതമായ മനസ്സിന്റെ ആഴങ്ങളിൽ ഇറങ്ങിചെന്നു സ്വയം അപഗ്രഥിക്കാൻ ശ്രമിച്ചു. രമേശിനെ പ്രേമിക്കുന്നില്ല എങ്കിൽ ആദ്യമേ നിരുത്സാഹപ്പെടുത്താൻ കഴിയാതെ പോയതു് എന്തുകൊണ്ടാണു്—പലപ്പോഴും മനസ്സു് ആ തീരുമാനത്തിൽ എത്തിച്ചേർന്നെങ്കിലും! രമേശന്നു തന്റെമേൽ ഏതോ സ്വാധീനശക്തിയുള്ളതുപോലെ—ഇപ്പോൾ മാത്രമല്ല കുട്ടിക്കാലംമുതൽ തനിക്കതനുഭവപ്പെട്ടിട്ടുള്ളതുതന്നെയല്ലെ—! മാനുഷികബന്ധങ്ങൾക്കു എത്രയധികം പിരിവുകളും ഉൾപിരിവുകളുമാണു്! അവ വീണ്ടും വീണ്ടും കെട്ടുപിണഞ്ഞു കിക്കേന്നു. ഒരു പ്രത്യേക പേരുകൊണ്ടു് ഒരാളോടുള്ള വികാരം വിവക്ഷിക്കുക സാദ്ധ്യമല്ല. രമേശിനോടു തനിക്കിന്നുള്ളതും അത്തരം ഒരു സങ്കീർണ്ണബന്ധമാണു്. അപ്പോൾ രമേശിന്റെ വിവാഹാദ്യർത്ഥനയ്ക്കു സമ്മതം മൂളണോ വേണ്ടയോ എന്നുള്ളതല്ല തന്റെ പ്രശ്നം? രമേശിനെ നിരാശതയിലേക്കു തള്ളിവിട്ടു മററാരാളെ ഭർത്താവായി സ്വീകരിക്കാൻ തനിക്കു കഴിയുമോ എന്നുള്ളതാണു് താൻ രമേശിനെ നിരാകരിച്ചാൽ-രമേശ് ഒരു പക്ഷേ,...! നളിനി നടുങ്ങിപ്പോയി—ഇല്ല, ഇല്ല—താൻകാരണം രമേശ് തകരാൻ ഇടവന്നാൽ പിന്നെ എന്തു ജീവിതമാണു്. മുള്ളു ഇലയിൽ വീണോ ഇല മുള്ളിൽ വീണോ കേടുപററാതെ സൂക്ഷിക്കേണ്ട ചുമതല തന്നിൽമാത്രം നിക്ഷിപ്തമായിരിക്കയാണു്.

അല്പം മനസ്സുഖം തേടിയാണു് രാവിലെ അമ്പലത്തിൽ പോയതു്. തൊഴുതു് പ്രാർത്ഥിച്ചു തിരിഞ്ഞപ്പോൾ രമേശിന്റെ അമ്മ അടുക്കൽ നില്പുണ്ടു്.

പുറത്തിറങ്ങിയപ്പോൾ അവർ ആശ്ചര്യത്തോടെ പറഞ്ഞു.

"നളിനി നാളയേ വരികയുള്ളു എന്നാണല്ലോ അമ്മ പറഞ്ഞതു്—ഞാൻ നാളെ അങ്ങോട്ടുവരാൻ ഇരിക്കയായിരുന്നു. ആട്ടെ വരൂ, ഇനി വീട്ടിൽ കയറി കാപ്പികുടിച്ചിട്ടു പോയാൽമതി—മടിക്കരുതു് പറയരുതു്. എന്റെ കുട്ടിയെ കാണാൻ ഞാൻ കാത്തിരിക്കയായിരുന്നു."

മറുത്തു് എന്തുപറയാൻ കഴിയും. വീടെത്താറായപ്പോൾ രമേശിന്റെ അമ്മ പറഞ്ഞു.

"നളിനി! ഇതുകണ്ടോ? വീടാകെ പുതുക്കിപണിതിരിക്കുകയാണു് — രമേശന്റെ ഇഷ്ടം അതാണെങ്കിൽ നടക്കട്ടെ എന്നു ഞാനും കരുതി—എല്ലാം അവനുവേണ്ടിയുള്ളതല്ലെ—നിങ്ങൾ ചെറുപ്പക്കാരല്ലേ ഇത്തരം ജീവിതസൗകര്യങ്ങൾ ഒക്കെ മതിയെന്നു വരില്ല."

കാപ്പികുടി കഴിഞ്ഞു. രമേശന്റെ അമ്മ വീട്ടുമുഴുവൻ ചുററിനടന്നു് കാണിച്ചു—ആധുനികസൗകര്യങ്ങൾ ഒത്തിണങ്ങിയ വീട്! എല്ലാം വളരെ നന്നായിട്ടുണ്ടെന്നു് നളിനി അഭിപ്രായപ്പെട്ടപ്പോൾ അവർ ചിരിച്ചു.

"ആവൂ—മോടെ നാവിൽനിന്നും ഇത്രയും കേട്ടതു കാര്യമായി— ഇതറിഞ്ഞാൽ രമേശിനു സമാധാനമാകും—! കുട്ടേടെ എന്റെ അഭിപ്രായം ചോദിക്കും. ഈ ചു

മരിനു് ഇളം നീലപെയിന്റല്ലേ നല്ലതു—മൈലററിന്റെ ഷെയ്ഡു് മുറിക്കു് ഇണങ്ങുന്നുണ്ടോ എന്നൊക്കെ ഞാൻ എന്തുപറയാനാണു്? അതൊക്കെ നളിനിയെപ്പോലെയുള്ള പെൺകുട്ടികൾക്കല്ലെനിശ്ചയം?"

രമേശിന്റെ അമ്മ ഏറുകണ്ണിട്ടു നളിനിയുടെ മുഖത്തുനോക്കി ചിരിക്കുകയായിരുന്നു. നളിനിയുടെ മുഖം വിവർണ്ണമായിക്കാണും പെട്ടെന്നു് അവർ വാത്സല്യപൂർവ്വം താടിക്കപിടിച്ചു് പറഞ്ഞു.

"എന്റെ മോളേ! രമേശിനു് നീ എന്നരവച്ചാൽ ജീവനാണു്. നീ ഇന്നു വരുമെന്നറിഞ്ഞിരുന്നു എങ്കിൽ രമേശ് എറണാകുളത്തു് ഇന്നലെ പോകുമായിരുന്നില്ല."

അവരുടെ കണ്ണുകൾ അതിൽ കൂടുതൽ വാചാലമായിരുന്നു എന്നു നളിനിക്കു തോന്നി,

"എന്റെ മോൾ രമേശിനെ നിരാശപ്പെടുത്തിയാൽ...അവൻ എനിക്കു നഷ്ടമായാൽ..."

ആകാംക്ഷയും പ്രത്യാശയും ഭയപ്പാടും ഒക്കെ ആ കണ്ണുകളിൽ മാറിമാറി തെന്നി മറയുന്നുണ്ടായിരുന്നു.

മകനെ ഗർഭമുള്ളപ്പോൾതന്നെ ഭർത്താവു് നഷ്ടപ്പെട്ട ആ അമ്മ! അവരുടെ ജീവിതത്തിലെ എല്ലാമെല്ലാമായ മകൻ! തന്നിൽ ആശ്രയിച്ചു് രണ്ടു വിലപ്പെട്ട ജീവിതങ്ങളുടെ നിലനില്പു് വീട്ടിലേക്കു മടങ്ങിയപ്പോൾ മനസ്സു് ഒരുറച്ച തീരുമാനമെടുക്കാനുള്ള ശ്രമമായിരുന്നു.

എത്ര അപ്രതീക്ഷിതമായാണു് ജീവിതത്തിൽ ഓരോ സംഭവവികാസങ്ങൾ ഉണ്ടാകുന്നതു്—നദിയുടെ ഗതിയെ അപ്പാടെ തിരിച്ചുമാറുന്ന മവുള്ളപ്പൊക്കത്തിന്റെ ഭീകരതയോടെ—കൊടുങ്കാററിന്റെ

ഉത്കണ്ഠയോടെ—അല്ലെന്നാണെങ്കിൽ രമേശ് സ്സർജൻസി പഠിയാക്കി എത്രയും വേഗം ജോലിയിൽ പ്രവേശിക്കണമെന്ന് ആഗ്രഹിച്ചു താനി! ഇടയ്ക്കുപറിക്കണമെന്നുള്ള ആഗ്രഹം അടക്കാനേ നിവൃത്തിയുണ്ടായിരുന്നുള്ളു—ചേട്ടനെ കൂടുതൽ ഭാരപ്പെടുത്താൻ ഇഷ്ടപ്പെടുന്നില്ല. വിവാഹത്തെപ്പററി ചിന്തിക്കാൻപോലുമുള്ള സാഹചര്യങ്ങളില്ലാത്ത താനു—ഇത്തരം ഒരു ചുററുപാടിൽ വന്നുപെട്ടതോ? ഇതിനാണ് വിധി എന്നു പറയുന്നതു്! മനുഷ്യന്റെ മോഹങ്ങളേയും കണക്കുകൂട്ടലുകളേയും സങ്കല്പങ്ങളേയും ഒക്കെ തട്ടിത്തെറിപ്പിച്ചുകൊണ്ടു വരുന്ന അത്ഭുതപ്രതിഭാസം!

രാത്രിയിൽ ഉറക്കം ശരിയാകാത്തകാരണം ഉച്ചയുണ്ണകഴിഞ്ഞു് നളിനി ദീർഘനേരം കിടന്നുറങ്ങുപ്പോയി. അടുത്ത മുറിയിൽ രമേശിന്റെ അമ്മയുടെ ശബ്ദം കേട്ടാണ് പതുക്കെ പതുക്കെ ഉറക്കം തെളിഞ്ഞതു്.

അമ്മയും രമേശിന്റെ അമ്മയും കൊണ്ടുപിടിച്ച സംസാരമാണ്. അവരുടെ മദ്ധ്യത്തിലേക്കു കടന്നുചെല്ലാൻ തോന്നിയില്ല.

"വീട്ടുപണിയൊക്കെ മിക്കവാറും കഴിഞ്ഞു രമേശ് നാളെത്തന്നെ മടങ്ങിവരും—ഇനിയും ഒന്നേ അറിയേണ്ടു—നളിനിയുടെ അഭിപ്രായം! എന്റെ കുട്ടിയുടെ സർവ്വ പ്രതീക്ഷകളും അതിലാണ്" രമേശിന്റെ അമ്മയുടെ ശബ്ദം.

"നളിനിക്ക് യാതൊരു എതിർപ്പുമില്ലെന്നു മാത്രമല്ല—ഇന്നലെ അവളുടെ ചേട്ടനോടു രമേശിന്റെ ഭാഗംപിടിച്ചു വാദിക്കുകൂടി ചെയ്തിരിക്കുന്നു—" നളിനി നടുങ്ങിപ്പോയി—തനിക്കു തുറന്നുപറയേണ്ട അവസരംപോലും വന്നില്ല—ആ ചുമതല പോലും ചുരുങ്ങിയവാചകങ്ങളിൽ നിസ്സാരമെന്നപോലെ അമ്മ നിർവ്വഹിച്ചിരിക്കയാണ്.

"നേരോ ഭവാനിഅമ്മേ! മനസ്സിൽ ഒരു വലിയ ഭാരം നീങ്ങിയതുപോലെ—ഇന്നലെ നളിനി അവിടെ വന്നപ്പോൾപ്പോലും നേരിട്ടു ചോദിക്കാൻ രമേശും പോ

അലതല്ലുന്ന
ആനന്ദനിർവൃതിയിലേക്ക്
അല്ലലും അലട്ടും മറന്ന മുന്നേറുവിൻ!

കേരള ദിനേശ്ബീഡി

അദ്ധ്വാനിക്കുന്നവന്റെ എന്നും
ഒരുത്തമമിത്രമാണ്.

നിർമ്മാതാക്കൾ:—

The Cannanore Beedi Workers' Central Co-op. Society Ltd.,
No. 8. (IND) C. 61.
CANNANORE
Phone: 699. Tel: DINESBEEDI

രായിരുന്നു—അല്ല. ഞാൻ മറെറാരുവിധത്തിൽ സംശയിച്ചെന്നല്ല - ഇപ്പോഴത്തെ കുട്ടികളല്ലെ. അതും മെഡിക്കൽകോളജിലും മററും പഠിക്കുമ്പോൾ!"

"എന്റെ മകളായതുകൊണ്ടു പറയുകയല്ല. നളിനി കാര്യവിവരമുള്ള കുട്ടിയാണ്, അവൾക്കു നല്ലതു് എന്താണെന്നു തിരിച്ചറിയാനുള്ള കഴിവുണ്ട്. ആട്ടെ, രമേശിന്റെമ്മ ഇരിക്ക—ഞാൻ നളിനിയെ ഉണർത്താം. എപ്പോൾ തുടങ്ങിയ ഉറക്കമാണ്."

"വേണ്ട, വേണ്ട, ക്ഷീണംതീർത്തു് ഉറങ്ങിക്കൊള്ളട്ടെ. ആശുപത്രിയിൽ രാത്രിയും പകലും ഒക്കെ ഒരുപോലെ ജോലി എടുക്കുന്നതല്ലെ—ഞാനും കുറെ കണ്ടതാണേ!"

അവരുടെ സംസാരം വിവാഹത്തിന്റെ വിശദാംശങ്ങളിലേയ്ക്കു കടന്നപ്പോൾ രമേശ് എറണാകുളത്തുനിന്നും മടങ്ങിയെത്തി എന്ന വിവരത്തിന് ആൾവന്നതുകൊണ്ടു രമേശിന്റെ അമ്മ ഉടനെതന്നെപോയി. നളിനി പതുക്കെ കട്ടിലിൽനിന്നും എണീററു.

സന്ധ്യമങ്ങിയപ്പോൾ നളിനി അച്ഛന്റെ അസ്ഥിത്തറയിൽ വിളക്കുമായി ചെന്നു. വീട്ടിൽ ഉള്ളപ്പോഴെല്ലാം അവൾ അതിനു മുടക്കംവരുത്തിയിട്ടില്ല. വിളക്കു വെച്ചു കഴിഞ്ഞപ്പോൾ കുറെക്കാലം കൂടി അച്ഛനെ ഓർത്തുപോയി. സിക്സ്ലെ പരീക്ഷകൂടിയ അവധിക്കാണ് മരിച്ചതു്. സുഖക്കേടായി കുറച്ചു ദിവസങ്ങളെ കിടന്നുള്ളു. അപ്പോഴെല്ലാം ചേട്ടനോടും അമ്മയോടും തന്നെ ഒരു ഡോക്ടർ ആക്കണമെന്നു പറയുമായിരുന്നു. താൻ ചെറിയ കുട്ടിയായിരുന്നപ്പോഴെ തന്നെപ്പററി അച്ഛന്റെ തീരുമാനം അതായിരുന്നു—ഇന്നു് അച്ഛൻ ഉണ്ടായിരുന്നു എങ്കിൽ തന്റെ സ്ഥിതിയെ ഇളക്കിമറിക്കുന്ന ഈ പ്രശ്നത്തിന് എന്തു തീരുമാനമായിരിക്കും കണ്ടെത്തുക—?

"നളിനി!"

ഞെട്ടിത്തിരിഞ്ഞു നോക്കി—രമേശ്! പ്രസന്നമായ മുഖം! പ്രേമദീപ്തങ്ങളായ കണ്ണുകൾ! സൗഹൃദത്തിന്റെ പുഞ്ചിരി! മനസ്സിലെ ആശങ്കകൾ പിന്നിലേക്കു നീങ്ങുന്നതായിതോന്നി. രമേശ് അടുത്തെത്തിയിരുന്നു.

മലയാളനാട്

വാരിക

മേയ്മാസംമുതൽ പുതുക്കിയ

വരിസംഖ്യനിരക്ക്

ഒരു വർഷത്തേക്ക്	23–00
ആറുമാസത്തേക്ക്	11–50
ഒററപ്രതി	0–40

വിദേശങ്ങളിൽ അയയ്ക്കുന്നതിന് വരിസംഖ്യനിരക്കിൽനിന്നും പോസ്റ്റേജ് കൂടുതലായിരിക്കുന്നതാണ്.

മാനേജർ.

വാചാലമായ നിശബ്ദത!

"നളിനി! ഞാൻ ഭാഗ്യവാനാണ്. ഈ ദിവസം എനിക്കെത്ര വിലപ്പെട്ടതാണെന്നു നളിനി അറിയുന്നുണ്ടോ?"

ആ കറയററ ആത്മാർത്ഥതയുടെ മുൻപിൽ നളിനിയുടെ ഹൃദയകവാടം താനേ തുറക്കുകയായി.

"നളിനി ഇനിയും ഞാനി രൈകകൾക്കു ഹാനല്ലേ!"

എന്തോ അമൂല്യനിധിയെന്നവണ്ണം രമേശ് നളിനിയുടെ കൈത്തലം രണ്ടുകൈകളിലും കൂട്ടിയെടുത്തു പിന്നെ താമരത്തൊട്ടിപോലെ രമേശന്റെ കൈവെള്ളയിൽ കൂമ്പി അമർന്നിരുന്ന നളിനിയുടെ വിരലുകൾ പതുക്കെ നിവർത്തി ചുവന്ന കല്ലുവച്ച മോതിരം നടുവിരലിലണിയിച്ചു.

"നളിനി—സ്നേഹത്തിന്റെ നിറമോണ്ടു ചുവപ്പ്"! എന്റെ ഹൃദയത്തിൽ ഈ നിറത്തിന് ഒരിക്കലും മങ്ങലുണ്ടാകുകയില്ല."

രമേശന്റെ കൈകൾ അവളെ പൊതിഞ്ഞമർന്നു ആ വിരൽത്തുമ്പുകളുടെ ഞെരുക്കിപ്പിടുത്തം സിരകളിലൂടെ ഇരച്ചുകയറുന്നതായി തോന്നി—ആദ്യമായി ഒരു പുരുഷന്റെ മാറിൽ തളർന്നമരുകയാണ്. ആ ശരീരത്തിന്റെ ഉഷ്ണമേററ ഹൃദയത്തിൽ അവശേഷിച്ച കാർമേഘങ്ങളേയും ഞൊടിക്കുള്ളിൽ അദൃശ്യമാക്കി—ആ വിറയാർന്ന അധരങ്ങളുടെ സ്പന്ദനത്തിൽ തന്റെ വ്യക്തിത്വബോധംപോലും പൂർണ്ണമായും അലിഞ്ഞുചേർന്നതുപോലെ—!

—0—

ഗ്രന്ഥനിരൂപണം

കേരളചരിത്രം

പോഞ്ഞിക്കര റാഫി

കേരളചരിത്രം എന്നു പറയുമ്പോൾ ഇന്നും കേരളത്തിനുള്ളിലായാലും പുറത്തായാലും, ഏതാണ്ട് അമ്പതാണ്ടിനു മുമ്പ് ശ്രീ. കെ. പി. പത്മനാഭമേനോൻ പ്രസിദ്ധപ്പെടുത്തിയ History of Kerala എന്ന ബൃഹത്തായ, നാലുവാള്യങ്ങളുള്ള ഗ്രന്ഥം തന്നെയാണ് ഓർമ്മയിൽ വരിക. ചെറിയ കേരളത്തിൽ മാത്രമല്ല, വലിയ ഇന്ത്യാരാജ്യത്തും പുരാതനകാലത്ത് ചരിത്രം എഴുതി സൂക്ഷിക്കുന്ന പാരമ്പര്യം ഉണ്ടായിരുന്നില്ല. ഇന്നലെ ഉണ്ടായ്ത്തീരുന്നതും ഇന്ന് ഉള്ളതും നാളെ ഉണ്ടാകാനുള്ളതും നേരത്തെയാണെന്നുള്ള ഇന്ത്യാക്കാരുടെ ബ്രഹ്മജ്ഞാനദർശനം ഇന്ത്യാക്കാരിൽ ചരിത്രബോധം വളർത്തുകയില്ലെന്നുള്ള വസ്തുത വിൻഡ്വാൻറിനെപ്പോലെയുള്ള വിശ്വചരിത്രശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നു. ഇവിടെ ശ്രദ്ധേയമാണ്. ചരിത്രബോധമില്ലാത്ത ജനതയ്ക്കും അവരുടെ രാജ്യത്തിനും അധോഗതിയല്ലാതെ, പുരോഗതി ഉണ്ടാവുകയില്ലെന്നതു മറെറാരു വസ്തുതയുമാണ്. ഇന്ത്യയുടെ നീണ്ടകാലത്തെ അടിമത്വത്തിന്റെ ചരിത്രംതന്നെ അതിനുദാഹരണമായെടുക്കാം. കാരണം, സ്വന്തം രാജ്യത്തിന്റെ അഭിമാന വഹമായ ചരിത്രത്തെപ്പററി ബോധമുള്ളവർക്കാത്രമേ അതിനെ കാത്തു സൂക്ഷിക്കുവാൻ കരുത്തുണ്ടാവുകയുള്ളു. ഏതായാലും, ഉർവ്വശിശാപം ഉപകാരമായി എന്ന നമ്മുടെ പഴഞ്ചൊല്ലുപോലെ, ഇന്ത്യയിലെ വിദേശാധിപത്യരണ്ടുകളങ്ങൾ തന്നെ ഇന്ത്യക്കാരുടെ ഇടയിൽ ചരിത്രബോധം വളർത്തുവാൻ സഹായകമായി പ്രത്യേകിച്ച്, യൂറോപ്യൻ ഭരണകാലത്ത് സ്ഥാപിതമായ "റോയൽ ഏഷ്യററിക്ക് സൊസൈററി"യുടെ പ്രവർത്തകന്മാരാണ് ഇന്ത്യയെ കണ്ടെത്തുവാനും ഇന്ത്യാചരിത്രം രേഖപ്പെടുത്തുവാനുമുള്ള സംഘടിതമായ പരിശ്രമങ്ങൾ നടത്തിയത്. പല കാലങ്ങളിലായി ഇന്ത്യ സന്ദർശിച്ച വിദേശസഞ്ചാരികളുടെ യാത്രാവിവരണങ്ങളും കുറിപ്പുകളുമെല്ലാം അവർക്ക് സഹായകമാവുകയും ചെയ്തു. അങ്ങനെ, യൂറോപ്യൻ ഭാഷകളിൽ ആദ്യത്തെ ഇന്ത്യാചരിത്രവും കേരളചരിത്രവും എല്ലാം ഉണ്ടായതായി ചൂണ്ടിക്കാട്ടാവുന്നതാണ്.

ആ യൂറോപ്യൻ ചരിത്രകാരന്മാരെ പിന്തുടർന്ന് പാച്ചു മുത്തത്ത്, നാഗമയ്യ, ഇട്ടിപ്പ് റൈററർ എന്നിവർ മുതൽ പി. ശങ്കുണ്ണിമേനോൻ (കെ. പി. പത്മനാഭമേനോന്റെ അച്ഛൻ) വരെയുള്ള പല നാട്ടുകാരായ പണ്ഡിതന്മാരും ചരിത്രനിർമ്മാണരംഗത്തു പ്രവർത്തിച്ചുകൊണ്ടിരുന്നതു കാണാം. എന്നാൽ മേല്പറഞ്ഞവരുടെയെല്ലാം ഗ്രന്ഥങ്ങളെ അതിജീവിക്കുന്നവയാണ് പിന്നീടുണ്ടായ കെ. പി. പത്മനാഭമേനോന്റെ ഗ്രന്ഥങ്ങളെന്ന് എടുത്തുപറഞ്ഞേ പററൂ. 1717 മുതൽ 1723 വരെയുള്ള കാലത്തു കൊച്ചിയിലെ ഡച്ചുകാരുടെ ചാപ്പനായിരുന്ന ജേക്കബ്സ്സ്കാൻറർ വിഷ്ചറിന്റെ "മലബാറിൽ നിന്നുള്ള കത്തുകൾ" (Visscher's Letters from Malabar) എന്ന ഗ്രന്ഥത്തെ പുരസ്കരിച്ചുകൊണ്ടാണ്, History of Kerala എന്ന തന്റെ ഗ്രന്ഥം പത്മനാഭമേനോൻ തയ്യാറാക്കിയത്. നാലു വാള്യങ്ങളുള്ള ഈ ബൃഹത്തായ ഗ്രന്ഥം അദ്ദേഹം പ്രസിദ്ധപ്പെടുത്തിയത്, 1924 മുതൽ 1937 വരെയുള്ള കാലത്തിന്നിടയ്ക്കാണ്. അതിനുമുമ്പുതന്നെ "കൊച്ചിരാജ്യചരിത്രം" എന്ന രണ്ടു വാള്യങ്ങളുള്ള ഒരു മലയാളഗ്രന്ഥവും അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിരുന്നു. പത്മനാഭമേനോന്റെ ഈ ഗ്രന്ഥങ്ങളെ ഉപജീവിച്ചുകൊണ്ട് കേരളചരിത്രനിർമ്മാണത്തിനുള്ള ചില ചെറിയ ശ്രമങ്ങൾ നടന്നിട്ടുണ്ടെന്നുള്ളതു ശരിയാണ്. എന്നാൽ, ആ ചെറിയ ശ്രമങ്ങളിൽനിന്നു തദനുസൃതമായ ചെറിയ ഫലങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളു. അതുകൊണ്ടാണ്, കേരളചരിത്രം എന്നു പറയുമ്പോൾ ഇന്നും കേരളത്തിനുള്ളിലായാലും പുറത്തായാലും പത്മനാഭമേനോന്റെ History of Kerala എന്ന ഗ്രന്ഥം തന്നെ ഓർമ്മയിൽ വരുന്നതും.

അമ്പതററാണ്ടിനു മുമ്പാണ് പത്മനാഭമേനോൻ ആ ഗ്രന്ഥം എഴുതിയത്. ഈ അമ്പതററാണ്ടിനുള്ളിൽ അന്നു ജീവിച്ചിരുന്നവർക്ക് സ്വപ്നം കാണുവാൻപോലും സാധിക്കാത്ത പരിവർത്തനങ്ങൾ ലോകത്തും ഇന്ത്യയിലുമെന്നല്ല, ഈ കേരളത്തിൽത്തന്നെയും സംഭവിച്ചിട്ടുണ്ട്. ഇന്ത്യയിലെ ബ്രിട്ടീഷാധിപത്യം അവസാനിച്ചു; രാജാധിപത്യം അവസാനിച്ചു. ഇന്ത്യയിൽ ജനാധിപത്യഭരണമുണ്ടായി. ഇന്ത്യയുടെ ഭാഗമായ കേരളത്തിലും ജനകീയമന്ത്രിസഭകളുണ്ടായി; പുതിയ വിദ്യാഭ്യാസനിയമമുണ്ടായി. പുതിയ ഭൂനിയമമുണ്ടായി. പുതിയലോകചരിത്രവീക്ഷണവുമുണ്ടായി...എന്നിരിക്കേ 1924ന് മുമ്പേ എഴുതിത്തീർത്ത പത്മനാഭമേനോന്റെ ഗ്രന്ഥം 1970 കളിൽ ജീവിക്കുന്നവരുടെ കേരളചരിത്രജിജ്ഞാസയെ തൃപ്തിപ്പെടുത്തുവാൻ പര്യാപ്തമാവുകയില്ലല്ലോ.

ഈ പശ്ചാത്തലത്തിൽ കേരള ഹിസ്റ്ററി അസോസിയേഷനിതാ, പുതിയ ഒരു "കേരളചരിത്ര"വുമായി മുന്നോട്ടു വന്നിരിക്കുന്നു. ഭാരതീയ ഇതിഹാസസമിതിയുടെ മാതൃകയിൽ, കാൽനൂററാണ്ടിനുമുമ്പു പ്രതിഭാസമ്പന്നനായ ശ്രീ. കോമാട്ടിൽ അച്യുതമേനോന്റെ നേതൃത്വത്തിലാണ് കേരളഹിസ്ററി അസോസിയേഷൻ സ്ഥാപിക്കപ്പെട്ടത്. അദ്ദേഹത്തിന്റെ കാലശേഷം ചരിത്രപണ്ഡിതനായ ഡോ. പി. ജെ. തോമസ് അതിന്റെ നേതൃത്വമേററെടുത്തു. വൃദ്ധനായ അദ്ദേഹത്തിന്റെ ചുമലിലർന്ന കൈകളാണു യുവാക്കളും മദ്ധ്യവയസ്കരുമായ ഇപ്പോഴത്തെ പ്രവർത്തകന്മാരുടെ ബലവത്തായ കരങ്ങളിലേയ്ക്കു കേരളഹിസ്ററി അസോസിയേഷനെ ഏല്പിച്ചുകൊടുത്തത്. അതുവരെ കേവലം നാമമാത്രമായ, ഒരു "കഥാസ്സംഘടന" മാത്രമായിരുന്ന കേരളഹിസ്ററി അസോസിയേഷന് ഉടനെ രൂപഭേദമുണ്ടായി. പുതിയ പ്രവർത്തകസമിതിയും, പ്രവർത്തകസമിതിയുടെ യോഗങ്ങളുമുണ്ടായി. വാർഷികസമ്മേളനങ്ങളുണ്ടായി. അവയോടൊപ്പം സെമിനാറുകളും പഠനക്യാമ്പുകളും നടത്തുകയുമുണ്ടായി. അവയുടെയെല്ലാം ഫലമായി, ബൃഹത്തായ ഒരു കേരളചരിത്രം പുറത്തു കൊണ്ടുവരണമെന്ന മഹത്തായ സ്വപ്നവുമുണ്ടായി.

അതിനെക്കുറിച്ചു പ്രായോഗികമായ ചർച്ചകളാരംഭിച്ചു. പ്രത്യേക പഠനക്യാമ്പുകളും ചർച്ചാഗ്രൂപ്പുകളും സംഘടിപ്പിച്ചുകൊണ്ട്, കേരള ചരിത്രനിർമ്മാണത്തിന്റെ പ്രായോഗികമാർഗ്ഗത്തെക്കുറിച്ചാലോചിച്ചു. അങ്ങനെ 1968-ൽ കൂടിയ സെമിനാറിൽവച്ചാണ് ഈ കേരളചരിത്ര നിർമ്മാണത്തിന്റെ രൂപരേഖയും സ്കീമും ഉണ്ടായത്.

കേരളഹിസ്ററി അസോസിയേഷന്റെ പ്രസിഡണ്ടും കേരളചരിത്രം പത്രാധിപസമിതിയുടെ ചെയർമാനുമായ പ്രൊഫ. പി. എസ്. വേലായുധൻ ഈ ഗ്രന്ഥത്തിന്റെ ആമുഖത്തിൽ പറയുന്നതു നോക്കുക! "കേരള ചരിത്രനിർമ്മാണത്തെ സംബന്ധിച്ചു 1968-ൽ കേരളഹിസ്ററി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ആലുവായിൽ ചേർന്ന സെമിനാറിൽവച്ചു ചർച്ചചെയ്തു ആവിഷ്കരിച്ച രൂപരേഖയനുസരിച്ചാണ് ഈ ചരിത്രഗ്രന്ഥമെഴുതാനുള്ള പദ്ധതി ആസൂത്രണം ചെയ്തത്. ഈ പദ്ധതി അന്നത്തെ കേരളഗവർണ്ണർ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരിക്കുമ്പോൾ വിദ്യാഭ്യാസമന്ത്രി സി. എച്ച്. മുഹമ്മദ്കോയയുടെ പ്രത്യേക നിർദ്ദേശങ്ങളോടെ സ്കീം അംഗീകരിക്കുകയും നാലാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു."

അങ്ങനെ കേരളഗവണ്മെന്റിന്റെ ധനസഹായത്തോടെ, വിദഗ്ദ്ധമായ ഒരു ഉപദേശസമിതിയുടേയും പത്രാധിപസമിതിയുടേയും മേൽനോട്ടത്തിലാണ് ബൃഹത്തായ ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നതെന്നു കാണാം. ചരിത്രകേരളം, സഞ്ചാരികൾ കണ്ട കേരളം, കേരളം നൂററാണ്ടുകൾക്കു മുമ്പ്, കേരളചരിത്ര ചിന്തകൾ തുടങ്ങിയ ഗ്രന്ഥങ്ങളുടെ കർത്താവും, കേരളഹിസ്ററി അസോസിയേഷന്റെ സെക്രട്ടറിയുമായ, കേരളസാഹിത്യ-സാംസ്കാരികരംഗങ്ങളിലെ ഏററവും നല്ല സമ്മേളനസംഘാടകനും കൂടിയായ ശ്രീ. പി. എ. സെയ്തുമുഹമ്മദാണ് ഇതിന്റെ

എന്നെ തേടുന്നവർക്ക്

ജയകുമാർ

കിടന്നുവന്നെന്റെ
കതകിൽ മുട്ടുക,–
ജപിക്കുന്ന ദശ–
പ്രണവ ഗായത്രി
മുറിഞ്ഞുപോകാതെ,
തുറക്കാം വാതിൽ ഞാൻ!

കതകിൽ മുട്ടുമ്പോൾ,
വിരൽ തുമ്പുമുറി–
ഞ്ഞൊരുതുള്ളി രക്തം
കതകിൽ പററട്ടെ!
അതിന്റെ മനാമ്പരം
കടിച്ചുമർത്തുമ്പോൾ
പ്രണവവ്യാഹൃതി
പതറിപോകാതെ,
തുറക്കാം വാതിൽ ഞാൻ!

പുറത്തുവേനലി–
നലയുതി കത്തി
പടരും കാററിന്റെ
കതിരശക്ത യിൽ
പറന്നെത്തി, വാതിൽ–
പ്പടിയിൽ പാദുക–
മഴിച്ചുവച്ചെന്റെ
കതകിൽ മുട്ടുക,
തുറക്കാം വാതിൽ ഞാൻ!

പുറത്തു സായുധ–
രൊരുങ്ങി നില്ക്കുന്നു,
അവർ നുറുമക്ക–
ളുവരഞ്ചുമക്കൾ!

അവർ തമ്മിൽ തവടി
മരിക്കുമ്പോൾ, മണ്ണു
ചുവപ്പിക്കും പക്ക–
ളിറുത്തുകൊണ്ടെത്തി,
കതകിൽ മുട്ടുക,
തുറക്കാം വാതിൽ ഞാൻ!

പുറത്തുയാദവർ
തരിച്ചുവീഴുമ്പോൾ
പരിഹാസച്ചിരി
ചൊരിയും സ്നേഹപ്പ–
ല്ലിറുത്തു കൊണ്ടെത്തി,
കതകിൽ മുട്ടുക,
തുറക്കാം വാതിൽ ഞാൻ!

ഇതുവരെ കേട്ട
മട്ടത്തുപോയ്, നിന്റെ
ചിലമ്പൊലി, താളം
തകർന്ന ഗീതങ്ങൾ!

ഇതുവരെ കേട്ട
മട്ടത്തുപോയ്, നിന്റെ
പരിഭവങ്ങളിൽ
തുളുമ്പുന്ന ലയം!

അവരൊക്കെ വല്ല–
ച്ചെറി, ഞരമ്പുകളിൽ
വിളഞ്ഞുനില്ക്കുന്ന
കതിരുകൾ കൊത്തി
പറന്നെത്തി, മന്ദം
കതകിൽ മുട്ടുക,
തുറക്കാം വാതിൽ ഞാൻ!

—0—

ചീഫ്എഡിററർ. ശ്രീ. സെയ്യദുമുഹമ്മദിന്റെ ആസൂത്രണവൈദഗ്ദ്ധ്യത്തിനും ഉത്തരവാദിത്വ നിർവ്വഹണത്തിനും സർവ്വോപരിയായ കേരള ചരിത്ര പ്രേമത്തിനുമുള്ള ഉത്തമോദാഹരണംതന്നെയാണ് ഈ "കേരളചരിത്രം." കഴിഞ്ഞ ഒരു കാലയളവിനുള്ളിൽ ഇത്രയും ബൃഹത്തായ ഒരു കേരളചരിത്രം തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചതിന്റെ പേരിൽ ശ്രീ. സെയ്യദുമുഹമ്മദിനും റിസർച്ച്ഓഫീസർ ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ തുടങ്ങിയ സഹപ്രവർത്തകന്മാർക്കും തികച്ചും അഭിമാനംകൊള്ളാം.

മലയാളത്തിലും ഇംഗ്ളീഷിലും പ്രസിദ്ധപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നതെന്ന് ഇതിന്റെ ആമുഖത്തിൽനിന്നു നമുക്കു മനസ്സിലാക്കാം. ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു മലയാളപതിപ്പാണ്. പ്രാരംഭം, രാഷ്ട്രീയം, സാമൂഹികം, സാമ്പത്തികം, മതപരം, സാംസ്കാരികം—ഇങ്ങനെ ആറു ഭാഗങ്ങളായിട്ടാണു ഈ ഗ്രന്ഥം സംവിധാനം ചെയ്തിരിക്കുന്നതു്. ഇവയിൽ പ്രാരംഭം, രാഷ്ട്രീയം, സാമൂഹികം എന്നീ മൂന്നു ഭാഗങ്ങളുടെ ഉള്ളടക്കം വാല്യമാണു നമ്മുടെ മുമ്പിലിരിക്കുന്ന ഗ്രന്ഥം.

ഭാരതീയ വിദ്യാഭവന്റെ "The history and culture of the Indian people" എന്ന ഗ്രന്ഥ പരമ്പരയുടെ മാതൃകയാണു പ്രസ്തുത ഈ ഗ്രന്ഥനിർമ്മാണത്തിനു സ്വീകരിച്ചിരിക്കുന്നതെന്നും ആമുഖത്തിൽ സൂചിപ്പിക്കുന്നുണ്ട്. ഒരാൾ തന്നെയിരുന്ന് എഴുതിയുണ്ടാക്കുന്ന ചരിത്രത്തേക്കാൾ, ഓരോ വിഷയത്തിലും പ്രത്യേകം അവഗാഹം നേടിയിട്ടുള്ള പണ്ഡിതന്മാരെക്കൊണ്ട് അതാതു വിഷയങ്ങളെക്കുറിച്ച് എഴുതിച്ചു സമാഹരിക്കുന്ന ചരിത്രനിർമ്മാണരീതി കൂടുതൽ സ്വാഗതാർഹമാണ്. കാരണം, കൂടുതൽ വസ്തുനിഷ്ഠവും ആധികാരികവുമായ ഒരു ചരിത്രമുണ്ടാക്കുവാൻ അതിനു സാധിക്കും.

പ്രാരംഭം എന്ന ഭാഗം പത്രാധിപസമിതിതന്നെയാണു തയ്യാറാക്കിയിരിക്കുന്നതു്. ഈ ഭാഗത്തിൽ കേരളചരിത്രത്തിന്റെ ഉപാദാനങ്ങൾ, ഭൂസ്ഥിതിയുടെ സ്വാധീനം, സാമാന്യാവലോകനം, കേരളചരിത്രപ്രശ്നങ്ങൾ എന്നീ നാലു് അദ്ധ്യായങ്ങളുണ്ട്. അങ്ങനെ, കേരളചരിത്രത്തിന്റെ ഉപാദാനങ്ങൾ എന്തെല്ലാമാണെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് ഗ്രന്ഥം ആരംഭിക്കുന്നു. "എഴുത്തിനുമുമ്പു"ള്ള ഐതിഹ്യം, പുരാവസ്തുക്കൾ, നരവംശശാസ്ത്രം, ഭാഷ എന്നീ ഉപാദാനങ്ങളെക്കുറിച്ച് ആദ്യം ചർച്ച ചെയ്യുന്നു. തുടർന്ന് "എഴുത്തിനുശേഷ"മുള്ള ശിലാലേഖകളും ചെപ്പേടുകളും, നാൾവഴികൾ, കഥാകൃതികൾ മുതലായവയും, വിദേശകോയ്മകളുടെ രേഖകളും, സാഹിത്യവും, നാണയങ്ങൾ മുതലായവയും, പുരാവസ്തുക്കളെല്ലാം ചർച്ചാവിഷയമാക്കുകയും ചെയ്യുന്നുണ്ട്. ഈ ചർച്ചകളിൽനിന്നു തികച്ചും ശാസ്ത്രീയമായ ഒരു ചരിത്രവീക്ഷണമാണ് പത്രാധിപസമിതി സ്വീകരിച്ചിരിക്കുന്നതെന്നു നമുക്കു മനസ്സിലാക്കുവാൻ സാധിക്കും.

കേരളചരിത്രനിർമ്മാണത്തിനുവേണ്ടി മുന്നോട്ടു വന്നവരുടെ കാലുകളെ തളച്ചിടുന്ന ഒരു ഭാരമേറിയ ചങ്ങലയാണ് കേരളോല്പത്തിയിലെ ഐതിഹ്യങ്ങൾ, വിശേഷിച്ച്, പരശുരാമനേയും പെരുമക്കന്മാരേയും കുറിച്ചുള്ള ഐതിഹ്യങ്ങൾ. എന്നാൽ ശാസ്ത്രീയമായ ഒരു ചരിത്രവീക്ഷണമുള്ള ഈ പത്രാധിപസമിതിയാകട്ടെ, കേരളോല്പത്തിയിലെ ഐതിഹ്യങ്ങൾ ബാലിശങ്ങളും അർത്ഥശൂന്യങ്ങളും പൂർവ്വാപരവിരുദ്ധങ്ങളുമാണെന്ന വസ്തുത ചൂണ്ടിക്കാണിച്ചുകൊണ്ടും "കേരളചരിത്രരചനയ്ക്ക് കേരളോല്പത്തിക്കഥകൾ വളരെയൊന്നും പ്രയോജനപ്പെടുകയില്ല" എന്ന പ്രഖ്യാപിച്ചുകൊണ്ടും ആ ഭാരമേറിയ ചങ്ങല പൊട്ടിച്ചുകളയുകയാണു ചെയ്യുന്നതു്.

എന്നിട്ടോ? പുരാവസ്തുക്കൾ, നരവംശശാസ്ത്രം, ഭാഷ, ശിലാലേഖകൾ, ചെപ്പേടുകൾ തുടങ്ങിയവയുടെ വെളിച്ചത്തിൽ കേരളത്തിൽ എന്നുമുതൽക്കാണ് മനുഷ്യജീവിതം ആരംഭിച്ചതെന്നും അവർ ഏതു നരവംശത്തിൽപ്പെട്ടവരാണെന്നും അവർക്ക് ലോകത്തിലെ ഏതെല്ലാം മനുഷ്യവർഗ്ഗങ്ങളുമായി ബന്ധമുണ്ടെന്നുമെല്ലാം ശാസ്ത്രീയമായി പരിശോധിക്കുകയും ചെയ്യുന്നു. ഇതിനുവേണ്ടി കിട്ടാവുന്നിടത്തോളം മൂലരേഖകൾ പത്രാധിപസമിതി പ്രയോജനപ്പെടുത്തിയിരിക്കുന്നതു കാണാം.

ആദ്യത്തെ അദ്ധ്യായത്തിൽ കേരളത്തിന്റെ ഭൂവിശാസ്ത്രത്തിലെയും ആ ഭൂമിശാസ്ത്രഘടകങ്ങൾ ചരിത്രത്തിൽ വരുത്തിയിട്ടുള്ള സ്വാധീനത്തിലെയും പരിശോധിക്കുന്നു. തുടർന്നുള്ള അദ്ധ്യായത്തിൽ കേരളചരിത്രത്തെക്കുറിച്ചുള്ള ഒരു സാമാന്യാവലോകന

വും അടങ്ങുന്നു. കേരളചരിത്രപ്രശ്നങ്ങൾ എന്ന അദ്ധ്യായത്തിലാകട്ടെ, കേരളചരിത്രനിർമ്മാതാക്കൾക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മവിശദമായി ചർച്ച നടത്തുകയും ചെയ്തിരിക്കുന്നു. അങ്ങനെ, പ്രാരംഭം എന്ന ഈ ഒന്നാംഭാഗത്തിലൂടെ സാധാരണക്കാരായ ചരിത്രവിദ്യാർത്ഥികളിൽ ശാസ്ത്രീയമായ ചരിത്രവീക്ഷണം വളർത്തുവാനുള്ള ആത്മാർത്ഥമായ ഒരു യത്നമാണ് പത്രാധിപസമിതി നടത്തിയിരിക്കുന്നതെന്നു ചൂണ്ടിക്കാട്ടിപ്പറയാം. ആ യത്നം വിജയിക്കുകയും ചെയ്തിരിക്കുന്നു.

രാഷ്ട്രീയചരിത്രം എന്ന രണ്ടാംഭാഗത്തിൽ പതിനേഴ് അദ്ധ്യായങ്ങളുണ്ട്—പ്രാരംഭചരിത്രം, സംഘകാലം, സംഘാനന്തരകാലം, സംഘകാലത്തും സംഘാനന്തരകാലത്തുമുള്ള ഭരണസമ്പ്രദായം, വേണാട്, സാമൂതിരിമാർ, കോലത്തിരിമാർ കൊച്ചി, പോർച്ചുഗീസുകാർ കേരളത്തിൽ എന്നിവ മുതൽ സ്വാതന്ത്ര്യസമരം ബ്രിട്ടീഷ് കാലഘട്ടത്തിൽ, ഉത്തരവാദഭരണപ്രക്ഷോഭങ്ങൾ എന്നിവവരെയുള്ള പതിനേഴ് അദ്ധ്യായങ്ങൾ. ഇതുകഴിഞ്ഞ ചരിത്രാതീതകാലംമുതൽ കേരളസംസ്ഥാനരൂപവൽക്കരണംവരെയുള്ള കേരളത്തിന്റെ സമഗ്രമായ രാഷ്ട്രീയചരിത്രം ഇവയിൽ പ്രതിപാദിച്ചിരിക്കുന്നു. പ്രൊ: കെ. വി. കൃഷ്ണയ്യർ, ഡോ: കെ. കെ. പിള്ള, ശ്രീ. ശൂരനാട്ട് കുഞ്ഞൻപിള്ള, ഡോ: സി. കെ. കരിം, പ്രൊ: പി. എസ്. വേലായുധൻ, ഡോ: ഏ. പി. ഇബ്രാഹിംകുഞ്ഞ്, ഡോ. ടി. ഐ. പുന്നൻ, ശ്രീ. പി. ബാലഗംഗാധരമേനോൻ, ശ്രീ: കീഴേടത്തു വാസുദേവൻ നായർ, പ്രൊ: ഏ. പി. പോൾസൺ എന്നിവരാണ് ലേഖനകർത്താക്കൾ. അതതു വിഷയങ്ങളിൽ പ്രത്യേകം അവഗാഹം നേടിയിട്ടുള്ള ഈ പണ്ഡിതന്മാർക്ക് തങ്ങളുടെ ലേഖനങ്ങളെ കൂടുതൽ സമ്പന്നമാക്കുവാനും ആധികാരികമാക്കുവാനും സാധിച്ചിട്ടുണ്ട്.

സംഘകാലത്തെക്കുറിച്ചുള്ള ഡോ: കെ. കെ. പിള്ളയുടെ ലേഖനങ്ങൾ ഏററവും പഠനാർഹങ്ങളാണെന്ന് എടുത്തുപറഞ്ഞേ പററൂ. പോർച്ചുഗീസുകാരെക്കുറിച്ച് ഡോ: ഏ. പി. ഇബ്രാഹിംകുഞ്ഞ് എഴുതിയ ലേഖനങ്ങളും, വസ്തുനിഷ്ഠമായ, നിഷ്പക്ഷമായ പഠനങ്ങളായിട്ടുണ്ട്. കോലത്തിരിമാർ, മൈസൂർകാലഘട്ടം, ബ്രിട്ടീഷ്കാലഘട്ടം എന്നിവ ഡോക്ടർ സി. കെ. കരീമിന്റെ ലേഖനങ്ങൾ അടിക്കുറിപ്പുകളുടെ കവിഞ്ഞ ഭാരംകൊണ്ടും അവയുടെ വ്യാഖ്യാനത്തിൽ കടന്നുകൂടിയിട്ടുള്ള വികാരവേശങ്ങളുടെ ഭാരംകൊണ്ടും വായനക്കാരെ അല്പം ക്ലേശിപ്പിക്കുമെങ്കിലും, അവയിൽനിന്നു ക്ഷമാശീലർക്ക് ഒട്ടേറെ പുതിയ ചരിത്രവസ്തുതകൾ കണ്ടെത്തുവാൻ കഴിയും. സ്വാതന്ത്ര്യസമരം ബ്രിട്ടീഷ്കാലഘട്ടത്തിൽ എന്ന കീഴേടത്തു വാസുദേവൻനായരുടെ ലേഖനവും, ഉത്തരവാദഭരണപ്രക്ഷോഭങ്ങൾ എന്ന പ്രൊ: ഏ. പി. പോൾസൺന്റെ ലേഖനവും സമകാലികചരിത്രത്തെക്കുറിച്ചുള്ള സർവ്വസ്പർശിയും സമുജ്ജ്വലങ്ങളുമായ പഠനങ്ങളായിട്ടുണ്ട്.

സാമൂഹികചരിത്രം എന്ന മൂന്നാംഭാഗത്തിൽ 18 മുതൽ 33 വരെയുള്ള അദ്ധ്യായങ്ങളുൾക്കൊള്ളിച്ചിരിക്കുന്നു. കേരളത്തിലെ ഗിരിവർഗ്ഗക്കാരേയും ആദിവാസികളേയും കുറിച്ചുള്ള പ്രൊ: എൻ. എ. കൃഷ്ണയ്യരുടെ സമഗ്രവും ആധികാരികവുമായ പഠനത്തോടുകൂടിയാണ് ഈ ഭാഗം ആരംഭിക്കുന്നത്. അടുത്ത അദ്ധ്യായത്തിൽ സംഘകാലത്തെ കേരളീയരുടെ സാമൂഹ്യസ്ഥിതിയെക്കുറിച്ച് ഡോ: കെ. കെ. പിള്ളയും എഴുതുന്നു. തുടർന്നുള്ള അദ്ധ്യായങ്ങളിൽ നമ്പൂതിരിമാർ, പരദേശബ്രാഹ്മണർ, നായന്മാർ തുടങ്ങി കേരളത്തിലുള്ള എല്ലാ ജാതി സമുദായങ്ങളുടേയും സാമൂഹികചരിത്രമാണു പ്രതിപാദിക്കുന്നത്.

ഇവിടെ പത്രാധിപസമിതി ഒരു "ഡിപ്ളോമസി" സ്വീകരിച്ചിരിക്കുന്നതു കാണാം! അതായത്, ഓരോ സമുദായത്തിന്റേയും ചരിത്രം അതതു സമുദായത്തിലെ അംഗത്തെക്കൊണ്ടുതന്നെ എഴുതിക്കുക എന്ന ഡിപ്ളോമസി. നമ്പൂതിരിമാരെക്കുറിച്ച് ശ്രീ. ഡി. എച്ച്. നമ്പൂതിരിപ്പാടും, നായന്മാരെക്കുറിച്ച് ശ്രീ. വി. ടി. ഇന്ദുചൂഡനും, ഈഴവരെക്കുറിച്ച് ശ്രീ. പി. കെ. ഗോപാലകൃഷ്ണനും, അയന്മാരെക്കുറിച്ച് ഡോ. എൻ. ആർ. വിശാലാക്ഷിയും, ഹരിജനങ്ങളെക്കുറിച്ച് ശ്രീ. ടി. എ. പരമനും, ജൂതന്മാരെക്കുറിച്ച് ശ്രീ. എസ്. എസ്. കോഡറും, ക്രിസ്ത്യാനികളെക്കുറിച്ച് ശ്രീ. വർഗ്ഗീസ് കളത്തിലും, മുസ്ളീംകളെക്കുറിച്ച് ശ്രീ പി. എസെയ്തുമുഹമ്മദും, കൊങ്കണ—തുളുബ്രാഹ്മണരെക്കുറിച്ച് ശ്രീ. എൻ. പുരുഷോത്തമമല്ലയ്യയും, ആംഗ്ളോ ഇന്ത്യന്മാരെക്കുറിച്ച് ശ്രീ. സ്ററീഫൻ പാദുവായുമാണ് എഴുതിയിരിക്കുന്നത്. ഈ മാർഗ്ഗം അവലംബിച്ചതു് വാദപ്രതിവാദങ്ങളും ജാതിവഴക്കുകളും കഴിയുന്നത്ര ഒഴിവാക്കുവാൻ വേണ്ടിയായിരിക്കാം. അതു മാത്രമല്ല, ഈ ഗ്രന്ഥത്തെ ഒരു സർവ്വസമുദായപ്രതിനിധി സമ്മേളനവേദിയാക്കി വളർത്തുവാനും ആധികാരികരേഖകൾകൊണ്ടു സമ്പന്നമാക്കുവാനുംകൂടി ഈ മാർഗ്ഗം ഉപകരിച്ചിട്ടുണ്ടെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

മേൽപറഞ്ഞവയ്ക്കു പുറമേ, "സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങൾ" എന്ന ഒരു അദ്ധ്യായംകൂടി ഈ ഭാഗത്തിലുണ്ട്. ഇക്കഴിഞ്ഞ ഒരു നൂററാണ്ടിന്നിടയ്ക്ക് കേരളത്തിലുണ്ടായ സാമൂഹ്യപരിഷ്കരണപ്രസ്ഥാനങ്ങളെക്കുറിച്ചു ധാരാളം സമകാലികരേഖകളുദ്ധരിച്ചുകൊണ്ട് ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ നടത്തുന്ന ഈ പഠനം, സമകാലികചരിത്രത്തിന്റെ പുതിയൊരു വ്യാഖ്യാനം തന്നെയാണ്, ഈ അദ്ധ്യായം "സാമൂഹികചരിത്ര." എന്ന ഈ ഭാഗത്തിന് പൂർണ്ണത വരുത്തുകയും ചെയ്യുന്നു.

ഇങ്ങനെ പലതും കൂടിച്ചേർന്ന ചരിത്രമെഴുതുമ്പോൾ ആവർത്തനങ്ങളും പൂർവ്വാപരവിരുദ്ധമായ പ്രസ്താവനകളും കടന്നുകൂടുക എന്നതു സ്വാഭാവികമാണല്ലോ. അത്തരം പാകപ്പിഴകൾ കഴിയുന്നത്ര പരിഹരിക്കുവാൻ പത്രാധിപസമിതി ശ്രമിച്ചിരിക്കുന്നതു കാണാം. അല്ലെങ്കിൽത്തന്നെയും, ഈ ഗ്രന്ഥത്തിന്റെ വലുപ്പത്തിന്റേയും മഹത്വത്തിന്റേയും മുമ്പിൽ അവ നിസ്സാരങ്ങളാണ്.

വിഷയസംവിധാനക്രമം, വസ്തുനിഷ്ഠമായ പ്രതിപാദനം, മൂലരേഖകളുടെ സമൃദ്ധി, സർവ്വോപരിയായി ശാസ്ത്രീയമായ ചരിത്രവീക്ഷണം എന്നിവകൊണ്ട് കേരള ഹിസ്റ്ററി അസോസിയേഷന്റെ കേരളചരിത്രം, ഇന്നുവരെ ഉണ്ടായിട്ടുള്ള എല്ലാ കേരളചരിത്രങ്ങളുടേയും മുൻപന്തിയിൽത്തന്നെയാണു നില്ക്കുന്നതെന്ന് ഉറപ്പിച്ചുപറയാം. ഭൂമി ഒന്നാണെന്നും അതിൽ വസിക്കുന്ന മനുഷ്യരും അവരുടെ ചരിത്രവും ഒന്നാണെന്നും ദർശിച്ച കണ്ണുകൾ ഈ ഗ്രന്ഥത്തിലൂടെ പ്രകാശം പരത്തിക്കൊണ്ടിരിക്കുന്നു. ആ കണ്ണുകളുടെ ഉടമസ്ഥരായ ഇതിന്റെ പ്രവർത്തകന്മാരെ കേരളീയരും കേരളചരിത്രത്തിൽ താല്പര്യമുള്ളവരും ആത്മാർത്ഥമായി അനുമോദിക്കുകതന്നെ ചെയ്യും.

അനൂററാണ്ടിനുമുമ്പ് ശ്രീ. കെ. പി. പത്മനാഭമേനോന്റെ **History of Kerala** എന്ന ഗ്രന്ഥം എറണാകുളം ഗവണ്മെന്റ്പ്രസ്സിലാണ് അച്ചടിച്ചതു്. അതേ പ്രസ്സിൽത്തന്നെ കേരള ഹിസ്ററി അസോസിയേഷന്റെ ഈ "കേരളചരിത്ര"വും അച്ചടിച്ചുവന്നതു് യാദൃശ്ചികമാണെങ്കിലും, കൗതുകപ്രദമാണ്. നല്ല ഓഫ്സെററ പേപ്പറിൽ അതിമനോഹരമായി അച്ചടിച്ച് ഓപ്പൺബയൻറ്ചെയ്തിരിക്കുന്ന ഈ ബൃഹദ്ഗ്രന്ഥത്തിന്റെ പേരിൽ എറണാകുളം ഗവണ്മെന്റ്പ്രസ്സിലെ സാങ്കേതികവിദഗ്ദ്ധന്മാർക്ക് തികച്ചും അഭിമാനിക്കാവുന്നതാണ്. ഇതിൽ ചേർത്തിരിക്കുന്ന ഫോട്ടോകളും ഭൂപടങ്ങളുമെല്ലാം ചരിത്രവിദ്യാർത്ഥികൾക്ക് ഏററവും പ്രയോജനകരങ്ങളാണ്.

ഇന്നുവരെയുള്ള ഇന്ത്യാചരിത്രഗ്രന്ഥങ്ങളിൽ കേരളചരിത്രത്തിന് സ്ഥാനമില്ലല്ലോ. കേരള ഹിസ്ററി അസോസിയേഷന്റെ ഈ കേരളചരിത്രം ഇനിയങ്ങോട്ടുള്ള ഇന്ത്യാചരിത്രഗ്രന്ഥങ്ങളിൽ മാത്രമല്ല, ഇന്ത്യയുടെ ചരിത്രത്തിലും കേരളത്തിനു കൂടുതൽ സ്ഥാനമുണ്ടാക്കുകതന്നെ ചെയ്യും, കാരണം. ഇതു് ഉണർന്നെഴുന്നേററുകൊണ്ടിരിക്കുന്ന കേരളത്തിന്റെ ചരിത്രമാണ്! ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ, കേരളത്തിന്റെ ഉണർന്നെഴുന്നേല്പിനെ ത്വര തപ്പെടുത്തുവാൻ വേണ്ടിയുള്ള ചരിത്രംകൂടിയാണ്.

(കേരളചരിത്രം, ഒന്നാംവാല്യം; പേജ് 1396; വില 50 രൂ പ്രസാധകന്മാർ: കേരള ഹിസ്ററി അസോസിയേഷൻ, എറണാകുളം, കൊച്ചിൻ-11)

— 0 —

ന്നു് ഇതുവക്കം ആഗ്രഹവുമുണ്ടു്. എവിടെ അന്വേഷിക്കാനാണു്? വട്ടംകൂടി വർത്തമാനംപറഞ്ഞിരിക്കുന്നതിനിടയിൽ എഴുന്നേററുപോയി. ഒരക്ഷരം മിണ്ടാതെ. പിണങ്ങിപ്പോകാൻ കാര്യമൊന്നും ഉണ്ടായിട്ടില്ല.

പാതിരായ്ക്കു് ഒരു വിളി.

"കുഞ്ഞൻപിള്ളേ!"

ഉപ്പുംവീട്ടിൽ കിടന്നുറങ്ങുകയായിരുന്ന കുഞ്ഞൻപിള്ള.

"ആരാ അതു്?"

"ഞാൻ ഇട്ടുണ്ണാൻ."

കുഞ്ഞൻ പിള്ള പുറത്തിറങ്ങിവന്നു അരണ്ട വെളിച്ചമുണ്ടു്. ഒരു ഭാണ്ഡക്കെട്ടുമായി ഇട്ടുണ്ണാൻ നില്ക്കുന്നു.

കുഞ്ഞൻപിള്ള ചോദിച്ചു.

"താൻ എവിടായിരുന്നെടോ?"

മറുപടി ഇതായിരുന്നു.

"താൻ വാ."

"എവിടോ?"

"മുക്കോലിവരെ നമുക്കു പോകാം."

"എന്തിനാ?"

"താൻ വാ."

ഇട്ടുണ്ണാൻ നടന്നു പിന്നാലെ കുഞ്ഞൻ പിള്ളയും. പരമൻ കർത്താവിനേയും വിളിച്ചുണർത്തി.

ആ പൊതിക്കെട്ടു മോഷണമുതലായിരുന്നുവോ!

★

ഇട്ടുണ്ണാൻ നാലു സംബന്ധം ചെയ്തിട്ടുണ്ടു്. രണ്ടു സംബന്ധത്തിൽ മക്കളുമുണ്ടു്. ഒടുവിൽചെയ്ത സംബന്ധം അരയ്ക്കാട്ടു കൊച്ചുനാണിയെയാണു്.

ചക്കിക്കൊത്ത ചങ്കരൻ. ഇട്ടുണ്ണാനു വേണ്ടി കൊച്ചുനാണിയെ ഉടയതമ്പുരാൻ പടച്ചു. അവളും കറുത്തതാണു്. ഉറച്ച മാംസപേശിയുള്ള തടിച്ചവളാണു്. ഒത്തതിൽ കൂട്ടുതൽ പൊക്കവുമുണ്ടു്.

മൂന്നാം സംബന്ധം നിലവിലിരിക്കെ ഒരുനാൾ ഇട്ടുണ്ണാൻ കൊച്ചുനാണിയെ കണ്ടു. അതിനു മുമ്പും അവളെ കണ്ടിരിക്കണം. പക്ഷേ, നോക്കിയപ്പോൾ കണ്ണിൽ പിടിച്ചതു് അന്നായിരിക്കണം. അതാണു കണ്ടു് എന്നു പറയാവുന്നതു്. ഇട്ടുണ്ണാനു് മോശമോന്നി ഇട്ടുണ്ണാനു് ആശ തോന്നിയാൽ അതുൽക്കടമായിരിക്കും; ആയിരുന്നു താനും.

ഇട്ടുണ്ണാൻ ഒരു ചോദ്യം ചോദിച്ചു.

"നീ എന്താ ഉറച്ചിരിക്കുന്നു?"

സത്യമാണു്. എണ്ണക്കറുമ്പിയായ കൊച്ചുന ണിയുടെ വെളുത്ത പല്ലുകളുടെ പ്രകാശം പുറത്തു പ്രസരിച്ചു.

അതായിരിക്കാം കൊച്ചുനാണി എന്ന പെണ്ണിനു പ്രേമം ഉണ്ടാകുമ്പോൾ ഉള്ള സാമ്പ്രദായം.

കൊച്ചുനാണി അതിനുമുമ്പു് ആരെയും സ്നേഹിച്ചിട്ടില്ല. ആരും അവളേയും സ്നേഹിച്ചിട്ടില്ല. പെണ്ണു നില്ക്കുന്നിടത്തു പിഴവരും. പക്ഷേ, കൊച്ചുനാണി നില്ക്കുന്നിടത്തു പിഴ വരാൻ ഇടയില്ല വന്നിട്ടുമില്ല.

കൊച്ചുനാണിയെ ഒരുമാതിരി ആരും പേടിക്കുകയേയുള്ളു.

ഇരുമ്പും കാന്തവുംപോലെ കൊച്ചുനാണിയും ഇട്ടുണ്ണാനും തമ്മിൽ യോജിച്ചു.

★

ഇട്ടുണ്ണാൻ പള്ളിച്ചാനാണു്. കൊച്ചുനാണി സ്വരൂപക്കാരിയാണു്. പള്ളിച്ചാനെത്തോട്ടു സ്വരൂപക്കാർ ഉണ്ണുകയില്ല. പള്ളിച്ചാൻ പെണ്ണിനെ സ്വരൂപക്കാരൻ ആണിനു സംബന്ധം ചെയ്യാം. സ്വരൂപക്കാരി പെണ്ണിനെ പള്ളിച്ചാൻനായക്കു സംബന്ധം ചെയ്യുകൂടാ. അങ്ങിനെയൊക്കെയാണു തലമുറയായി നടപ്പുള്ള മുറ.

ഇട്ടുണ്ണാനെന്ന പള്ളിച്ചാനു്, കൊച്ചുനാണിയെന്ന സ്വരൂപക്കാരിയോടു് ഇഷ്ടം തോന്നി. മറിച്ചു കൊച്ചുനാണിക്കു് ഇട്ടുണ്ണാനോടും. എവിടെയൊക്കെയാവച്ചു്, ഏതാരക്കയോ സമയത്തു്, എങ്ങിനെയൊക്കെയോ അവർ തമ്മിൽ കണ്ടുമുട്ടി. എന്തൊക്കെയോ നടന്നു.

കൊച്ചുനാണി ഗർഭിണിയായി.

അരയ്ക്കാട്ടു കിട്ടുശ്ശാർ ശേഷയ്യനിന്റെ അടുത്തെത്തി. മററവിടെയാണു പോകാനെന്നു കരുന്നതു്? കുടുംബത്തിന്റെ മാനം രക്ഷിക്കണം.

ശേഷയ്യനു് ഒരു മകനുണ്ടു്. വെങ്കിടി. വെങ്കിടിയാണിപ്പോൾ അമ്പലത്തിലെ അടുക്കളശേവകം. നീണ്ടുവെളുത്തു വെളിഞ്ഞു് അസ്ഥി എല്ലാം തൊലിക്കുമീതെ തെളിഞ്ഞുകാണാവുന്ന ഒരു പിൻമുടിക്കാരൻ കുട്ടി.

ശേഷയ്യൻ കൊച്ചുമകൻ വെങ്കിടിയെ വിളിച്ചു.

"നാൻ ഉന്നെക്കു ഒരു സമ്മന്തം നിശ്ചയിച്ചിരിക്കുറാൻ. ചെറുക്കു് അരൈക്കാട്ടു കിട്ടുവിക്കു മുറുമകൾ. സമ്മന്തം മുടിന്നാൾ. എന്നാ ഉശൊല്ലുറുള്?"

ശേഷയ്യൻ കൂട്ടത്തിൽ ഒന്നു കണ്ണിറുക്കി. അരയ്ക്കാട്ടു കിട്ടുശ്ശാർ അതു കണ്ടില്ല.

വെങ്കിടി ആ കണ്ണിറുക്കു കണ്ടു, അയാൾ പറഞ്ഞു.

"മുടിയാതപ്പാ, എനക്കു മുടിയാതു്."

കിട്ടുശ്ശാക്കു മുടിയാതെന്നതിന്റെ അർത്ഥം മനസ്സിലായില്ല. അയാൾ മിഴിച്ചുനില്ക്കയാണു്.

ശേഷയ്യൻ എന്ന വൃദ്ധൻ ചോദിച്ചു.

"ഏയ്യു് മുടിയാതു്?"

"എനക്കു മുടിയാതു്."

തീർത്തുള്ള മറുപടിയായിരുന്നതു്.

★

ശേഷയ്യൻ കിട്ടുശ്ശാരോടു നിസ്സഹായനായി തന്റെ ജീവിതകഥ വിവരിച്ചു. കൊച്ചു പിള്ളയെന്ന ക്ളാസ്സിപ്പേർ നാട്ടിൽ ശേഷയ്യനെ വരുത്തി കോടാനുകോടി കുഞ്ഞമ്മയ്ക്കു മുറി കൊടുപ്പിച്ചതു മുതലുള്ള കഥ, അദ്ദേഹം പറഞ്ഞു.

"കിട്ടുശ്ശാറെ, എനിക്കിപ്പോൾ മിച്ചം ഈ അമ്പലത്തിലെ അടുക്കളശേവകം മാത്രമാണു്. ഞാൻ പലപല പെണ്ണുങ്ങൾക്കും തച്ചോററും. പല പല കുടുംബങ്ങളുടേയും മാനം രക്ഷിച്ചു. വളരെ വളരെ ആളുകൾ ആണും പെണ്ണും എന്നെ അച്ഛാ എന്നു വിളിക്കുന്നുണ്ടു്. എല്ലാ കുടുംബക്കാരും എനിക്കു നക്കാപിച്ച തന്നു. ഞാൻ അതു മുതലാക്കുകയും ചെയ്തു. പക്ഷേ, ഇപ്പോൾ ഞാൻ തെണ്ടി. കുഞ്ഞുപാളയിലിരുന്ന മാത്രം."

(തുടരും)

ഹസ്തരേഖാശാസ്ത്രം, ഭൂതപ്രശ്നം, ഭാവിഫലം, ഗ്രാന്തു്, അപസ്മാരം, ഭൂതപ്രേതപിശാചുബാധാ ഉപദ്രവങ്ങൾ ഉദ്വിഷ്ടകാര്യനിവൃത്തി. അനുഭവത്തിൽ മനസ്സിലാക്കാവുന്നതും ,പരിപൂർണ്ണഫലംകൊടുക്കുന്നതുമാണു്. മറുപടി സ്റ്റാമ്പുസഹിതം അപേക്ഷിക്കുക:—

നേരിട്ടുവരുന്നവർ—പഴുചാഴർറോഡിൽ ബസ്സു് ഇറങ്ങി വരിക. തൃശ്ശൂർ തൃപ്രയാർ ചേർപ്പ്വഴി റോഡ്.

എന്നു്, എൻ. എസ്. ശങ്കരൻകുട്ടി,
ശ്രീചോററാനിക്കര ദേവിദർശനമഠം,
P. O. പഴുവിൽ തൃശ്ശൂർ Dt.

പവൻമാററു സ്വർണ്ണാഭരണങ്ങൾ, വാച്ചുകൾ, ക്ലോക്കുകൾ, ടൈംപീസുകൾ മുതലായവ വാങ്ങുന്നതിനു് വിശ്വസ്തസ്ഥാപനം

കെ. പ്രഭാകരൻ നായർ

ജ്യുവലേഴ്സ് & വാച്ചുമീലേഴ്സ്
മെയിൻറോഡ്, കൊച്ചി. Phone: 3095

ബ്രാഞ്ചു്: കു. എസ്. റോഡ്, പുനലൂർ.

ക്കുറേ നാളുകളായി കേൾക്കുന്നു, മകളും മരുമകനും തമ്മിൽ അത്ര സ്വരച്ചേർച്ചയില്ലെന്ന്. ആറുമാസംകൂടുമ്പോൾപ്പോലും കരേഴുതുകയല്ലാതെ അവളും അവനും ഇപ്പോൾ ഒഴ്ചയിലൊന്നുവിതം അയയ്ക്കുകയാണ്—അച്ഛൻ ഇത്രവരെ മന്നവരണം. എന്നെക്കൂടി കൊണ്ടുപോകണം. എനിക്കിവിടെ പൊറുത്തതു മതിയായി. അമ്മാവൻ ഉടനടി വരണം, മകളെക്കൂടി കൊണ്ടുപോകണം. എനിക്ക് അവളോടൊപ്പം ജീവിച്ചതു് മതിയായി.

"ദൈവിഗ്ഗഡ്! വേലുപ്പിള്ള" കത്തുകളൊക്കെ വായിച്ചു പോസ്റ്റുപെട്ടിപോലെ വായും തുറന്നിരുന്നുപോയി. കിം കരോമി? ഇടയ്ക്കൊരു വാക്ക്, "ദൈവിഗ്ഗഡ് വേലുപ്പിള്ള"യെന്നു വിളിക്കാൻ കാരണമുണ്ട്. എന്തിനും ഏതിനും വേലുപ്പിള്ളയുടെ പ്രഥമ പ്രതികരണം "ദൈവിഗ്ഗഡ്!" ആണ്. നിങ്ങളെ കാണുമ്പോൾ വേലുപ്പിള്ള ചോദിക്കുന്നു—"അല്ലാ! കണ്ടിട്ട് കുറേപാടു് നാളായല്ലോ? സുഖംതന്നെയല്ലോ?" "അതേ"യെന്നു നിങ്ങൾ പറയുന്നു. ഉടനെ വേലുപ്പിള്ള—"ദൈവിഗ്ഗഡ്!"

ഈ "ദൈവിഗ്ഗഡ്" ഇയ്യിടെയൊരു ദോഷം ചെയ്തു. വേലുപ്പിള്ളയുടെ സുഹൃത്തും അഭ്യുദയകാംക്ഷിയുമായ ഒരാളുടെ അമ്മ മരിച്ചു. വേലുപ്പിള്ള ഒരു ദിവസം സുഹൃത്തിനെ വഴിയിൽവെച്ചു കണ്ടപ്പോൾ പതിവുപോലെ ചോദിച്ചു—

"എന്തെല്ലാം ചേട്ടാ വിശേഷങ്ങൾ?"

"വേലുപ്പിള്ള അറിഞ്ഞില്ലേ, എന്റെ അമ്മ മിനഞ്ഞാന്ന് മരിച്ചു."

"ദൈവിഗ്ഗഡ്!"

ആ സ്നേഹിതൻ ഇനിവേണം മിണ്ടാൻ. ഇതു് ഉപകഥ, മെയിൻകഥ ഇനിപ്പറയുന്നു.

വേലുപ്പിള്ള മകളുടേയും മരുമകന്റേയും അസ്വാരസ്യത്തെക്കുറിച്ചു് തന്റെ ഭാര്യ മീനാക്ഷിയമ്മയുമായി ദീർഘനേരം ആലോചിച്ചു. മീനാക്ഷിയമ്മ പറഞ്ഞു—

"നാട്ടുകാർക്കൊക്കെ വലിയ ഉപകാരി. എവിടെ വഴക്കുണ്ടായാലും കുളുക്കിത്തീർക്കാൻ മാരിയെത്തും. ഇപ്പം മകളുടെ കാര്യം വന്നപ്പം കസേരയിൽക്കിടന്നൊക്കാണു് ആലോചനയാണ്. എന്തോന്നിതു്ക്ക് ആലോചിക്കാൻ? ചെടന്നാളുക്കണം.!"

"എടീ കളുക്കണമെന്നു പറഞ്ഞാൽ."

"ങീ പറഞ്ഞാൽ?"

"കുളുങ്ങിയില്ലെങ്കിലോ? അതിനൊക്ഷീണം ആർക്കാ? നാട്ടിലുള്ളതെല്ലാം കുളുക്കി. വീട്ടിലേയ്ക് കളുക്കാൻ വന്നപ്പം താനേ കുളുങ്ങിപ്പോയി എന്നേ എല്ലാവരും പറയൂ! എനിക്കു തോന്നുന്നതു് പരിശ്വരൻനായരു് ഇപ്പൊക്കേറി കുറുകേ നില്ക്കുന്നതു് പൈസയിൽ നോട്ടമിട്ടാണ്ടാണെന്നാ. നിനക്കറിയാമല്ലോ, അയാളു് സ്വല്പം കാശു് ചോദിച്ചു.

"ഞാൻ കൊടുത്തില്ല. ഞാനെന്തോന്നു് പണം കായ്ക്കുന്ന മരമോ"

"മരമോ മൺവെട്ടിയോ, അതൊന്നുമെനിക്കറിയേണ്ട. എനിക്ക് എന്റെ മകളുടെ ദുഃഖം കാണാൻവയ്യ. അവൾക്ക് അയാളുടെകൂടെ പൊറുക്കാൻ വയ്യെങ്കിൽ അവളെ ഇങ്ങോട്ടു വിളിച്ചോണ്ടുവരണതാണ് നല്ലതു്."

കഷായം

സുകുമാർ

"ദൈവിഗ്ഗഡ്! ഞാൻ പോണതൊക്കെ പോകാം. പക്ഷേ, പൈസാഇടപാടുദ്ദേശിച്ചാണ് ഈ പിണക്കമെങ്കിൽ അതു് വേലുപ്പിള്ളയുടെയുത്തു് രസയിൽസ് ആകാൻ പോകുന്നില്ല."

"കുറച്ചു കാശു കൊടുത്തിട്ടാണെങ്കിലും പിണക്കം തീർക്കുന്നതാണു നല്ലതു്. വേറെ യാർക്കുമല്ലല്ലോ, നമ്മുടെ മകൾക്കല്ലേ? അവൾ നന്നായിരുന്നാൽ നമുക്കുമതു സന്തോഷമല്ലേ?"

"ദൈവിഗ്ഗഡ്! നന്നാ പറഞ്ഞു. അങ്ങനെയുള്ള സന്തോഷമൊന്നും എനിക്കു വേണ്ട. നയാപൈസാ ഇനി ഞാൻ ആ ദരിദ്രവാസിക്കു കൊടുക്കുകയില്ല."

"അപ്പോ! ഇങ്ങനെയൊരു കഞ്ചൻ!"

"കഞ്ചനെങ്കിൽ കഞ്ചൻ തന്നെ."

"അതെങ്ങനാ, കൂടെക്കഴിയുന്ന ഭാര്യക്ക് ആണ്ടേടെയ്യോരിക്കലെങ്കിലും ഒരു മുണ്ടു വാങ്ങിച്ചുകൊടുത്തിട്ടുവേണ്ടേ മക്കൾക്കും മരുമക്കൾക്കും വല്ലതും കൊടുക്കാൻ!"

"ദൈവിഗ്ഗഡ്! പാരന്നയിവിടെ മുണ്ടുടുക്കാതെയാണോ നില്ക്കുന്നതു്?"

"ഞാനും വല്ലതും വിളിച്ചുപറയും കേട്ടോ?"

മീനാക്ഷിയമ്മ തറ ചവുട്ടിപ്പൊളിച്ചുകൊണ്ടു് അകത്തേയ്ക്കു നടന്നുപോയി. വേലുപ്പിള്ള അല്പംകൂടി കഴിഞ്ഞു തന്റെ മകളുടെ സവിധത്തിലേയ്ക്കു വണ്ടി കയറി.

വണ്ടി യഥാസമയം ഉദ്ദിഷ്ടസ്ഥാനത്തെത്തി. മരുമകൻ പരിശ്വരൻനായരുതയും മകൾ ഭാസുരാംഗിയേയും തന്നാലാവുന്ന വേലുപ്പിള്ള ഗുണദോഷിച്ചു. താൻ ഉദ്ദേശിച്ചതുപോലെ മരുമകനു പൈസായ്ക്കു വേണ്ടിയുള്ള പിണക്കമല്ല. ഭാര്യാഭർത്തൃബന്ധത്തിലെ ചില ചല്ലറ പുഴുക്കുത്തുകൾ. കൂട്ടത്തിൽ ചില അമ്മാവി—മരുമകൾ ഉൾപ്പോരുകളും. സാരമില്ല. അവ ഒരുവിധം ഒതുക്കി ത്തീർത്തു് സന്തോഷവാനായി വീട്ടിലേയ്ക്കു മടങ്ങി വേലുപ്പിള്ള. ഗേറ്റു കടന്നപ്പോഴേ അദ്ദേഹം ഉറക്കെ വിളിച്ചുപറഞ്ഞു—

"മീനാക്ഷി! എല്ലാം ഒതുക്കി!"

വേലുപ്പിള്ളയെ എതിരേററതു വേലക്കാരൻ കൊച്ചപ്പനാണ്. കൊച്ചപ്പൻ പറഞ്ഞു—

"അങ്ങുന്നേ! അമ്മച്ചി ഡൈവോഷ്!"

"എന്തോന്നെടേ?"

"അതുതന്നെ അങ്ങുന്നേ, അമ്മച്ചി അങ്ങുന്നിനെ ഡൈവോഷ് അടിച്ചേച്ചു് അവരുടെ വീട്ടിൽപ്പോയി. ഇതാ ഈ എഴുത്തു് അങ്ങുന്നിനെ ഏല്പിക്കണമെന്നു പറഞ്ഞു."

കൊച്ചപ്പൻ കൊടുത്ത കത്തു വേലുപ്പിള്ള വാങ്ങി വായിച്ചു—

"എനിക്കും മതിയായി. ഞാനെന്റെ വീട്ടിൽ പോകുന്നു. മീനാക്ഷി."

"ദൈവിഗ്ഗഡ്!" വേലുപ്പിള്ള മനസ്സറിയാതെ പറഞ്ഞുപോയി.

"എങ്കിലും നോക്കണേ ഭഗവാനേ! മകളുടെ ഡൈവോഷ് ഒതുക്കിയിട്ടുവന്നപ്പം തള്ള കേറി ഡൈവോഷടിച്ചു" കൊച്ചപ്പൻ ആരോടെന്നില്ലാതെ പറഞ്ഞു.

"ഛീ പോടീ!" വേലുപ്പിള്ള അവന്റെ കന്നത്തിനിട്ടൊന്നു കൊടുത്തു.

ഉച്ചയ്ക്കുണ്ണകഴിച്ചു കൊണ്ടിരിക്കുമ്പോൾ വേലുപ്പിള്ള കൊച്ചപ്പനോടു ചോദിച്ചു—

"എടാ കൊച്ചപ്പാ, എനിക്കൊരു ഐഡിയ."

"എന്തോന്നങ്ങുന്നേ? കൊച്ചുതമ്പയെ വിളിച്ചോണ്ടുവരാനാണോ?"

"നീ പോടാ! എന്റെ പട്ടി പോകും അവളെ വിളിക്കാൻ. ഇതു വേറേ കാര്യം. ഞാനൊരു മുച്ചപ്പൽ കഴിക്കാൻ പോണു."

"അതെന്തോന്നങ്ങുന്ന മുച്ചപ്പ്"? എ നിക്കുകൂടി ഒരു നൂറുമല്ലി തരുമോ അണ്ണാ ന്നേ?"

വേലുപ്പിള്ള ഒപ്പിട്ടിച്ചിരിച്ചുകൊണ്ടു ചോദിച്ചു.—

"എടാ, ഇതു് അതൊന്നുമല്ല. മുച്ചപ്പൻ മാക്കോയ്. അതായതു പരസ്പരസംബന്ധം എന്റെ മകൾ ഭാസുരാംഗിയെ പരീശപ്പൻനായർ സംബന്ധം ചെയ്തു. ഞാൻ പരീശപ്പൻനായരുടെ തള്ളയെ സംബന്ധം ചെയ്യാൻ പോകുന്നു."

"അണ്ണാ! മഹാപാപം പറയല്ലേ! കൊച്ചമ്മ അങ്ങേതിലിരിപ്പോണു്. ഞാനിപ്പം വിളിച്ചോണ്ടുവരാം!" കൊച്ചപ്പൻ എടുത്തുചാടി ഓടി.

വേലുപ്പിള്ള പറഞ്ഞു—

"വെരി ഗുഡ്!"

★

മേമ്പൊടി

"നിങ്ങളീ വീരവാദമാരക്കെ മുഴക്കുന്നതല്ലോ മിസ്റ്റർ. നിങ്ങളുടെ ഭാര്യ നിങ്ങൾ പറഞ്ഞാൽ അനുസരിക്കുമോ?"

"നിങ്ങളെന്തു വിചാരിച്ചു ഹേ നിങ്ങളുടെ ഭാര്യയെപ്പോലെയാണെന്നോ? നിങ്ങൾക്കു കേൾക്കണോ? ഇന്നലെ നടന്ന സംഭവമാണു്. ഇന്നലെ രാവിലെ ഞാൻ അവളോടു പറഞ്ഞു—"എടീ! നിന്റെ ഈ സാരിയുടേയും ബ്ലൗസിന്റേയും വാട കാരണം മനുഷ്യർക്കു് അടുത്തുവരാൻ വയ്യ. അതു കഴുകിയിടണമെന്നുണ്ടെങ്കിൽ മര്യാദയ്ക്കു വേഗം അഴിച്ചുതാ!" അവൾ ഉടനടി അനുസരിച്ചു!"

—o—

ആത്രേയാശ്രമം കൈതമുക്ക് തിരുവനന്തപുരം.

വസിഷ്ഠരസായനം

മുക്കുവാർച്ച, ഇടർച്ചയായ തുമ്മൽ, മൂക്കടപ്പ്, ശ്വാസംമുട്ടൽ, വിട്ടുമാറാത്ത ചുമ, ചുമച്ചു ചുമച്ചു കഫം അറുപോകാതെ വിഷമിപ്പിക്കുക, ഇപ്പിയാൽ തീരാത്ത കഫം, രുചിയടപ്പ്, ഒരെണ്ണയും പിടിക്കാതിരിക്കുക, മലബന്ധം, അർശസ്സ് മുതലായവ നിശ്ശേഷം മാററി, ശരീരത്തിന് ഓജസ്സും ഉന്മേഷവും നൽകുന്നു.

ഒരു മാസത്തെ ഉപയോഗത്തിനുള്ളതിന് Rs. 21 00.

അഞ്ചുരൂപ മുൻകൂർ അയയ്ക്കുക.

ശ്രീകാളിചാത്തൻസേവയുടെ മഹത്തായ നേട്ടങ്ങൾ

ഓംശക്തി

അനേകം തലമുറകൾ നടത്തിയ കർമ്മസിദ്ധി ഉദ്ദിഷ്ടകാര്യസിദ്ധിയിൽ സന്തോഷകരമായഅനുഭവം! മാന്യരെ,

വ്യവസായം, വ്യവഹാരം, ഉദ്യോഗം, ശത്രുവിൽ വിജയം ഇവകൾക്കു് ആരാധനയിൽ വിശ്വസിക്കുന്നവർക്കു സമീപിക്കാം. തൃശ്ശൂർ വന്നു് അന്തിക്കാട്ടു പോകുന്ന ബസ്സിൽ കയറി അന്തിക്കാട്ടു ഹൈസ്കൂളിനു മുൻവശം ഇറങ്ങി സ്വല്പം തെക്കോട്ടു നടന്നാൽ ബോർഡു കാണാവുന്നതും അവിടെനിന്നു പിടിഞ്ഞാട്ടു് 3 ഫർലോങ്ങു നടന്നാൽ മഠത്തിൽ എത്താവുന്നതുമാണു്. വരാൻ സാധിക്കാത്തവർ നിർദ്ദേശത്തിനു സ്റ്റാമ്പുസഹിതം എഴുതുക:—

ററി. എസ്. വേലായുധൻ B. K. C. S. മഠം, P. O. അന്തിക്കാട്ടു്, തൃശ്ശൂർ.

പതിനാറു്

മനാവിദ്ദാൻ വിസമ്മതിച്ചു. വഴി പോക്കൻ കടന്നുപോയി. കുറച്ചുനേരം കഴിഞ്ഞു, മററൊരു വഴിപോക്കൻ വരികയായി.

"ഞാൻ മൂന്നു സ്വർണ്ണനാണയം തരാം," എനിക്കു ഈ എലിയെ തരൂ," രണ്ടാംവഴിപോക്കൻ അപേക്ഷിച്ചു.

അപ്പോഴും മനാവിദ്ദാൻ വിസമ്മതിച്ചു. രണ്ടാംവഴിപോക്കൻ സ്ഥലംവിട്ടു. മനാവിദ്ദാൻ കഴുമരം ശരിപ്പെടുത്തി എലിയുടെ കഴുത്തിൽ കയറും കെട്ടി, അപ്പോഴെയ്ക്കും ഒരു പുരോഹിതന്റെ വരവായി.

"ഞാൻ ഇരുപത്തിനാലു സ്വർണ്ണനാണയം തരാം. എലിയെ എനിക്കു വിട്ടുതരൂ," പുരോഹിതൻ ആവശ്യപ്പെട്ടു.

"ഞാൻ തരികയില്ല," മനാവിദ്ദാൻ പറഞ്ഞു.

പുരോഹിതൻ മായാവിയാണെന്നു മനാവിദ്ദാനു തീർച്ചയായിരുന്നു.

"നിങ്ങൾക്കു് എന്താണു വേണ്ടതു്?" പുരോഹിതൻ ആരാഞ്ഞു.

"റിയസ്നോസ്നെയും ഒപ്പ്രെഡേറിയെയും മോചിപ്പിക്കണം. കാടായിപ്പോയ എന്റെ രാജ്യത്തെ പഴയപോലെ നാടാക്കണം. നിങ്ങളും എലിയും ആരെന്നു് അറിയിക്കയും വേണം," മനാവിദ്ദാൻ ആവശ്യപ്പെട്ടു.

ഗത്യന്തരമില്ലാതെ പുരോഹിതൻ സത്യം പറഞ്ഞു: "പണ്ടൊരിക്കൽ നിങ്ങളുടെ അച്ഛൻ പിവിൽ ഗൈഗ്രൗളിനെ തോൽസഞ്ചിയിലാക്കി ചവിട്ടിയല്ലേ? അതിനു് പ്രതികാരം അന്വേഷിക്കയായിരുന്നു ഞാൻ. ഗൈഗ്രൗളും ഞാനും സ്നേഹിതന്മാരായിരുന്നു. എന്റെ ഭാര്യയാണു് ഈ എലി. വിളവുതിന്നതു് എന്റെ കുടുംബക്കാരും അനുചരന്മാരും. എല്ലാവരും എലികളായി രൂപംമാറിയതാണു്. എനിക്കു് എന്റെ ഭാര്യയെ തിരിച്ചുകിട്ടണം. അതിനായി നിങ്ങൾ ആവശ്യപ്പെട്ടതൊക്കെ ഞാൻ ചെയ്യാം."

"നിങ്ങൾ ആദ്യം രണ്ടു വരം തരാമെന്നു് ചെയ്തല്ലോ. ഒന്നു്, ഇതിനും മായാവിദ്യ പ്രയോഗിക്കയില്ലെന്നു്! രണ്ടു്, എന്നോടു പകരംവീട്ടുകയില്ലെന്നു്. എന്നാലേ ഞാൻ നിങ്ങളുടെ ഭാര്യയെ വിട്ടുതരികയുള്ളു. മാനാവിദ്ദാൻ തീർത്തുപറഞ്ഞു.

പുരോഹിതൻ രണ്ടു വരദാനങ്ങളും ചെയ്തു. അല്ലാതെ നിവർത്തിയില്ലല്ലോ മനാവിദ്ദാൻ എലിയെ തിരിച്ചേൽപ്പിച്ചു. അപ്പോഴേയ്ക്കും അതാ വരുന്നു റിയസ്നോസ്നും ഒപ്പ്രെഡേറിയും!

തീർത്താവാത്ത മായാവി ഭാര്യയായ എലിയുടെ രൂപം മാററി—അതിസുന്ദരിയായ ഒരു സ്ത്രീ! അവളെയുംകൊണ്ടു് മായാവി സ്ഥലംവിട്ടു.

എല്ലാം പഴയപോലെയായി.

പിവിലിന്റെ സ്നേഹിതനായിരുന്നല്ലോ ആറാണ്. ഒപ്പ്രെഡേറി പിവിലിന്റെ മകനാണല്ലോ. ആറാണിനു ഒപ്പ്രെഡേറിയോടും സ്നേഹമാണു്. എന്നാൽ അവരോടു വിരോധമുണ്ടു് ഒരാൾക്കു്. നാം മുമ്പു പരിചയപ്പെട്ട ഗൈഗ്രൗഡിയനാണു്

ഐതിഹ്യലോകം

—മാലി

അതു്. ഒരിക്കൽ ഗൈഗ്രൗഡിയൻ ആറാണിന്റെ രാജ്യത്തെ ആക്രമിച്ചു. അദ്ദേഹം മന്ത്രവാദിയുംകൂടിയാണല്ലോ. മന്ത്രവാദം കൊണ്ടു പ്രത്യേകതരത്തിലുള്ള പടയാളികളെ സൃഷ്ടിച്ചു—പല തരത്തിലും വലിപ്പത്തിലുമുള്ള അനേകായിരം വൃക്ഷങ്ങൾ! ആ വൃക്ഷസൈന്യം അണിചേർന്നു മുമ്പോട്ടു നീങ്ങി. ആറാണിന്റെ സൈന്യവുമായി സംഘട്ടനവും ചെയ്തു. അമാനുഷരായ പടയാളികൾ ആറാണിന്റെ പക്ഷത്തുമുണ്ടു്. നൂറു തലകളുള്ള ഒരു മയൂരരൂപം; നൂറു വെണ്ടകളുള്ള ഒരു വമ്പൻതവള; ഭീഷണരായ ആകാരമുള്ള ഒരു സർപ്പങ്ങൾ—അങ്ങനെ പലതും. എങ്കിലും വിജയം സിദ്ധിച്ചതു ഗൈഗ്രൗഡിയങ്ങിനുതന്നെ.

പിന്നീടൊരിക്കൽ ഗൈഗ്രൗഡിയനും ഒപ്പ്രെഡേറിയും തമ്മിൽ കലഹമായി. കലഹത്തിനു പ്രധാന കാരണം കുറേ പണികളാണു്. ഒപ്പ്രെഡേറിക്കു് ആറാൺ സമ്മാനിച്ചിരുന്ന പണികളാണു് അവ.

അഖിലേന്ത്യാ ജനസമ്മതിയുള്ള മത്സരം

പ്രവേശനഫീസില്ല—നിങ്ങൾക്ക

ഒരു സമ്മാനം കിട്ടിയേ തീരൂ



മന്നാംസമ്മാനം:— ഒരു സ്ക്കൂട്ടർ വെസ്പാ, അല്ലെങ്കിൽ അല്ലിവിൻ റ്റ്രഫിജറേറ്റർ. രണ്ടാംസമ്മാനം:— ഒരു ടേപ്പ്റിക്കാർഡർ അല്ലെങ്കിൽ ആട്ടോമാററിക്ക്യാമറ അല്ലെങ്കിൽ റേഡിയോഗ്രാം. മൂന്നാംസമ്മാനം:—(100) ജപ്പാൻ 3 ബാൻഡ് ട്രോയോ മെയ്ഡ് ആൾവേൾഡ് ട്രാൻസിസ്റ്റേറഴ്സ് (വില 275 രൂ.) മാതൃകുടുംബത്തിനും ഒരു സമ്മാനം.

നിങ്ങളെന്തു ചെയ്യണം?

ശൂന്യമായി കിടക്കുന്ന ചതുരങ്ങളിൽ അഞ്ചു മുതൽ ഇരുപതു വരെയുള്ള സംഖ്യകളുപയോഗിച്ച്, മുകളിലോട്ടും, ഇടതുവലതായും, കോണോടുകോണും കൂട്ടിയാൽ 50 കിട്ടത്തക്കവിധം എഴുതുക. ഒരു സംഖ്യ മന്നിൽക്കൂടുതൽ പ്രാവശ്യം ഉപയോഗിക്കാൻ പാടില്ല. ചെവള്ളക്കടലാസ് ഉപയോഗിക്കുക.

അയയ്ക്കേണ്ട അവസാനദിവസം:20-8-'73.ഫലപ്രഖ്യാപനം: 22-8-'73

ഒരു മാതൃക ചുവടെ ചേർക്കുന്നു (കൂട്ടിയാൽ 46 കിട്ടത്തക്കവിധം)

8	11	14	13
15	12	9	10
17	18	7	4
6	5	16	19

മത്സരത്തിനുള്ള നിയമങ്ങൾ: (1) പരിശോധകന്മാരുടെ തീരുമാനം അവസാനത്തേതും നിയമപരിധിക്കുള്ളിൽ നില്ക്കുന്നതുമായിരിക്കും. ഈ മത്സരത്തിന്റെ സുപ്രധാന വ്യവസ്ഥയാണിതു്. (2) ഔദ്യോഗികമായി മുദ്രവച്ച പൂരണത്തോടു തട്ടിച്ചുനോക്കിയായിരിക്കും തീരുമാനം കൈക്കൊള്ളുക. സമ്മാനം പണമായി നൽകുന്നതല്ല. (3) മന്നാംസമ്മാനം (1) ഔദ്യോഗികപൂരണത്തോടു് തത്തുല്യനില്ക്കുന്നതിനു നൽകപ്പെടും. (4) രണ്ടാംസമ്മാനം (5) മുകളിലത്തെ മൂന്നു് ഇടതുവലതു വരികളുടെ സാമ്യം നോക്കി നൽകപ്പെടും. (5) മൂന്നാംസമ്മാനം (100) ഔദ്യോഗികമായ പൂരണവുമായി ഏതെങ്കിലും നിരയിലോ, സംഖ്യയിലോ ഉള്ള സാമ്യം നോക്കി നൽകപ്പെടും. ഫലമറിയാൻ 45 പൈസയുടെ പോസ്റ്റൽസ്റ്റാമ്പുകൂടി അയയ്ക്കുക. (6) വിജയികൾ പോസ്റ്റേജ് പാക്കിംഗ്ചെലവു്, ലൈസൻസ്ഫീസ് എന്നിവ തങ്ങൾക്കു കിട്ടുന്ന സാധനത്തിനനുസരണമായി കൊടുക്കണം. മൂന്നും നാലും സാധനങ്ങൾ വാങ്ങുന്നവർ അവരുടെ മുകളിൽ പറഞ്ഞ ചിലവുകൾ കൂടാതെ ട്രാൻസിസ്റ്ററിന്റെ പാതി വിലകൂടി കൊടുക്കണം. (7) നിങ്ങളുടെ മേൽവിലാസം ഇംഗ്ലീഷിലോ ഹിന്ദിയിലോ മാത്രമേ എഴുതാവൂ. ഒരു കുടുംബം ഒരു പൂരണമേ അയയ്ക്കാൻ പാടുള്ളൂ. (8) ഭാവിയിലെ ഉപയോഗത്തിനു് ഈ നിയമങ്ങളുടെ ഒരു പ്രതി സൂക്ഷിച്ചുകൊള്ളുക.

B. B. & C. CORPORATION (WMN-50)

P. O Box No. 1695, Delhi-6

ആ പന്നികളുടെ മാംസത്തിനു വളരെയേറെ സ്വാദുണ്ടു്. അവയെ ഏതുവിധേനയും കൈക്കലാക്കണം—അതിനായി ഗൈഡിയന്റെ മനസ്സിലെ. അദ്ദേഹം കഥപ്പാട്ടുകാരനായി വേഷംമാറി ഒപ്രേഡേറിയുടെ അടുക്കലെത്തി. ഒപ്രേഡേറി ഇത്രനല്ല കഥപ്പാട്ടുകൾ മുമ്പൊരിക്കലും കേട്ടിരുന്നില്ല. കഥപ്പാട്ടുകാർ പ്രതിഫലം ചോദിക്കുകയും കേൾക്കുന്നവർ നല്കുകയും പതിവാണു്.

"എനിക്കു പന്നികളെ തരണം."—അതാണു വേഷംമാറിയ ഗൈഡിയൻ ആവശ്യപ്പെട്ട പ്രതിഫലം.

"അവയെ സമ്മാനമായി കൊടുത്തുകൂടെ. വിലയ്ക്കുവില്ലാനും പാടില്ല. ആറാണ്ടു അനുശാസിച്ചിട്ടുണ്ടു് ചെയ്തില്ലെന്നു ഞാൻ വാക്കു കൊടുത്തിട്ടുമുണ്ടു്", ഒപ്രേഡേറി കുഴികുഴിവു പറഞ്ഞു.

"വാഗ്ദാനം ലംഘിക്കാതെതന്നെ പന്നികളെ തരാൻ പററും. അതു ഞാൻ തെളിയിച്ചുതരാം", കഥപ്പാട്ടുകാരൻ പറഞ്ഞു.

കഥപ്പാട്ടുകാരനു് ഉറങ്ങാൻ മുറി കൊടുത്തിട്ടുണ്ടു്. ഗൈഡിയൻ അവിടെവച്ചു രാത്രിയിൽ മന്ത്രവാദംകൊണ്ടു ചിലതൊക്കെ നിർമ്മിച്ചു—സ്വർണ്ണംപൊതിഞ്ഞ പന്ത്രണ്ടു പരിചകൾ, സ്വർണ്ണമണിഞ്ഞ പന്ത്രണ്ടു പടക്കുതിരകൾ, സ്വർണ്ണച്ചങ്ങലയിട്ട പന്ത്രണ്ടു വേട്ടപ്പട്ടികൾ. രാവിലെ അവയേയുംകൊണ്ടു ഒപ്രേഡേറിയെ ചെന്നു കണ്ടു.

"അങ്ങു് ഇവയ്ക്കുപകരം പന്നികളെ കൈമാറിയാൽ മതി. അപ്പോൾ സമ്മാനം തരികയും വേണ്ട. അങ്ങയുടെ വാഗ്ദാനത്തിനു ഭംഗം വരികയുമില്ല." കഥപ്പാട്ടുകാരൻ ചൂണ്ടിക്കാട്ടി.

ശരിയാണെന്നു ഒപ്രേഡേറിക്കു തോന്നി. പന്നികൾക്കുപകരം കിട്ടുന്നതു് എന്താണു്? അവയേക്കാൾ എത്രയോ വിലപ്പെട്ട വസ്തുക്കൾ. അങ്ങനെ പന്നികൾ ഗൈഡിയനു കിട്ടി. അദ്ദേഹത്തിനു് മന്നറിയാം. താൻ സൃഷ്ടിച്ച മായ ഒരു രിവസത്തേയ്ക്കു നിലനില്ക്കൂ. അതു കഴിഞ്ഞാൽ കുതിരകളില്ല, പരിചകളില്ല, പട്ടികളില്ല. ആ സമയം ഒപ്രേഡേറി കോപിക്കും. അക്കാരണത്താൽ ഗൈഡിയൻ ധൃതിയിൽ സ്ഥലംവിട്ടു.

ഒപ്രേഡേറി കോപിക്കുകതന്നെ ചെയ്തു. കഥപ്പാട്ടുകാരനായി വന്നതു് ഗൈഡിയനാണു്—അക്കാര്യം പകൽപോലെ തെളിഞ്ഞുതന്നു. ഒപ്രേഡേറി തന്റെ സൈന്യത്തോടുകൂടി ഗൈഡിയനെ പിന്തുടർന്നു. അപ്പോഴേയ്ക്കും ഗൈഡിയനും സ്വന്തം സൈന്യത്തെ തയ്യാറിയിരുന്നു. രണ്ടു സൈന്യങ്ങളുംതമ്മിലിടഞ്ഞു. തോല്ക്കാതിരിക്കുവാനുള്ള ഒപ്രേഡേറിക്കുമുണ്ടായിരുന്നു. അപ്പോൾ ഒപ്രേഡേറി ഗൈഡിയനെ ദ്വന്ദ്വയുദ്ധത്തിനു വെല്ലുവിളിച്ചു. എന്തായിരുന്നു ആ ദ്വന്ദ്വയുദ്ധത്തിന്റെ അവസാനം? ഗൈഡിയനു വിജയം, ഒപ്രേഡേറിക്കു മരണവും!

★

"ലിയർ രാജാവു്" എന്നൊരു നാടകമുണ്ടല്ലോ ഷേക്സ്പിയറുടെ വകയായിട്ടു്. ആ നാടകത്തിലെ ഇതിവൃത്തം ഏതിൽനിന്നു് എടുത്തതാണെന്നോ? ലെയർ എന്നൊരു രാജാവിനെക്കുറിച്ചുള്ള ഐതിഹ്യത്തിൽനിന്നു്. നാടകത്തിൽ ചില്ലറ വ്യത്യാസങ്ങൾ വന്നുചേർന്നിട്ടുണ്ടു്. കൂട്ടത്തിൽ ചില പേരുകളിലും. ഐതിഹ്യം ഇങ്ങനെയാണു്:

ലെയർരാജാവിനു മൂന്നു പുത്രിമാരുണ്ടു്. ആദ്യത്തെ പുത്രി ഗൊണോറില്ല. രണ്ടാമത്തെ പുത്രി റിഗൻ. മൂന്നാമത്തെ പുത്രി കോർഡെയില്ല. രാജാവിനു വാർദ്ധക്യമായി. മൂന്നു പുത്രിമാർക്കുമായി രാജ്യം വീതിക്കണം. അതായി അദ്ദേഹത്തിന്റെ ആഗ്രഹം. അതിനുമുമ്പു് ഒന്നു മനസ്സിലാക്കണമെന്നുണ്ടു്—ഏതു പുത്രിക്കാണു തന്നോടു കൂടുതൽ സ്നേഹം?

"നിങ്ങൾ എന്നെ എത്രത്തോളം സ്നേഹിക്കുന്നു?" അദ്ദേഹം മൂന്നു പുത്രിമാരോടും ചോദിച്ചു.

"ഞാൻ എന്നെക്കാൾ അച്ഛനെ സ്നേഹിക്കുന്നു", ഗൊണോറില്ല പറഞ്ഞു.

"ഞാൻ മററെല്ലാവരേയുംകാൾ അച്ഛനെ സ്നേഹിക്കുന്നു," റിഗൻ പറഞ്ഞു.

"ഞാൻ അച്ഛനെ അച്ഛനെപ്പോലെ സ്നേഹിക്കുന്നു", കോർഡെയില്ല പറഞ്ഞു.

കോർഡെയില്ലയുടെ ഉത്തരം ലെയറിനു് ഇഷ്ടമായില്ല. അദ്ദേഹത്തിനു് ഒരു തെററു ധാരണ ഉണ്ടായി—അവൾക്കു ത

ന്നോടു സ്നേഹമില്ലെന്ന്, മററു രണ്ടുപേർക്കും സ്നേഹമുണ്ടെന്ന്. അദ്ദേഹം രാജ്യത്തെ രണ്ടായി ഭാഗിച്ചു. ഒരുഭാഗം ഗൊണോറില്ലയ്ക്കു നല്കി. മററുഭാഗം റിഗനും. കോർഡെയില്ലയ്ക്ക് ഒന്നും കൊടുത്തില്ല. അവളോടു വിരോധം തോന്നിയിരുന്നു.

മൂത്ത രണ്ടു പുത്രികൾക്കും അദ്ദേഹം മററാനുകൂലി ചെയ്തുകൊടുത്തു—അതായത് അവരുടെ കല്യാണം. ആഭിജാത്യവും ധനവുമുള്ള രണ്ടു പ്രഭുക്കന്മാരായിരുന്നു വരന്മാർ. ഗൊണോറില്ലയുടെ ഭർത്താവു മഗ്ലനസ്. റിഗന്റെ ഭർത്താവു ഹെനുനസ്. ലെയർരാജാവു കണക്കററ സ്വീധനവും നല്കി. ഗോർഡെയില്ലയ്ക്കോ, വിവാഹം ഏർപ്പാടു ചെയ്തില്ല. ധനമൊന്നു കൊടുത്തുമില്ല. എന്നാലും അവളെ അഗനിപ്പസ് വിവാഹം ചെയ്തു. കലിങ്കരുടെ ഒരു രാജ്യത്തിലെ രാജാവാണ് അഗനിപ്പസ്. അവളുടെ സൗന്ദര്യം അയാളെ ആകർഷിച്ചിരുന്നു. വാസ്തവത്തിൽ സൌന്ദര്യം മാത്രമായിരുന്നു അവളുടെ കൈമുതൽ.

രാജ്യത്തിന്റെ പകുതിഭാഗം കൈയിലായില്ലെ? അതോടെ രണ്ടു പുത്രിമാരുടെയും ഭർത്താക്കന്മാരുടെയും മട്ടുമാറി. ഗൊണോറില്ലയോടൊന്നിച്ചായിരുന്നു ലെയറിന്റെ താമസം. ആദ്യം അവൾ അച്ഛന് അരുപതു ഭൃത്യന്മാരെ നല്കിയിരുന്നു. കുറച്ചുദിവസത്തിനിടയിൽ ഭൃത്യന്മാരുടെ സംഖ്യ മുപ്പതായി. ലെയറിനു വളരെ യേറെ നീരസം തോന്നി. അദ്ദേഹം റിഗന്റെ അടുക്കലേക്കു മാറിത്താമസിച്ചു. ക്രമേണ അദ്ദേഹത്തിന്റെ ഭൃത്യന്മാർ അമ്പതുമായി. ലെയർ രണ്ടാമതും മകളുടെ കൂടെ താമസമാക്കി. ഒരേ ഒരു ഭൃത്യൻ മാത്രമേ പാടുള്ളൂ! അല്ലാത്തപക്ഷം അച്ഛൻ ചെയ്തുകൂടുണം—അതായിരുന്നു ഗൊണോറില്ലയുടെ നിലപാട്. ലെയറിന് ഒന്നു തീർച്ചയായിക്കഴിഞ്ഞിരുന്നു. മൂത്ത രണ്ടു പുത്രിമാർക്കു സ്നേഹമില്ല. സ്വാർത്ഥലാഭം മാത്രമാണ്, അവരുടെ ലക്ഷ്യം. രാജ്യം കിട്ടിക്കഴിഞ്ഞില്ലേ? ഇനി അച്ഛനെക്കൊണ്ട് എന്തുകാര്യം? അദ്ദേഹത്തിന്റെ സ്വന്തം കോർഡെയില്ലയിൽ പററിക്കൂടി. താൻ അവളോട് നിർദ്ദയയായി പെരുമാറി. അതു് വലിയ തെററായിപ്പോയി. അദ്ദേഹം അതിയായി പശ്ചാത്തപിച്ചു. അവരുടെ ചെന്നുകണ്ടേ സമാധാനമാവൂ. അവൾ ഏതുമതിയിൽ തന്നെ സ്വീകരിക്കുമോ എന്തോ? എന്തായാലുംശരി, പോവുകതന്നെ.

അങ്ങനെ അദ്ദേഹം കുടൽകടന്നു കോർഡെയില്ലയുടെ രാജ്യത്തിലെത്തി. അവശനായിപ്പോയ തന്നെ സഹായിക്കണം—ആ അപേക്ഷയുമായി ഒരു ഭൃത്യനെ പറഞ്ഞയച്ചു. കോർഡെയില്ലയും ഭർത്താവും എന്താണു ചെയ്തതു്? അളവററധനം, വിലപിടിച്ച കപ്പായങ്ങൾ—അവയെല്ലാം ധാരാളം കൊടുത്തയച്ചു. പരിചരിക്കാൻ പരിവാരങ്ങളേയും. ലെയർ മകളെ കാണാൻ എത്തിയപ്പോഴോ? എന്തു ഗംഭീരമായിരുന്നു, സ്നേഹമയമായിരുന്നു സ്വീകരണം!

അഗനിപ്പസ് മററാനുകൂലി ചെയ്തു. സൃശക്തമായ സൈന്യം ശേഖരിച്ചു മഗ്ലനസിനെ തോല്പിച്ചു. തുടർന്ന് ഹെനുസിനെയും. അവർക്കു നല്കിയിരുന്ന രാജ്യഭാഗങ്ങൾ ലെയറിന് തിരിച്ചുനല്കി.

അങ്ങനെ ലെയർ വീണ്ടും രാജാവായി. അദ്ദേഹം കാലധർമ്മം പ്രാപിച്ചപ്പോഴോ? കോർഡെയില്ലയായി പട്ടാഭിഷേകശി. സ്നേഹത്തിനു കിട്ടിയ പ്രതിഫലം, അല്ലേ?

★

(അടുത്തലക്കത്തിൽ അവസാനിക്കും)

മലയാളമാധ്യമത്തിൽ-

ഇംഗ്ലീഷ് വ്യാകരണം പഠിക്കാൻ ഒരുമൂല്യഗ്രന്ഥം.

"Students' Elementary English Grammar"

വില: 5 രൂപ.

ആവശ്യപ്പെടുക:

P. T. College,

Mahasaud, TRIVANDRUM - 9.

പോലീസ് അറിയരുതു്

ചിത്രത്തെക്കുറിച്ചു് ഒരു മുൻവിധിയുണ്ടായിരുന്നില്ല. ദേവദേവൻ, ശശിതിൽ കുമാർ, പോലീസ് അറിയരുതു്—ഈ പേരുകൾ മനസ്സിൽ അരുചികരമായ ഒരു അഭിപ്രായമാണ് രൂപീകരിച്ചതു്. സെക്സും സ്ററണ്ടും കോമിക്കുകൊണ്ടു് കസർത്തുകാണിക്കുന്ന ഒരാറാംകിടചിത്രം. പക്ഷേ, ചിത്രം കണ്ടതിന്നപ്പോൾ മനസ്സിന് ആശ്വാസവും സംതൃപ്തിയുമുണ്ടായി. വ്യത്യസ്തതയുള്ള ഭേദപ്പെട്ട ഒരു മലയാള ചിത്രം കണ്ടുവന്ന സന്തോഷം. ഇന്നലെവരെ കണ്ടുമടുത്ത രംഗങ്ങളോ കഥാപാത്രങ്ങളോ ഇതിലില്ല എന്ന സംതൃപ്തി. സ്വാഭാവികമായി കൂട്ടിച്ചേർക്കാവുള്ള ഹാസ്യരംഗങ്ങളില്ല എന്ന ആശ്വാസം. സിനിമ വിലുണരണമെങ്കിൽ, ഇപ്പോൾ ഭൂരിഭാഗം നിർമ്മാതാക്കളും അവശ്യം ഉൾക്കൊള്ളിക്കണമെന്ന് കരുതുന്ന ബലാൽസംഗവും ഇതിലില്ല എന്ന ആഹ്ലാദം.

ഈ ചിത്രം എനിക്കിഷ്ടപ്പെട്ടു. തീർച്ചയും പുതുമ അർഹിക്കുന്ന ഈ ചിത്രം നിങ്ങൾക്ക് രസം പകർന്നുനല്കാതിരിക്കില്ല. പാശ്ചാത്യ ഒക്രം സസ്പെൻസ് ത്രില്ലറുകളെ പിന്നിലാക്കുന്ന ഒരു കററാന്വേഷണ ചിത്രമാണിതെന്ന്, പറയാൻ എന്റെ പരിമിതമായ സിനിമയെക്കുറിച്ചുള്ള അറിവ് എന്നെ അനുവദിക്കുന്നില്ല. "സൈക്കോയും" "ഡയൽ എം ഫോർ മർഡറും" കണ്ടപ്പോഴുണ്ടായ ഞെട്ടൽ ഈ പോലീസറിയരുതു കണ്ടപ്പോഴുണ്ടായി. അതുകൊണ്ട് ഈ ചിത്രം ഉന്നതമാണെന്ന അവകാശവാദവുമെനിക്കില്ല. കണ്ടുമടുത്ത ഫോർമുലകളിൽനിന്നും വേറിട്ടുനില്ക്കുന്ന ഈ ചിത്രം നമ്മുടെ സിനിമയ്ക്കു പുതിയ പാതകൾ ആവശ്യമാണെന്ന ബോധമുയർത്തിയിരിക്കുന്നു. ആത്മാർത്ഥതയോടെ പറയട്ടെ "പോലീസ് അറിയരുതു്" മലയാളത്തിലെ തൃപ്തികരമായ സസ്പെൻസ് ചിത്രമാണ്.

ഒരു പത്രപ്രവർത്തകനായ ജെയിംസാണ് ഈ ചിത്രത്തിലെ നായകൻ. ചെയ്യാത്ത കുററത്തിന്നു മൂന്നുവർഷം തടവുശിക്ഷയനുഭവിച്ചു പുറത്തുവരുന്ന ജെയിംസിന്റെ വികലമായ മാനസികചലനങ്ങളിലൂടെയാണ് കഥയുടെ ചുരുളുകൾ നിവരുന്നതു്. തന്റെ പ്രിയസ്നേഹിതനായ സി. ഐ. ഡി. ഇൻസ്പെക്ടർ ചെറിയാൻ, പോലീസ് ഡിപ്പാർട്ടുമെന്റിൽത്തന്നെ ഒരുദ്യോഗം വാഗ്ദാനം ചെയ്തു. പക്ഷേ, ആകെ മാറിക്കഴിഞ്ഞിരുന്ന ജെയിംസിന് അതിൽ താൽപര്യമുണ്ടായിരുന്നില്ല.

ജെയിംസ് യാദൃച്ഛികമായിട്ടാണ് ഒരു ക്ളബ്ബിൽവച്ചു്, കോടീശ്വരനായ തോമസ് അഗസ്ററിന്റെ രണ്ടാം ഭാര്യ റുബിയെ കണ്ടുമുട്ടുന്നതു്. റുബിയും ജെയിംസും പരിചയപ്പെട്ടു. (ആ പരിചയപ്പെടൽ ഏറെ പുതുമയുള്ളതായി. പക്ഷേ, ആയിങ്ങളുടെ കറൻസികെട്ടുകൾ സൂക്ഷിക്കുന്ന ഹാൻഡ്ബാഗ് ആരെങ്കിലും ഇറുന്നുമലർത്തി അലക്ഷ്യമായിട്ടെടുപോകുമോ?) തോമസ് അലക്സിന്റെ ആദ്യഭാര്യയിൽ അതിവസുന്ദരിയായ ഒരു പുത്രിയുണ്ട് ആലീസ്. ആലീസും റുബിയും കൂടി ത്രപ്പിപ്പെടുത്തിയ; പണ്ടുലക്ഷം കൊള്ളയടിക്കുന്നതിനുള്ള പരിപാടിയുടെ പ്രധാന കരുവായി ജെയിംസിനെ ഉപയോഗിക്കുന്നവർ തീരുമാനിച്ചു. ഒരു ലക്ഷമായിരുന്നു ജെയിംസിന് പ്രതിഫലമായി വാഗ്ദാനം ചെയ്തിരുന്നതു്. ജെയിംസ് ആലീസിനെ ഒളിവിൽ പാർപ്പിച്ചിട്ട് തോമസ് അലക്സിനോടു് പണ്ടുലക്ഷംരൂപ മകളെവിട്ടുകൊടുക്കുന്നതിനുള്ള പ്രതിഫലമായി ആവശ്യപ്പെടുന്നു. പോ

മംഗളശ്ശേരി

ലീസിൽ ഈ വിവരമറിയിച്ചാൽ ആലീസിന്റെ ശവമായിരിക്കും നിങ്ങൾക്കു ലഭിക്കുക എന്ന മുന്നറിയിപ്പു നൽകാനവൻ മറന്നില്ല. ആകെ തകർന്ന തോമസ് അലക്സ് പത്തുലക്ഷം നൽകാമെന്നേറ്റു. (ഇതിനിടയിൽ ജെയിംസിന് പോലീസ്സുഡിപ്പാർട്ടുമെന്റ് ജോലി കിട്ടുന്നു. ചെറിയാന്റെ നിർബ്ബന്ധം മൂലം ജോലി സ്വീകരിക്കുന്നു. കൊള്ളയും പോലീസും ദ്വിഗുണവും ഒരുമിച്ച്. ഒരിക്കലും വിശ്വസിക്കാൻ കഴിയാത്തതു തന്നെ)

ഒരു ദിവസം രാത്രി പറഞ്ഞിരുന്നതുപോലെ പത്തുലക്ഷത്തിന്റെ ബാഗ് ശ്മശാനത്തിനുസമീപത്തു് സിഗ്നൽകിട്ടിയ സ്ഥാനത്തു വന്നുചേർന്നു. ബാഗുമായി ആലീസിനെ ഒളിപ്പിച്ചുവച്ചിരുന്ന സ്ഥലത്തു ചെന്നപ്പോൾ താൻ ഭയങ്കരമായി കബളിപ്പിക്കപ്പെട്ടിരിക്കുന്നുവെന്നു് ജെയിംസിനു ബോദ്ധ്യമായി. ഒന്നാമതായി ആലീസ് ഷവറിനടുത്തിൽ മരിച്ചുകിടക്കുന്നു. രണ്ടാമതു് പത്തുലക്ഷത്തിന്റെ ബാഗിൽ നിറയെ കറൻസിനോട്ടുകൾക്കുപകരം വെള്ളക്കടലാസുകെട്ടുകൾ! ആലീസിന്റെ കൊലപാതകത്തെക്കുറിച്ച് റൂബിക്കെന്തെങ്കിലും പറയാനുണ്ടാവുമോ? അതറിയാനുള്ള ജിജ്ഞാസയോടെ ജെയിംസും ചെറിയാനുംകൂടി റൂബിയുടെ ബംഗ്ളാവിലെത്തുന്നു. അവർ ആ കാഴ്ചകണ്ടു് ഞെട്ടിപ്പോയി. റൂബി മരിച്ചുകിടക്കുന്നു! ചിത്രം നിർന്നിമേഷരായി കണ്ടുകൊണ്ടിരിക്കുന്നവർക്ക് ആലീസിനെ കൊന്നതു് റൂബിയാണെന്നൂഹിക്കാനേ കഴിയൂ. ആ ഊഹത്തെ തകർത്തുകളഞ്ഞതാണ് ഈ ചിത്രത്തിന്റെ വിജയത്തിനാധാരം. സസ്പെൻസിന്റെ ഭദ്രതയും അവിടെത്തന്നെ.

പത്രപ്രവർത്തകനായ ജെയിംസിനെ പ്രഗത്ഭനായ മധുവാണ് അവതരിപ്പിക്കുന്നതു്. തൃപ്തികരമായദ്ദേഹം അഭിനയിച്ചു. എങ്കിലും ഒരു സസ്പെൻസ് ചിത്രമെന്ന വസ്തുതയോർക്കുമ്പോൾ, കുറേക്കൂടി ആത്മാർത്ഥത വേണ്ടിയിരുന്നു എന്നു് തോന്നിക്കൂടായ്കയില്ല. സി. ഐ. ഡി. ഇൻസ്പെക്ടറായി വരുന്ന ഉമ്മർ തികച്ചും പൂർണ്ണതയുൾക്കൊണ്ടു. കാക്കിവേഷവും ആ വേഷത്തിനുള്ളിലെ ഭാവവും അസ്സലായി. എപ്പോഴും കാണുന്ന ഖാത്തിയും നിന്നെരം ചലിച്ചുകൊണ്ടിരിക്കുന്ന തിളങ്ങുന്ന കണ്ണുകളും ചെറിയാൻ എന്ന കഥാപാത്രത്തെ ജീവനുള്ളതാക്കി. തോമസ് അഗസ്റ്ററിൻ—കാച്ചുഭാഗമാത്രം അഭിനയിക്കാനുള്ള കഥാപാത്രം. ഗോവിന്ദൻകുട്ടി ആ കോട്ശപ്പനെ കോടീശ്വരനാക്കി തന്നെ അവതരിപ്പിച്ചു. ജോസ്പ്രകാശ് മൂന്നു നീണ്ട രംഗങ്ങളിൽമാത്രമേ നമ്മെ അഭിമുഖീകരിക്കുന്നുള്ളൂ. മൂന്നും ചിത്രത്തിന്റെ പ്രധാനരംഗങ്ങളും. അധികം സംസാരിക്കാത്ത ആ കൃഷ്ണനെ ജോസ്പ്രകാശ് കുറേക്കൂടി ഭീകരമാക്കി. സുന്ദരിയായ ആലീസായി റാണിചന്ദ്രയാണഭിനയിക്കുന്നതു്. ജെയിംസിന്റെ ഭാര്യ ലീസിയായി ഉഷാനന്ദിനിയും, റൂബിയായി സുകുമാരിയുമാണ് രംഗത്തു്. മൂന്നു നടികളും തങ്ങളുടെ കഴിവുകളിലുള്ള ആത്മവിശ്വാസം മേഖപ്പെടുത്തിയിട്ടുണ്ട്. ആലീസിന്റെ കാമുകനായി തിരശ്ശീലയിൽ രണ്ടുമൂന്നുരംഗങ്ങളിലൂടെ മിന്നിമറഞ്ഞുപോകുന്ന സുധീറിനു കാര്യമായിട്ടൊന്നും ചെയ്യാനില്ല.

ഈ ചിത്രത്തിന്റെ കഥ എൻ. ഗോവിന്ദൻകുട്ടിയുടേതാണ്. ഒരു സസ്പെൻസ് ചിത്രത്തിന്റെ ഭാവഭദ്രത തിരക്കഥയുടെ മേന്മയിലാണിരിക്കുന്നതു്. തിരക്കഥയും ഗോവിന്ദൻകുട്ടിയാണ് രചിച്ചിരിക്കുന്നതു്. പോലീസ് അറിയരുതു് എന്ന ചിത്രത്തിന്റെ വിജയം കഥയും പ്രത്യേകിച്ചും തിരക്കഥയുമാണെന്നു പറയാൻ സന്തോഷമുണ്ട്. എടുത്തുപറയാവുന്ന പോരായ്മകളൊന്നുമില്ല സമ്മതിച്ചാൽകൂടി അഭിനന്ദനങ്ങൾ. ഗാനങ്ങൾക്ക് ഈ ചിത്രത്തിൽ പ്രസക്തിയില്ല. എങ്കിലും ഒരു ഡിക്കപ്പററ് എന്നു തോന്നാത്ത രീതിയിൽ രണ്ടു ഗാനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മങ്കൊമ്പു ഗോപാലകൃഷ്ണനാണു് ഗാനരചയിതാവു്. അനേകം ചിത്രങ്ങൾക്ക് ഗോപാലകൃഷ്ണൻ ഗാനങ്ങൾ രചിച്ചിട്ടുണ്ട്. പക്ഷേ, ഒരു ചലച്ചിത്രഗാനരചയിതാവായി ഗോപാലകൃഷ്ണനെ അംഗീകരിക്കാൻ ഈ രണ്ടു ഗാനങ്ങളും എന്നെ പ്രേരിപ്പിക്കുന്നു. "മനം മണ്ടാത്ത ഭാവം..... ആളൊരു വല്ലാത്ത പാവം.", "കാമിനുമ്പാണി പഴുതുള്ള കൈകളിൽ" ഈ വരികളെ പരിചയസമ്പന്നനും പ്രതിഭാധനനായ ദക്ഷിണാമൂർത്തി തൃപ്തികരമായി താളലയതരംഗങ്ങളിലുൾക്കൊള്ളിച്ചിട്ടുണ്ട്.

ഉമ്മർ, റാണിചന്ദ്ര, മധു ചിത്രം "പോലീസ് അറിയരുതു്"

കാറിന്റെ ഡിക്കിയിൽ ശവവുമിട്ടുകൊണ്ടു് മന്നിലധികം രാത്രികൾ ഒരേ ഓഫീസിലും വീട്ടിലും തങ്ങിനില്ക്കുകയെന്നതു് സാമാന്യബുദ്ധിയുള്ള ഒരാൾക്ക് വിശ്വസിക്കവയ്യ. റൂബിയുടെ ഫാൻഡ്ബാഗിലെ പത്തിന്റെ കെട്ടുകൾക്കടിയിൽനിന്നു് ഒരു നൂറിന്റെ നോട്ടുമാത്രമെടുക്കുന്ന ജെയിംസിന്റെ മാനസികനില വിചിത്രമായിരിക്കുന്നു! പ്രത്യേകിച്ചും മദ്യപിച്ചു് അബോധവാനായിരിക്കുമ്പോൾ. ഒരു കാബറേ മാത്രമേ ഈ ചിത്രത്തിലുള്ളൂ അതു് കഥയുടെ ചിരിമുറുക്കം കൂട്ടാനും സസ്പെൻസിനു് ഉഗ്രത വർദ്ധിപ്പിക്കാനും പര്യാപ്തമായി. ആലീസും കാമുകനും തമ്മിലുള്ള പ്രേമരംഗങ്ങൾ ഹൃദ്യതയ്ക്കുപകരം അരോചകത്വമാണു് നിഴലിപ്പിച്ചതു്. തന്റെ കാമുകനെ മുട്ടുകിലേററി കടൽപ്പുറത്തൂടെ സഞ്ചരിക്കുന്ന കാമുകിയെ ഒരു ഗുസ്തിക്കാരിയായിട്ടല്ലാതെ മൃദുലഭാവമുള്ള ഒരു ശാലീനയായി കണ്ടാനാവുമോ? ഡിക്കിയിൽ ശവവുമായി സഞ്ചരിക്കുന്ന ജെയിംസ് ബസ്സുംകാത്തു നില്ക്കുന്നവർക്ക് ഒരു ലിഫ്ററനുവദിക്കുന്നതു് സസ്പെൻസ് വർദ്ധിപ്പിക്കുന്നതിനു് സഹായിക്കും. പക്ഷേ, സാമാന്യബുദ്ധിക്കു സമാനമാവുകയില്ല. ഇങ്ങനെ എണ്ണിപ്പറയാൻ ഏറെയുണ്ട് പോരായ്മകളായി. പക്ഷേ, വ്യത്യസ്തതയും പുതുമയും അർഹിക്കുന്ന ഒരു കഥയായതുകൊണ്ടു് ആ മേന്മയിൽ ഈ പോരായ്മകൾ നിഴലിച്ചില്ലാതാവുന്നതേയുള്ളൂ. വെട്ടിമേൽ പ്രൊഡക്ഷനുവേണ്ടി ഈ ചിത്രം സംവിധാനം ചെയ്തിരിക്കുന്നതു് എം. എസ്. ശെന്തിൽകുമാറാണ്. ഒരു സസ്പെൻസ് ചിത്രം സംവിധാനംചെയ്യാൻ സാമാന്യതയിൽകവിഞ്ഞ ഭാവനവേണം. അതു് ശെന്തിൽകുമാറിലുണ്ട്. വാനിന്റെയകത്തു് കിത്തേയിരിക്കുന്ന എല്ലാഭാഗവും വസ്ത്രംകൊണ്ടു മറച്ച ശവത്തിന്റെ തലഭാഗം എക്സ്ട്രീം ക്ളോസ്സപ്പിൽ കാണിച്ചിട്ട് അതു കട്ടുചെയ്തു് പ്രാകൃതരൂപം നിഴലിക്കുന്ന കാബറേനൃത്തകിയുടെ മുഖത്തിന്റെ ക്ളോസ്സപ്പ് കാണിച്ചു് കാണികളെ ഒരു നിമിഷം അത്യധികം ഭയപ്പെടുത്തി വിറപ്പിച്ചുകഴിഞ്ഞ ശെന്തിൽകുമാറിനെ അംഗീകരിക്കാതിരിക്കാൻവയ്യ. ഇ

തുപോലെ തന്റെ ശേഷിയും ശേഷിയും ഭാവനയുമുപയോഗിച്ച് ചില മുദ്രകൾ ഈ ചിത്രത്തിലുണ്ട്.

സാധാരണ ഭൂരിഭാഗം മലയാളസിനിമയ്ക്ക് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പല അംശങ്ങളും ഈ ചിത്രത്തിലില്ല. മധുവും ഉത്തമുരമൊഴിച്ചാൽ നിങ്ങളുടെ ഇഷ്ടതാരങ്ങളെന്നുമ്പറയിലില്ല, പ്രത്യേകിച്ചും നടികൾ. ഗാനങ്ങളും ഫലംപിടിപ്പിക്കുന്നവയല്ല. ഈ ചിത്രം സാമ്പത്തികമായി വിജയിക്കുമോ പരാജയപ്പെടുമോ എന്നു പറയാനാവില്ല, രണ്ടായാലും പുതുമക്കും. സ്ഥിരം ഫോർമുലകൾക്കെതിരേയുള്ള ശബ്ദം മുഴക്കിയതിനും, പോരായ്മകളേറെയുണ്ടെങ്കിൽക്കൂടിയും ഈ ചിത്രത്തെ ഞാനിഷ്ടപ്പെടുന്നു. ഈ ചിത്രം ഒരിക്കൽ കാണാൻ ഞാൻ വായനക്കാരോടാവശ്യപ്പെടുന്നു, അതൊരിക്കലും തെ നഷ്ടമാവുകയില്ല തീർച്ച.

—•—

ആരോഗ്യവും ശോഭയുള്ള വെളുത്ത പല്ലുകൾക്ക് ഫീനിക്സ് ആനമാർക്ക് പൽപ്പൊടി ഉപയോഗിക്കുക.

Mfd by:
PHOENIX PRODUCTS,
COCHIN-24.
സ്റ്റോക്കിസ്റ്റുമാരേയും ഏജന്റുമാരേയും ആവശ്യമുണ്ട്.

'അച്ചാണി' എന്റെ വിശ്വാസങ്ങളുടേയും വികാരങ്ങളുടേയും ഒരത്താണി

സിനിമ ഏറ്റവും വലിയ വിനോദമാധ്യമമാണ്. നിഷേധിക്കാനാവാത്ത സത്യമാണതു്. അപ്പോൾ കാഴ്ചക്കാരോട് പ്രത്യേക കടമയുണ്ടായിരിക്കണമെന്ന യാഥാർത്ഥ്യം വ്യക്തമാവുന്നു. രസാത്മകത പകർന്നുനൽകുന്നതിനോടൊപ്പം സാംസ്കാരികനവോത്ഥാനത്തിനുകൂടി കഴിയണം. സിനിമ സാമൂഹ്യയാഥാർത്ഥ്യത്തിന്റെ കണ്ണാടിയാണ്, ലക്ഷ്യബോധവും കലാമൂല്യവുമുള്ള ചലച്ചിത്രങ്ങൾ രസാത്മകതയുടെ കുറവുകൊണ്ടാണ് കളക്ടുചെയ്യാതെ പോകുന്നതു്. രസാത്മകമായ ആശയവിനിമയമാണ് കലകൾകൊണ്ടുദ്ദേശിക്കുന്നതു്, പ്രത്യേകിച്ചും സിനിമയിൽ. കഞ്ചൻനമ്പ്യാർ തനിക്കു പറയാനുണ്ടായിരുന്നവ പരുക്കൻസ്വരത്തിൽ പറഞ്ഞിരുന്നുവെങ്കിൽ ഒരു കാലഘട്ടത്തിന്റെ ശബ്ദമായി, ജനങ്ങളുടെ ഇഷ്ടകവിയായിത്തീരില്ലായിരുന്നു. തനിക്കു പറയാനുണ്ടായിരുന്ന ആശയങ്ങളിൽ പരിഹാസംകലർത്തിയ രസമാണ് അക്കാലഘട്ടത്തിൽ നൂറുശതമാനം ആളുകളേയും ആകർഷിക്കാൻ പര്യാപ്തമായതു്.

മലയാളത്തിലെ പ്രേക്ഷകരെക്കുറിച്ച് എനിക്കു മതിപ്പും അഭിമാനവുമുണ്ട്. മറ്റേതു സ്ഥലത്തേക്കാളും കേരളത്തിലെ പ്രേക്ഷകർ നിലവാരമുയർന്നവരാണെന്ന് എനിക്കു തോന്നുന്നു. ഇവിടെ നിർമ്മാതാക്കളും, സംവിധായകരും, താരങ്ങളുമാണ് ആദ്യം നന്നാവേണ്ടതു്, ഇവർ നന്നായാൽ പ്രേക്ഷകർ അവരോടൊപ്പം സ്വാഭാവികമായി നന്നായിക്കൊള്ളും. കലാപരമായ സിനിമ ഉണ്ടാവേണ്ടെന്നു ഞാൻ പറയുന്നില്ല പക്ഷേ, സിനിമ ഏറ്റവും വലിയ ബഹുജനമാധ്യമമായിരിക്കുമ്പോൾ, കാഴ്ചക്കാരിൽ ന്യൂനപക്ഷത്തെ മാത്രം തൃപ്തിപ്പെടുത്തുന്ന സിനിമ കലാപരമായി എത്ര മൂല്യമുള്ളതായിരുന്നാലും അതു് ജനജീവിതത്തിന്റെ വികാസത്തിനും സാംസ്കാരികനവോത്ഥാനത്തിനും സഹായിക്കുകയില്ല. കലാപരമായ സിനിമകൾ നമ്മുടെ സമൂഹപരിവർത്തനത്തിനു സഹായിക്കുന്നില്ല. അതു് രൂപരംഗിയിൽ മാത്രമേ നമ്മെ ആകർഷിക്കുന്നുള്ളു. പക്ഷേ, ഭാവരംഗിയിലല്ലെങ്കിൽ എന്തു പ്രയോജനം. അനുവാചകരുടെ രസവാസനകളെ സ്വാധീനിപ്പിക്കുവാൻ കഴിയാത്ത സിനിമകൾ കലാപരമായി എത്ര ഉയർന്നിരുന്നാലും അതു് ക്ഷണിക്കപ്പെട്ട സദസ്സുകളിൽ രംഗിക്കുവേണ്ടി പ്രദർശിപ്പിക്കാനേ സഹായിക്കൂ.

ഞാൻ മൂന്നുചിത്രങ്ങൾ ഇതുവരെനിർമ്മിച്ചു. അന്വേഷിച്ചു കണ്ടെത്തിയില്ല. ലക്ഷ്യപ്രഭു.കാട്ടുകുരങ്ങ്. നാലാമത്തെ ചിത്രമായ അച്ചാണി ജൂലൈ പന്ത്രണ്ടാംതീയതി നിങ്ങളുടെ മുന്നിലേക്കുവരുന്നു. പ്രേക്ഷകരുടെ അഭിരുചികളെയും വാസനകളെയും മാനിക്കുകയും, അതോടൊപ്പം നമ്മുടെ സംസ്കാരത്തിന്റെ കണ്ണാടിയായിരിക്കണം സിനിമ എന്ന തത്വത്തിൽ വിശ്വസിക്കുകയും ചെയ്യുന്ന ഞാൻ അച്ചാണിയിലൂടെയും ആ വിശ്വാസത്തിൽ മുറുകെപ്പിടിച്ചിട്ടുണ്ടെന്നു് എന്റെ മനസ്സു് മന്ത്രിക്കുന്നു. എനിക്ക് എന്റെ മറ്റുചിത്രങ്ങളോടില്ലാത്ത ഒരു വൈകാരികബന്ധം അച്ചാണിയോടുണ്ട്. അച്ചാണിയിലെ തയ്യൽക്കാരൻ വാസു എന്ന കഥാപാത്രം, എന്റെ മൃത്തജ്യേഷ്ഠനെ മാർമ്മിപ്പിക്കുന്നു. തയ്യൽക്കാരൻ വാസു, തന്റെ കുടുംബത്തിലെ അച്ചാണിയായിരുന്നു. എന്റെ മൃത്തജ്യേഷ്ഠനും ഞങ്ങളുടെ കുടുംബത്തിന്റെ അച്ചാണിയായിരുന്നു. അച്ചാണിയെന്ന നാടകം കണ്ടപ്പോൾ അതിലെ മൂന്നുനാലു രംഗങ്ങൾ എന്നെ പ്രത്യേകമായി ആകർഷിച്ചു. ഒരു നിമിഷം എന്നെ വികാരധീനനാക്കുകയും കോരിത്തരിപ്പിക്കുകയും ചെയ്തു. അച്ചാണി എന്ന ചിത്രം ഞാൻ എന്റെ മൃത്ത ജ്യേഷ്ഠനുവേണ്ടി, സ്നേഹനിധിയായിരുന്ന ആ വലിയ മനുഷ്യനുവേണ്ടി സമർപ്പിക്കുന്നു.

സങ്കീർണ്ണമായ ജീവിതത്തിലെ അസാധാരണപ്രമുള്ള ചില മുഹൂർത്തങ്ങളാണ് അച്ചാണിയിലുൾക്കൊള്ളിച്ചിരിക്കുന്നതു്. കടമയും കർത്തവ്യവും കെട്ടുവിണ ബന്ധങ്ങളും സൃഷ്ടിക്കുന്ന നിർഗ്ഗുണികളിൽ കിടന്നു പുളയുന്ന സാധാരണക്കാരുടെ കഥ. എന്റെ മാനസികചലനങ്ങൾക്ക് ആക്കവും ഊക്കവും വർദ്ധിപ്പിക്കുന്ന അച്ചാണിയോടു് എനിക്കു പറഞ്ഞറിയിക്കാനാവാത്ത ഒരു വൈകാരികബന്ധമുണ്ട്. എന്റെ വിശ്വാസങ്ങളുടേയും, എന്റെ വികാരങ്ങളുടേയും ഒരത്താണിയാണ് എന്റെ അച്ചാണി.

ജൂലൈ പന്ത്രണ്ടിന് അച്ചാണി ഭാവനാസമ്പന്നരായ നിങ്ങളെത്തേടിയെത്തും.

(ശേഷം 69-ൽ)

രവി
(ജനറൽ പിക്ച്ചേഴ്സ്)

വമ്പിച്ച ഉത്ഘാടനമഹാമഹം!

മലയാളചലച്ചിത്രവേദിക്ക് പുതുമകൾനിറഞ്ഞ ഒരു കലോപഹാരം. ലേഡീസ്ഹോസ്റ്റലുകളിൽ നടക്കുന്ന സംഭവബഹുലവും രസാവഹവുമായ ജീവിതാനുഭവങ്ങളുടെ സുന്ദരചിത്രീകരണം!! കേരളത്തിലെ പ്രമുഖകേന്ദ്രങ്ങളിൽ

പ്രദർശനമാരംഭിക്കുന്നു:

നസീർ, ഉമ്മർ, വിൻസെന്റ്, ഭാസി, ബഹദൂർ, മുത്തയ്യ, ജയഭാരതി, സുജാത, സാധന, രാധാമണി, മീനാ, ഖദീജാ

★ തുടങ്ങിയ പ്രമുഖതാരങ്ങൾ ഒന്നിച്ചണിനിരക്കുന്നു ★

ഗൃഹലക്ഷ്മി നോവൽ

മഴക്കാറ്

ഒരു സ്ത്രീ—മാലതി—വിവാഹിതയായി. അവളുടെ ഭർത്താവ്—പ്രഭാകരൻ—അവളെ അകമഴിഞ്ഞു സ്നേഹിച്ചു. ദിവസങ്ങൾ, മാസങ്ങൾ, ആണ്ടുകൾ—കാലം നീങ്ങി. മാലതി ഗർഭവതിയായില്ല. പ്രസവിച്ചില്ല. അവരുടെ കുടുംബജീവിതത്തിന്റെ പ്രശാന്തത ശ്മശാനമൂകതമാതിരി നിർജ്ജീവമായി. ഇണ്ടു കുഞ്ഞിക്കാലുകളുടെ ചലനത്തിന്നായി ആ വീടു ദാഹിച്ചു. മുററത്തെ പുഷ്പങ്ങൾ, കുഞ്ഞിളംപ്രഭാതങ്ങൾ, സൗന്ദര്യത്തികവുററ സായംസന്ധ്യകൾ—ഒക്കെ കുഞ്ഞിക്കാലുകളുടെ ഉറയ്ക്കാത്ത നിത്യചലനം കാത്തുകാത്തിരുന്നു. മാലതിയുടെ മനസ്സിൽ ആഗ്രഹത്തിന്റെ ചില്ലുവാളികകൾ തകർന്നുവീണു. പ്രഭാകരന്റെ ഹൃദയത്തിൽ നിരാശതയുടെ നീർമുകിൽക്കാറുകൾ നിഴലുകൾ വിരിച്ചു. ആ നിഴലുകളുടെ നീലിമ ഒരു വിഷംതാതിരി അയാളെ പൊതിഞ്ഞപ്പോൾ അയാൾ മറെറാരാളായി മാറി. മാലതിയുടെ ഉൾചില്ലും അയാൾ മാററാരാളായി. അവളോടുണ്ടായിരുന്ന അനുരാഗത്തിന്നു കോട്ടം വന്നതുപോലെ തോന്നിയപ്പോൾ അവൾ—ഹതാശ—അല്ലലിന്റെ താഴ്വരയെ ലലഞ്ഞു.

ആരോ അങ്ങളിച്ചെയ്ത അന്ധവിശ്വാസജഡിലമായ ആരാധനാമാർഗ്ഗങ്ങളിലേക്ക് അവൾ തിരിഞ്ഞു. നേർച്ചകൾ, നേർച്ചകൾ, കാഴ്ചകൾ—അവരുടെ ജീ

അന്ധവിശ്വാസങ്ങൾക്കെതിരെ ഒരു താക്കീതു്

വിതം അമ്പലങ്ങളുടെ ചുററുവട്ടങ്ങളിൽ ആരെയോ തിരഞ്ഞുനടന്നു. ആരെയാണ് അവർ തിരഞ്ഞതു്? ഒടുവിൽ ആചാരങ്ങളുടെ കാർമുകിൽക്കീറുകളുടെ കാനിനിഴലിൽ നിന്നുകണ്ടു്, അർത്ഥശൂന്യവും ക്രൂരവുമായ ഒരു തീരുമാനം എടുക്കേണ്ടി വന്നു, അവർക്കു്. ആ തീരുമാനമാണ്

"മഴക്കാറിൽ" ദേവി, മധു

വരൻ അപ്രത്യക്ഷനായി

കാരണം; പൊന്തിയ പല്ലുകൾ;
പൊന്തിയ പല്ലുകളെ താഴ്ത്തികൊടുക്കുന്നു;
സമയം — 6 മാസം; സന്ദർശനം — മാസത്തിൽ ഒരിക്കൽ;
ചാർജ്ജ്—100 രൂപ;

അറിയിക്കുക—

പുള്ളോലിക്കൽ ഇലക്ട്രോ
എക്സ്റേ ഡൻറൽ ക്ളിനിക്ക്
സുൽത്താൻപേട്ട; പാലക്കാട്—1;

നിങ്ങൾ വായിച്ചിട്ടുണ്ടോ? ★ ചിത്രങ്ങളടങ്ങിയ ശാസ്ത്രഗ്രന്ഥങ്ങൾ!

1. മദനലീലകൾ! പൂർണ്ണചിത്രഗ്രന്ഥം. മൈഥുനികാവയവങ്ങളുടെ പ്രവർത്തനം, വിവിധസംയോഗരീതികൾ മുതലായവ. വില 7 00
2. രാസരസം! മധുവിധു, ആനന്ദലഹരിയുള്ളതാക്കാൻ സ്വീകരിക്കേണ്ട സംയോഗരീതികൾ, രഹസ്യങ്ങൾ, ചിത്രങ്ങൾസഹിതം. വില 6 00
3. മദനസാമ്രാജ്യത്തിലെ രതിവികൃതികൾ! വമ്പന്മാരുടേയും, കൊലകൊമ്പന്മാരുടേയും ലൈംഗികവികൃതികളുടെ സമാഹാരം. വില 6 00
4. സെക്സ്അറ്റ്ലസ്! സ്ത്രീപുരുഷലൈംഗികാവയവങ്ങൾ, മൈഥുനരീതികൾ, ഫാമിലിപ്ലാനിംഗ് etc. ചിത്രഗ്രന്ഥം. വില 5 00
5. സ്ത്രീപുരുഷശരീരശാസ്ത്രം! ലൈംഗികാവയവങ്ങളുടെ വളർച്ച, പ്രവർത്തനം, സംഭോഗരീതികൾ, ചിത്രഗ്രന്ഥം. വില 5 00
6. രാസക്രീഡ! രതിമാഹാത്മ്യം, ഉത്തമസംയോഗനിലകൾ, കാമലീലകൾ, എല്ലാം ചിത്രങ്ങൾ സഹിതം. വില 4 00
7. കാമശാസ്ത്രം! വാൽസ്യായനൻ മുതൽ ഹാവ്ലോക് എല്ലിസ് വരെ നിർദ്ദേശിച്ചിട്ടുള്ള കാമലീലകൾ. ചിത്രഗ്രന്ഥം. വില 4 00
8. സ്ത്രീകളും പ്രസവരഹസ്യവും! ഗർഭോല്പാദനം മുതൽ പ്രസവം വരെയുള്ള രഹസ്യങ്ങൾ—ചിത്രഗ്രന്ഥം. വില 3 00
9. ഹണിമൂൺ! (രതിലീലകൾ) വിവാഹിതരാകാൻപോകുന്നവർ അറിഞ്ഞിരിക്കേണ്ട കാമലീലാരഹസ്യങ്ങൾ, ചിത്രഗ്രന്ഥം. വില 3 00
10. വിവാഹജീവിതവും സംയോഗരീതികളും! മന്ദമറിയാൻപാടില്ലാത്തവർ ഈ ചിത്രഗ്രന്ഥം വായിച്ചാൽ മതിയാകും. വില 2 00
11. കല്യാണരാത്രിയിലെ കാമലീലകൾ! എന്നുമെന്നും ദാമ്പത്യജീവിതം പുതുമയുള്ളതാക്കാൻ ഈ ചിത്രഗ്രന്ഥം വായിക്കുക. വില 2 00
12. ശീഘ്രസ്ഖലനവും നിവാരണമാർഗ്ഗങ്ങളും! വില 1 00

വി. പി. ചെലവു പുറമേ, കാറ്റലോഗ് സൗജന്യം.

F. P. A. I., Thariannagar (VIA) Thiruvalla, H. M. S. Kerala.

ക്രൂരവും ഭയാനകവുമായ ദുരന്തത്തിലേക്ക ശാന്ത എന്ന നിഷ്കളങ്കയായ പെൺകുട്ടിയെ ഉന്തിത്തള്ളിവിട്ടു.

നിലാവിനെക്കാണ്ട് വിടാതെ നില്ക്കുന്ന മുല്ലമൊട്ടുമാതിരി നിഷ്കളങ്കയായ ശാന്ത ചെച്ചക്കുവേണ്ടി സ്വയം മറന്നുകൊണ്ട്, സ്വയം തകർത്തുകൊണ്ട് ഒരു നിത്യദുഃഖം ആവാൻ തയ്യാറായി. ആ തീരുമാനം വലിയൊരു വഴിത്തിരിവായിരുന്നുവെന്നും ആ വഴിത്തിരിവ് അനിവാര്യമായ ദുരന്തത്തിലേക്ക നയിക്കുന്നുവെന്നും അറിഞ്ഞിരുന്നെങ്കിൽപ്പോലും അവൾ ആ പാത നിരാകരിക്കുമായിരുന്നില്ല. കാരണം, ഒരു കരിങ്കല്ല് കടിശാണെന്നറിഞ്ഞുകൊണ്ടുതന്നെ പേറുകയായിരുന്നു അവൾ.

അന്ധമായ ധാരണപ്പിശകുകൾക്ക് കടുവിൽ കഴിഞ്ഞതു് ഒണ്ടുന്ന മനുഷ്യമനസ്സുകളെ നിതാന്തദുരന്തത്തിൽ ആഴ്ത്തുവാനാണ്.

ശാസ്ത്രീയവിജ്ഞാനത്തിന്റെ ദിവ്യപ്രകാശം അവരുടെ ഇരുട്ടിലേയ്ക്ക കടന്നുവന്നപ്പോഴേക്കും വൈകിപ്പോയിരുന്നു. വെളിച്ചം കണ്ടു സന്തോഷിക്കാൻ ആർക്കും കഴിഞ്ഞില്ല. കാരണം ഇരുട്ട് അവരെ അധീനത്തിലാക്കിയിരുന്നു. ഇരുട്ട് അവരിൽനിന്ന് അവരുടെ കാഴ്ചശക്തി എടുത്തുകളഞ്ഞിരുന്നു. ഇരുട്ട് അവരെ ഒരു പുതിയ ദുഃഖത്തിന്നിരകളാക്കിയിരുന്നു.

ശാന്തയുടെ ദുരന്തം, ശാന്തയുടെ ത്യാഗം ശാന്തയുടെ ദുഃഖം— അതു മാലിനിയുടെയും പ്രഭാകരന്റെയും പ്രേക്ഷകന്റെയും നിതാന്തദുഃഖത്തിലേക്ക വഴിതെളിക്കുന്നേടത്തു മഴക്കാറു വീഴുന്നു.

മഴക്കാറ് നൂതന ഇന്ത്യൻ ഫിലിംസിന്റെ മൂന്നാമത്തെ ചിത്രമാണ്. എസ്. കെ. നായർ, പി. എൻ മേനോൻ, ജി. വിവേകാനന്ദൻ, തോപ്പിൽ ഭാസി, വയലാർ, ഭേവരാജൻ, കുമാരമാൻ അശോക് കുമാർ, എഡിററർ രവി തുടങ്ങിയവർ മഴക്കാറിനു പിന്നിൽ പ്രവർത്തിക്കുന്നു. മധു, ശോഭന, ദേവി, രാഘവൻ, കൊട്ടാരക്കര, അടൂർ ഭവാനി, ലളിത തുടങ്ങിയവർ മുന്നണിയിലും,

മഴക്കാറ് അടുത്തുതന്നെ റിലീസ് ചെയ്യപ്പെടുന്നു.

—0—

സാഹിത്യവാരഫലം

സാഹിത്യവാരഫലം ഈ ലക്കത്തിൽ ചേർക്കാൻ കഴിഞ്ഞിട്ടില്ല. വായനക്കാർ ക്ഷമിക്കണമെന്നപേക്ഷ. അടുത്ത ലക്കംമുതൽ സാഹിത്യവാരഫലം തുടർന്നു പ്രസിദ്ധീകരിക്കുന്നതാണ്.

—പത്രാധിപർ

അടിയറവ്

(12-ൽനിന്നും തുടർച്ച)

"ഞാൻ ശ്രീരാമം. ഞാൻ വരയ്ക്കും. ഞാൻ വലിയ ചിത്രകാരനാവും."

"അങ്ങനെയാണ് ആൺകുട്ടികൾ."

പൊട്ടുന്നതെ മുറിയിൽ, ചമസിന്റെ പുക, പൊട്ടിച്ചിരികളിൽ ഉലയുന്നു. സുഹൃത്തുക്കൾ അന്യോന്യം കെട്ടിപ്പുണരുന്നു. ചുംബിക്കുന്നു.

ഇരുമുഖ്സിംഗ് അലറുന്നു: "നാം രാജകുമാരന്മാർ." പുറത്ത് കുട്ടാനിൽ ഞെട്ടുന്നു. കുട്ടാനിലിലെ പഴയ കെട്ടിടങ്ങൾ ഒരു നൂക്ക വന്ത ചെന്നമാതിരി കുലുങ്ങുന്നു.

പൊട്ടുന്നതെ റെക്കോർഡ്പ്ളേയറിൽ നിന്ന് ഒഹ്ദ മെനുഹിൻ ഇറങ്ങിവരുന്നു. മനസ്സുകൾ സംഗീതമായി മാറുന്നു.

(തുടരും)

—0—

അച്ചാണി

(65-ൽനിന്നും തുടർച്ച)

ന്നു. ഈ ചിത്രം മലയാളചലച്ചിത്രവേദിയിൽ എന്തു സ്ഥാനം നേടും എന്നെന്നിക്കു നിശ്ചയമില്ല. പ്രേക്ഷകഹൃദയങ്ങളിൽ നിത്യസ്മരണയുടെ ഇതളുകൾ വിരിയിക്കുമോ എന്നെന്നിക്കു പറയാനും ഇപ്പോൾ കഴിയില്ല. കാഴ്ചക്കാരുടെ വികാരങ്ങളെ, വിശ്വാസങ്ങളെ അച്ചാണിയിലെ മുഹൂർത്തങ്ങൾ എങ്ങിനെ ഉൾക്കൊള്ളുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. എന്റെ നാമമത്തെ ചിത്രം ജീവിതപ്രശ്നങ്ങളിന്ന് നിങ്ങൾ കാണുക. വിധിയെഴുതുക. നിങ്ങളുടെ വിധിയെഴുത്താണല്ലോ ഒരു ചലച്ചിത്രത്തിന്റെ തലയിലെഴുത്ത്.

—0—

(3-ൻെറ തുടർച്ച)

കൂടിയാണ്. അദ്ദേഹം അരിച്ചിട്ടിരിക്കുന്നു. ലേഖനത്തിൻെറ ഉദ്ദേശ്യമിതാണോ.

ലേഖനത്തിൻെറ മുഴുവൻ ഭാഗങ്ങളും സായിബാബ എന്ന വ്യക്തിയെ (ദൈവത്തിനെ) ഇടിച്ചുകാണിക്കാനല്ലാതെ, അദ്ദേഹത്തെക്കാണ് (സായിബാബ) സമൂഹത്തിനു വല്ല ഗുണങ്ങളുണ്ടായിട്ടുണ്ടോ എന്നോ, അദ്ദേഹം നമ്മുടെ സമൂഹത്തിന് എന്തുമാത്രം ദോഷമാണ് ഏതോ വ്യക്തമാക്കാൻ ഉപന്യാസകാരൻ മിനക്കെട്ടിട്ടില്ല. ഒരു പത്രറിപ്പോർട്ടല്ലാതെ ഒരു പന്യാസത്തിൻെറ ആഴവും പരപ്പും ഈ ലേഖനത്തിന്നില്ല. ബാക്കിയുള്ള ലേഖനങ്ങൾ കാത്തിരിക്കുന്നു.

—എം. സി. പത്മനാഭൻ,
ആലിപ്പറമ്പ്.

കസ്റ്റംസ്കാരെ എങ്ങിനെ കളിപ്പിച്ചു

യാതൊരു കാണിക്കയും സ്വീകരിക്കാത്ത ഈ സിദ്ധന്ന് പുട്ടപർത്തിയിലെ ആശ്രമത്തിലും, വി. വി. ഗിരി ഉൽഘാടനം ചെയ്ത "ശ്രീ സത്യസായി ആർട്ട് സ് ആൻഡ് സയിൻസ് കോളേജും" നടത്താൻ ചിലവിനാവശ്യമായ പണം എവിടെനിന്ന് ലഭിച്ചു? ബാംഗളൂരിൽ ബാബയ്ക്ക് കൊട്ടാരസദൃശമായ ഒരു ബംഗ്ളാവുണ്ട് അതെങ്ങനെ ലഭിച്ചു?—ഭക്തജനങ്ങൾക്ക് സമ്മാനമായി നൽകാറുള്ള വിലകൂടിയ വിദേശവാച്ചും മററും കസ്ററംസുകാരെ കളിപ്പിച്ചു് എങ്ങിനെ കൈക്കലാക്കി? ഇങ്ങനെ ഉത്തരം കിട്ടാത്ത അനേകം ചോദ്യങ്ങൾ!

—വി. വി. മോഹൻകുമാർ
ചെമ്പുക്കാവ്, തൃശ്ശൂർ.

ഞങ്ങളെ സായിഭക്തന്മാരാക്കാനുള്ള ശ്രമമോ?

ശ്രീ: വി. കെ മാധവൻകുട്ടി തൻെറ ചർച്ചാലേഖനത്തിലിങ്ങനെ പറഞ്ഞു. "ബാബ പാറക്കഷ്ണത്തെ അപ്പമാക്കിയില്ല! രത്നക്കല്ലിനെ വീഞ്ഞാക്കിയില്ല." എന്ന്. 'ഇതുകൊണ്ടെന്താണ്' ലേഖകൻ ഉദ്ദേശിക്കുന്നത്? അതുപോലെ ലേഖനത്തിൻെറ മററൊരു ഭാഗത്തു പറഞ്ഞിരിക്കുന്നു. "അദ്ദേഹത്തിങ്കൽ വിമാനപകടം ഒഴിവാക്കിയെന്നും, ഹൃദയസ്തംഭനം ഒഴിവാക്കിയെന്നും." ഇതിനുശേഷം ലോകത്തിൽ പല പ്രധാനപ്പെട്ട വിമാനപകടങ്ങളും, പലർക്കും ഹൃദയസ്തംഭനവും ഉണ്ടായിട്ടുണ്ട്. ഇതിൽ ലോകത്തിന് ആവശ്യമായിരുന്ന പല മഹത്വ്യക്തികളും നഷ്ടപ്പെട്ടിട്ടും ഇതൊന്നും ഭഗവാൻ നേരത്തെ ദർശിച്ചിരുന്നില്ലേ? സായിബാബയെ വിശ്വസിക്കുന്നവർ വിശ്വസിക്കട്ടെ, ലേഖനത്തിൽക്കൂടെ സായിബാബ, ഭക്തന്മാരാക്കാൻ ശ്രമിക്കുന്നതു പരിതാപകരമാണ്.

—ഗ്രേസ്ററിൻ, ചവറ.

സ്വിസ്വാച്ചും ബാബയും തമ്മിൽ എന്തുബന്ധം?

"ശൂന്യതയിൽനിന്ന് ഒന്നും സൃഷ്ടിക്കുക സാദ്ധ്യമല്ല. ഉള്ളതിന്ന് അവസ്ഥാന്തരപ്രാപ്തിയല്ലാതെ നിർമ്മൂലനാശം ഭവിക്കുകയുമില്ല." — ഇതാണ് മഹത്തായ സയൻസിൻെറ മൂലതത്വം.

ശ്രീ സത്യസായിബാബ, ശൂന്യതയിൽനിന്ന് ആവാഹിച്ചെടുക്കുന്ന എല്ലാ വസ്തുക്കളും തന്നിൽ അടക്കം നിക്ഷേപിക്കുന്നവയാണ്. (ആവാഹിച്ചെടുക്കുന്ന വസ്തുക്കളുടെ രൂപം വളരെ ചെറുതാണെന്നു പ്രത്യേകം ശ്രദ്ധിക്കുക.) Swiss നിർമ്മിതമായ Rolex watch-ഉം ദിവ്യനായ ഭഗവാനും തമ്മിലുള്ള ബന്ധം എന്താണെന്നു മനസ്സിലാകുന്നില്ല.

സ്വർഗ്ഗത്തിലേയോ, നരകത്തിലേയോ വിചിത്രവസ്തുക്കൾ ശൂന്യതയിൽനിന്ന് പ്രത്യക്ഷപ്പെടുത്തിയതായി ഇതുവരെ ഒരു റിപ്പോർട്ടും ലഭിച്ചിട്ടില്ല. ചന്ദ്രനിലെ ശിലയോ, ആർട്ടിക്കിലേയോ അൻറാർട്ടിക്കിലേയോ ഒരു സസ്യമോ ദിവ്യനായ ഈ വ്യക്തിക്ക് ഇതുവരെ ആവാഹിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല, കഴിയുകയുമില്ല.

—കെ. കെ. ജനാർദ്ദനൻ,
ബോംബെ-19

—0—

'73 ജൂലൈ 12 മുതൽ
കേരളത്തിലെ പ്രമുഖകേന്ദ്രങ്ങളിൽ
പ്രദർശനം ആരംഭിക്കുന്നു.....

ജനറൽ പിക്ച്ചേഴ്സിൻെറ

അച്ചാണി



താരങ്ങൾ: നസീർ, നന്ദിതാബോസ്, സുധീർ, സുജാത, വിൻസൻറ്, കൊട്ടാരക്കര, ഭാസി, ബഹദൂർ, ശങ്കരാടി, മീന, ശ്രീലത, മാസ്റ്റർ സത്യജിത് etc.

രവി വിൻസൻറ്

തോപ്പിൽഭാസി പി. ഭാസ്കരൻ ദേവരാജൻ

പ്രതാപ് റിലീസ്

തലയില്ലാത്ത മനുഷ്യൻ—18 —സോമനാഥൻ